

# ഭിത്തിൽക്കണ്ണി

ST. MARY'S COLLEGE
PUTHANANGADI



# Supporting You all the way...

# MBA

**FINANCE**
**MARKETING**
**HUMAN RESOURCE**

## FACILITIES

- A/C CLASS ROOMS
- SPACIOUS LECTURE HALLS
- LIBRARY
- COMPUTER LAB
- CONFERENCE HALL
- LANGUAGE LAB
- INDUSTRIAL VISIT (NATIONAL AND INTERNATIONAL)
- WIFI FACILITY
- OUTDOOR SPORTS FACILITY
- HOSTEL FACILITY
- CANTEEN FACILITY
- PLACEMENT CELL
- FREE LAPTOP / TAB

**Eligibility: Any Degree (Above 50% Marks) + CAT/MAT/CMAT/KMAT (Kerala)**

### We provide the following additional programmes :

- Virtual News Room
- Outbound Training
- Link-in-to Management
- Campus Outreach Programme
- Industry Interaction Series
- State-of-art Pedagogies
- Entrepreneur Development Programme
- Corporate grooming sequencer

Monti International Institute of Management Studies (MIIMS) is exclusively set apart for the management course. It is managed by the Society of the Sons of the Immaculate Conception of India. MIIMS' motto is to Amaze, to Inspire and to Achieve. Dynamic expertise inspires the students with exuberance and prepares them to achieve the desired goal. The MBA program at MIIMS is a life-transforming experience. It provides the students with knowledge and skills. By which, students are equipped with qualities that will globally broaden their appreciation for how the World works. We provide the most rewarding experiences to the students both professionally and personally.

For more details contact:

**9061 258 555, 8606 258 555**



MIIMS

**MONTI INTERNATIONAL**
**INSTITUTE OF MANAGEMENT STUDIES**

Approved by AICTE, New Delhi; Affiliated to University of Calicut

P.O. PUTHANANGADI, Angadippuram (Via), Malappuram Dt.
Ph: 04933 258 556, 258 656, 9061 258 555, 8606 258 555
E-mail: montiinstitute@gmail.com www.montiinstitute.com

*Amaze. Inspire. Achieve.*

~~2015-16~~
2016

# ST. MARY'S COLLEGE


**Run by the Congregation of the Sons of the Immaculate Conception(CFIC)**

**(Affiliated to University of Calicut)**

**PUTHANANGADI**

P.O. Puthanangadi, Angadippuram Via, Pin - 679 321
Malappuram Dt., Kerala, India
Tel: 04933 - 258704, 9562 5850 33
Mob: 9562 5850 22
e-mail: info@stmaryscollege.info
www.stmaryscollege.info

Founder of the Sons of the
Immaculate Concetption ( CFIC )



**Blessed Luigi Maria Monti**

ഇതൊരു മാഗസിനല്ല.
പിന്നെ,
അക്ഷരങ്ങൾ വാരിക്കൂട്ടിയെടുത്ത്,
നിഴലും നിലാവും, ജീവിതവുമിഴചേർത്ത്,
തേച്ചുമിനുക്കിയ കുറച്ച് ഓർമകളാണിത്.
വേർപിരിയലിന്റെ നൊമ്പരം പേറുന്ന ശിഷ്ടകാലത്തിന്
ചികഞ്ഞെടുക്കാനുതകുന്ന കുറച്ച് ഓർമകൾ.
വീണ്ടും കണ്ടുമുട്ടുന്നതുവരെ
കാത്തിരിപ്പിന്റെ മധുരം നിറഞ്ഞ വേദന നിലനിർത്താൻപോന്ന,
അക്ഷരങ്ങളാൽ തീർത്ത ഹൃദയബന്ധങ്ങൾ,
നരകമെന്ന് വിളിച്ചവരെ സ്വർഗീയാനുഭൂതിയിലേക്കുയർത്തിയ
സെന്റ് മേരീസ് കലാലയം,
ഈ സൃഷ്ടികളിലൂടെ ആത്മപ്രകാശനം നടത്തുന്നു.
സ്രഷ്ടാക്കളുടെ നശ്വരതയിലും, സൃഷ്ടികൾ അനശ്വരമാക്കുന്നു.
അനശ്വരതയുടെ സംഗീതം ഇവിടെ ആരംഭിക്കുന്നു.



Superior General of CFIC



**Very Rev .Fr. Michele Perniola**

Provincial Superior of CFIC ( India )



**Fr. Michael Palackathadathil CFIC**

Our Beloved principal



**Fr. Binu Peediyeckal CFIC**

Our Beloved Manager




**Fr. Manoj Vettamthadathil CFIC**

Our Beloved Administrator



**Fr. Joy Vadakkan CFIC**

വാക്കുകൾ ജീവിതത്തോളം വലുതാകുന്നു.
അല്ലെങ്കിൽ
ജീവിതം അക്ഷരങ്ങളോളം ചെറുതാകുന്നു.
എന്നാൽ ഈ അക്ഷരങ്ങൾ പേറുന്ന അർത്ഥങ്ങൾ
ഈ പുസ്തകത്തിലൊതുങ്ങുന്നില്ല.
അവ, പുറത്തുചാടാൻ വെമ്പൽകൊള്ളുന്നു.
അർത്ഥങ്ങൾ ഒരു വാക്കിലൊതുങ്ങാതാകുമ്പോൾ
അവ പ്രതിബിംബങ്ങളുടെ രൂപം പ്രാപിക്കുന്നു.
കാലത്തിൽനിന്നും, അനുഭവങ്ങളിൽ നിന്നും, കരുത്തൂറ്റുന്ന
ഒരു യുവതലമുറയുടെ ആത്മാവിഷ്കാരത്തിന്
ഇതുതന്നെ പേര്.

## " ഇത്തിൾകണ്ണി "

കലാലയമാകുന്ന അക്ഷയഖനിയിൽനിന്നും
നേടിയെടുക്കുക ഇത്തിൾകണ്ണിയെപ്പോലെ,
ഈ താളുകളിലേക്കും വേരുകൾ പടർത്തുക,
ഈ വരികളുടെ ഇടയിൽ
നിങ്ങൾക്കും ഒരിടം കണ്ടെത്തുക......



**ചീഫ് എഡിറ്റർ**
ഫാ:ബിനു പീടിയേക്കൽ

**സ്റ്റാഫ് എഡിറ്റർ**
മുഹമ്മദ് ഷഹീർ

**സ്റ്റുഡന്റ് എഡിറ്റർ**
ഗോകുൽ.കെ.ടി

**ക്രിയേറ്റീവ് സപ്പോർട്ട്**
ലീലാ വിജയൻ
സരസ്വതി
ഷമീർ.ടി
അജിത്ത്
അർച്ചന

**ബോർഡ് മെമ്പേഴ്സ്**
സൽമാൻ.ഇ.കെ
അക്ഷയ് പ്രകാശ്.ഇ.കെ
സഹൽ
ആതിര
തുളസി
ശ്രുതി

**ഫിനാൻസ് കൺട്രോളർ**
ഫാ.ജോയി വടക്കൻ
രാജു .പി. എസ്

**ഇലുസ്ട്രേഷൻസ് & കവർ പേജ് പെയിന്റിംഗ്**
സൽമാൻ.ഇ.കെ

**ടൈറ്റിൽസ്**
മുഹമ്മദ്മുഹ്സിൻ

**ഫോട്ടോഗ്രഫി**
ഫോട്ടോലാന്റ് സ്റ്റുഡിയോ പുത്തനങ്ങാടി

**കവർ ഡിസൈൻ**
ജയിൻ പുത്തനങ്ങാടി

**ലേ ഔട്ട്**
SNOWY
master designs

www.stmaryscollege.info/magazine

www.facebook.com/stmarysputhanangadi




## സമർപ്പണം

പ്രത്യാശയിലേക്ക് കൈപിടിച്ചുയർത്തിയ ചിന്തകളുടെ അധിപന്
മഹാകാലത്തിലേക്ക് മറഞ്ഞ വാക്കുകളുടെ ഉടയോന്,
മനുഷ്യത്വം ലോകമനസാക്ഷിക്ക് കടംകൊടുത്ത നൗഷാദിന്,
ചെറുകഥകളാൽ വലിയലോകം വരച്ച അക്ബർ കക്കട്ടിലിന്,
രാജ്യസ്നേഹം നിണത്താൽ കുറിച്ചുവച്ച നിരഞ്ജനന്,
ബാല്യം ബാക്കിയാക്കി മടങ്ങിയ ഐലാൻ കുർദിക്ക്,
അമർജവാനിൽ ജ്വലിക്കുന്ന ദീപനാളങ്ങൾക്ക്,
പിന്നെ,
ഈ സ്വപ്നഭൂമിയിൽ കൊതിതീരാതെ
ജീവിച്ച് മരിച്ച എല്ലാ സഹൃദയർക്കും.




ഖലാസി എന്ന ഇതിഹാസം
O2 Cylinders
ചെത്ത് ലാത്ത്
തുറന്നെഴുത്ത്
അർബുദം: 9-14 മാർച്ച്
ഭൂതകാലത്തിലേക്ക് സഞ്ചരിക്കുക സാധ്യമാണോ?
മൂന്നര
ബലി
ദിവ്യ പ്രണയം
പല്ലി


അയാളുടെ കോടാലി
അവന്റെ വേരുകളിലാഴ്ന്നിറങ്ങി.
അവന്റെ നിലവിളി അനന്തതയിൽ
വിലയം പ്രാപിച്ചു.
അവനെ പ്രകൃതിയേറ്റെടുത്തു.
പിന്നെ, അയാളുടെ ഊഴമായിരുന്നു.
ആ നിലവിളി, ആരും കേട്ടില്ല.
BUY NOW

നിലയ്ക്കാതെ പെയ്ത പേമാരിക്കൊടുവിൽ
ജലമിറങ്ങിത്തുടങ്ങിയ ഭൂമിക്കുമേലെ
ജീവന്റെ തുടിപ്പ്......
തളിരുപൊട്ടിയ മണ്ണിന്റെ ഇളംമാറിൽ
ആദ്യപാദമൂന്നി വീണ്ടും പിറവിയുടെ
ഈറൻ ചുവപ്പ്.....
കാലങ്ങളുടെ ഗതിഭേദങ്ങൾക്ക് അനുസൃതമായി
അവൻ നടന്നു....
മനുഷൻ !
കാമനകളുടെ വർഷപാദങ്ങളിൽ ഒഴുകിയ പുഴകളും
ശിരസുയർത്തിനിന്ന ഗർവ്വിന്റെ മലകളും
കാൽച്ചുവട്ടിലൂടെ ഒലിച്ചുപോകുന്നതറിയാതെ....





Nikhila .M.K
IV[th] Sem Eco




# പുഴ എവിടെ?

2050 പിറന്ന ദിവസം
കുട്ടിക്ക് സ്പെഷൽ ക്ലാസായിരുന്നു
ഒരു പെൻഡ്രൈവ് നിറയെ
ഹോം വർക്കുമായാണ് അവൾ തിരികെ വന്നത്
ലാപ്ടോപ് ബെഡ്റൂമിൽ വച്ചവൾ
കിച്ചണിലേക്ക് നടന്നു.
പുതിയതായി ചാർജ്ജെടുത്ത എന്തിരൻ
കിച്ചണിൽ വിറ്റാമിൻ ഗുളികകൾ റെഡിയാക്കുന്ന
തിരക്കിലായിരുന്നു.
അതിനാൽ അന്ന് ഹോംവർക്ക് തനിയെ
ചെയ്തു തീർക്കാൻ അവൾ തീരുമാനിച്ചു.
പെൻഡ്രൈവിൽ ഓർഡറാക്കി വച്ച കൊസ്റ്റ്യൻസ്
അവൾ നോക്കി
ആദ്യം ഹിസ്റ്ററിയാണ്
പുഴയെ കുറിച്ച് ഒരു എസ്സേ എഴുതണം
പുഴ എന്നാൽ എന്തെന്നറിയാതെ
അവൾ കുറേ ആലോചിച്ചു
രക്തക്കുഴൽ വൃത്തിയാക്കി കൊണ്ടിരുന്ന ഡാഡിയും
മിനറൽസ് കയറ്റികൊണ്ടിരുന്ന മമ്മിയും കൈമലർത്തി.
ഇന്റർനെറ്റിലും വിശദാംശങ്ങൾ കുറവ്
യന്ത്ര പാറ്റകൾ പാറിപറന്ന രാവിൽ
അവൾ തന്റെ ഇ പേജിൽ
ഉള്ളതുകൊണ്ട് ഓണം ആഘോഷിച്ചു
പുഴ വർഷങ്ങൾക്ക് മുമ്പ്
ഭൂമിയിൽ ജലസ്രോതസ്സായും
പിന്നീട് കുപ്പതൊട്ടിയായും
ശേഷം മരുഭൂമിയായും പരിണമിച്ചു.



Sunanda .T
IVth Sem Eng Pvt

# അവൾ

പുല്ലിനെ തൊട്ടുണർത്തുന്ന തെന്നൽ പോലെ
പൂക്കളെ ഓമനിക്കുന്ന വണ്ടിനെ പോലെ
പുസ്തകതാളിലെ മയിൽപ്പീലി തുണ്ടുപോലെ
എന്റെ ഓർമ്മയിൽ അവൾ നിറഞ്ഞുനിൽക്കുന്നു.
കൈവെള്ളയിൽ ഒതുക്കി പിടിച്ച
മഞ്ചാടിക്കുരുവും വളപ്പൊട്ടുകളും
പാതി കടിച്ചുവെച്ചപച്ചമാങ്ങ കഷ്ണവും
അവൾക്കുവേണ്ടി കരുതിവെച്ചു.
സമ്മാനപൊതി തുറക്കുമ്പോഴും
വേനൽമഴയിൽ കുതിർന്ന
മണ്ണിന്റെ സുഗന്ധം ആസ്വദിക്കുവാനും
ഇടവഴിയിലൂടെ ഒരു കുടക്കീഴിൽ
ഒന്നിച്ചു നടക്കാനും അവൾ
എന്റെ നിഴലിനൊപ്പം ചേർന്നു.
കണ്ണാരം പൊത്തികളിക്കാനും അമ്പലക്കുളത്തിൽ
നീന്തിത്തുടിക്കാനും, അവൾ തന്നെയായിരുന്നു കൂട്ട്
ജീവിതമെന്ന പുസ്തകതാളുകൾ
കാറ്റിന്റെ കൊഞ്ചലിൽ മറഞ്ഞുപോകുമ്പോൾ
അവളും എന്നിൽ നിന്നും മറഞ്ഞിരുന്നു
എനിക്കെത്താവുന്നതിലും ദൂരെ..................






Vishnu. O.P
IV[th] Sem Eng


**Don't Worry! അത്ര Critical ഒന്നുമില്ല. You know, ഇതാർക്കും സംഭവിക്കാവുന്നതാണ്. Please don't let your confidence down. കുറച്ചുകാലത്തേക്ക് അടിച്ചു പൊളിക്കലൊന്നും വേണ്ട Next Week check-up -ന് വരണം.**



# മൂന്നര

ഹോ! എന്തൊരു തണുപ്പ് ! മേലാസകലം മരവിച്ചിരിക്കുന്നപോലെ. ട്രാക്കിനടുത്തുള്ള പോസ്റ്റിലെ അരണ്ട വെളിച്ചം എന്റെയടുക്കലേക്ക് വെറുതെ എത്തിനോക്കി. അടുത്തെങ്ങും ഒരു കുഞ്ഞിനെപ്പോലും കാണുന്നില്ല. മൂന്നരയ്ക്കുള്ള പാസഞ്ചർ പോയിട്ട് അധികനേരമായിട്ടില്ല. അതിൽ കയറാൻ മനസനുവദിച്ചില്ല. വീട്ടിൽ നിന്നിറങ്ങുമ്പോൾ എന്തൊക്കെയാ കണക്കു കൂട്ടിയിരുന്നത്..! ഇപ്പോൾ ഇതാ ഈ റെയിൽവേ ട്രാക്കിൽ തണുത്തു മരവിച്ചിരിക്കുന്നു.

എന്റെ പേര് ഞാൻ നിങ്ങളോട് പറയില്ല (ഞാൻ നിങ്ങളിൽ ഒരാളാണ്) ഞാനൊരു അനാഥനൊന്നുമല്ല. പക്ഷെ, എല്ലാവരും ചുറ്റുമുണ്ടായിട്ടും ഒറ്റപ്പെട്ടു പോകുന്ന അവസ്ഥ നിങ്ങൾക്കു മനസ്സിലാവില്ല. വീടിന്റെ ചുറ്റുപാടിൽ നിന്നും ഒന്ന് മാറിനിൽക്കാൻ ഞാൻ ഒരുപാട് ആഗ്രഹിച്ചിരുന്നു. ബി.ടെക് കഴിഞ്ഞ് ബാഗ്ലൂർ ഇൻഫോസിസിൽ ജോലി കിട്ടിയപ്പോൾ പുതിയ മേച്ചിൽപുറങ്ങൾ നേടാൻ മനസ് വെമ്പൽ കൊള്ളുകയായിരുന്നു. സ്വാതന്ത്ര്യത്തിന്റെ ലഹരി. . . ! അതെന്നെ വല്ലാതെ ആവേശം കൊള്ളിച്ചു. മൂന്ന് വർഷങ്ങൾ. . ! ശരിക്കുമൊരു പൂമ്പാറ്റയെപ്പോലെ പറക്കുകയായിരുന്നു. ശരിതെറ്റുകൾ മറന്നുകൊണ്ടുള്ള യാത്ര. ജീവിതത്തിന്റെ ലഹരിയിൽ എന്നെത്തന്നെ ഞാൻ മറന്നു.






ലീവിനു നാട്ടിൽ വന്നപ്പോൾ ചെറുതായി പനിച്ചുതുടങ്ങിയിരുന്നു. അമ്മയുടെ നിർബന്ധത്തിനു വഴങ്ങിയാണ് ഡോക്ടറെ കണ്ടത്. ബ്ലഡ് ടെസ്റ്റിന്റെ റിസൽട്ടുമായി വന്ന നഴ്സിന്റെ മുഖത്ത് സഹതാപമാണോ പരിഹാസമാണോ എന്ന് പറയാൻ വയ്യാത്ത ഒരു ഭാവമായിരുന്നു. റിസൽട്ട് നോക്കിയ ഡോക്ടറും മുഖം ചുളിച്ചു.

Don't Worry! അത്ര Critical ഒന്നുമല്ല. You know, ഇതാർക്കും സംഭവിക്കാവുന്നതാണ്. Please don't let your confidence down. കുറച്ചുകാലത്തേക്ക് അടിച്ചുപൊളിക്കലൊന്നും വേണ്ട Next Week check-up -ന് വരണം.

ഡോക്ടറുടെ വാക്ക് എന്നെ അസ്വസ്ഥനാക്കി. ആ Result വാങ്ങുമ്പോൾ കൈകൾ വിറച്ചിരുന്നു. ഒന്നേ നോക്കിയുള്ളൂ. കണ്ണുകൾ താനേ അടയുന്നപോലെ. ശരീരം തളർന്ന് ഞാൻ വീണുപോവുമോ എന്നുപോലും കരുതി. കസേരയിൽ നിന്ന് എഴുന്നേറ്റ് പതുക്കെ പുറത്തേക്ക് നടന്നു. ഉള്ളംകയ്യിൽ മുറുകെപിടിച്ച ആ കടലാസുകഷ്ണത്തിലെ വടിവൊത്ത അക്ഷരങ്ങൾ എന്നെനോക്കി ചിരിക്കുന്നപോലെ തോന്നി. ഒന്നു കരയാൻ പോലും എനിക്ക് കഴിഞ്ഞില്ല. എന്റെ കുത്തഴിഞ്ഞ ജീവിതം എനിക്കുതന്ന സമ്മാനം. ആരോടും പരാതിയില്ല. (എന്റെ വിധി എന്റെ തീരുമാനങ്ങളായിരുന്നു). ഇനി സമൂഹത്തിൽ ഒരു സാധാരണ വ്യക്തിയായി ജിവിക്കാൻ എനിക്ക് കഴിയില്ല. ഒരു മാനുഷിക പരിഗണനപോലും കിട്ടില്ലെന്നറിയാം. ഈ നാറിയ സമൂഹത്തിന്റെ സഹതാപവും പരിഹാസവും ഏറ്റുവാങ്ങുന്നതിലും ഭേദം. . . . . .

ഹെ! എന്തൊക്കെയായി ചിന്തിച്ചുകൂട്ടുന്നത്? കഴിഞ്ഞ കാര്യങ്ങളാലോചിച്ച് മനസ് വിഷമിപ്പിച്ചിട്ട് ഒരു കാര്യവുമില്ല. എത്രയും പെട്ടെന്ന് ഈ നാട്ടീന്ന് പോണം. അടുത്ത വണ്ടി എപ്പോഴാണാവോ?

ഹൊ! എന്തൊരു തണുപ്പ് !!

******

ചെക്കൻ കാട്ട്യ പണി! ഓന് വേറൊരു സ്ഥലോം കണ്ടില്ല ചാവാന്. മൂന്നരേന്റെ വണ്ടിക്ക് തലവച്ചതായിരിക്കും.

ആർക്ക് പോയി.? ഓന്റെ തന്തയ്ക്കും തള്ളക്കും

തലയറ്റ് വികൃതമായി റെയിൽപാളത്തിൽ കിടക്കുന്ന ആ ശരീരത്തിനടുത്തേക്ക് ആൾകൂട്ടം എത്തിത്തുടങ്ങുന്നതേയുണ്ടായിരുന്നുള്ളൂ. ചോരക്കറ വീണ് നിശ്ചലമായ ആ റിസ്റ്റ് വാച്ചിൽ സമയം മൂന്നരയായിരുന്നു.



Jenila. U
2nd Sem B.com A

# ജരാനരകൾ ബാധിച്ച ശരീരം

കാലത്തിൻ തിരശ്ശീലയ്ക്കു പിന്നിൽ
മൺ മറഞ്ഞുപോയ ഓർമ്മകൾ മാത്രമാണിന്നെൻകൂട്ട്
തിരിയുന്ന കാലചക്രം എൻ ശരീരത്തിലേൽപ്പിച്ച ജരാനരകൾ
എന്നെ അന്ധകാരത്തിൽ വലിച്ചെറിഞ്ഞു
ഇന്നു ഞാനോർക്കുന്നു എൻ ഹൃത്തിൽ പതിഞ്ഞ ആ വസന്തകാലങ്ങൾ

ഒളിമങ്ങാത്ത ആ ബാല്യമോ–
ആരും കൊതിക്കുന്ന തിരിച്ചുകിട്ടാത്ത സ്വപ്നം മാത്രമായി
കുസൃതിയും വികൃതിയും മാത്രമായ് മാറിയ
എൻ ബാല്യം അതെത്ര സുന്ദരം
പുസ്തകത്താളുകൾക്കിടയിൽ സൂക്ഷിച്ച ആലിലയും
മഷിത്തണ്ടിൻ  കണ്ണുനീർ പതിഞ്ഞ സ്ലെയ്റ്റും
വികൃതിക്ക് സമ്മാനമായി ലഭിച്ച ചൂരൽ കഷായവും
ഹോ!ഇന്നോർക്കുമ്പോൾ അതെത്ര വിസ്മയം.



അന്ത്യമായ ബാല്യത്തിൽ ഉടലെടുത്ത കൗമാരം
സൗഹൃദക്കോട്ടകൾ പണിതുകൊണ്ടേയിരുന്നു.
അതിനിടയിൽ വിരിഞ്ഞൊരാ പ്രണയ ലോകവും
ഇന്ന് സ്മരണകൾ മാത്രമായി........

ജീവിതമെന്തെന്ന് എന്നെ  പഠിപ്പിച്ച യൗവനം
പിന്നീട് ജരാനരകൾ ബാധിച്ച ശേഷം
പുത്തൻപണക്കൊഴുപ്പ് കൈവെടിഞ്ഞ
അനാഥനാണിന്നു ഞാൻ
ഇന്നെനിക്കാശ്രയം ഈ സദനം
രക്തബന്ധങ്ങളോ സൗഹൃദങ്ങളോ ഒന്നും ഇന്നില്ല
അവയെല്ലാം  അന്യമായ് തീർന്നിടുന്നു.
വസന്തകാലങ്ങളെ  നെഞ്ചിലേറ്റിയ ഈ
ശരീരം ഇനിയെത്ര ദൂരം യാത്രചെയ്യും ........



Sreelakshmi
IV[th] Sem Eco

# ഇനിയും എത്താത്ത മഴത്തുള്ളി

എൻ ഹൃദയത്തിൽ ഒരു മഴത്തുള്ളി
ഇറ്റു വീണിരുന്നെങ്കിൽ
അതിലെൻ നൊമ്പരങ്ങൾ
അലിഞ്ഞു തീർന്നേനെ
ഒരു നനുത്ത സുഖമായ് അത് മാറിയേനെ
എൻ കണ്ണിമകളിൽ ഒരു മഴത്തുള്ളി
ഒന്ന് തഴുകി പോയെങ്കിൽ
ഒത്തിരി സ്നേഹത്തിൻ പൊൻവെളിച്ചം
എൻ കണ്ണുകൾക്ക് ഒരു നോക്ക്
കാണാൻ കഴിഞ്ഞേനെ....
കരിഞ്ഞുണങ്ങിയ ജീവിതചില്ലയിൽ
കാത്തിരിക്കുന്നു ഞാൻ വേഴാമ്പലായ്
കാലം നൽകുന്ന വേനൽ ചൂടിൽ
കേഴുന്നു ഞാൻ....ഒരിറ്റു ജലത്തിനായ്
നീറുന്നു എൻ ഹൃദയം
നോവുന്നു എൻ ശരീരം യാതനയാൽ
ഒരു നനുത്ത സ്നേഹത്താൽ
നീ ദിനവും എൻ അരികിൽ എത്തിയെങ്കിൽ
എന്തേ നീ മടിക്കുന്നു പിന്നേയും
ഒന്നു മൊഴിയാൻ
തിന്മ തൻ കിരണങ്ങൾ നിന്നിലും തട്ടി-
കടന്നു പോയോ..........
കനൽ നിഴലാടും ഭൂമി തൻ ഹൃത്തിൽ
കനിവായ് നീ ഒന്നു വന്നിടുമോ
കനലായ് തിളയ്ക്കുന്ന മാനവ ഹൃദയത്തിൽ
ഒരു കണമായ് പെയ്തൊഴിയുമോ നീ
നീ ഇനിയും എന്തേ മടിക്കുന്നു........
ഒന്നിങ്ങു വന്നു പെയ്തീടുവാൻ





Vygith. K.V
VI th Sem Phy



**നിങ്ങൾക്ക് നിങ്ങളുടെ ഭൂതകാലത്തിലേക്ക് കടന്നുചെന്ന് ക്രൂരനായ നിങ്ങളുടെ സഹപാഠിയോട് പ്രതികാരം ചെയ്യാൻ സാധിക്കുമോ?**

# ഭൂതകാലത്തിലേക്ക് സഞ്ചരിക്കുക സാധ്യമാണോ?

സമയം കടന്നുപോകുന്തോറും വർത്തമാനകാലത്തിന്റെ ഏറ്റവും അടുത്ത് നിലകൊള്ളുന്ന അനിശ്ചിതഭാവിയിലെ സംഭവങ്ങളോരോന്നായി നടക്കുന്നത് നാം കാണുന്നു. സംഭവങ്ങൾ നടക്കുമ്പോൾ അത് വർത്തമാന കാലവും അതു നടന്നുകഴിയുമ്പോൾ സംഭവങ്ങൾ ഭൂതകാലമായി മാറുകയും ചെയ്യുന്നു.

ഭൂതകാലത്തിലേക്കുള്ള യാത്ര അനിവാര്യമാണോ?

ഒരു മുഖവുരയായി പറഞ്ഞുകൊള്ളട്ടെ, പ്രകാശവേഗത(3,00,000 കി. മീ/സെക്കന്റ്) യേക്കാൾ കൂടുതൽ വേഗതയിൽ സഞ്ചരിച്ചാൽ മാത്രമെ കാലം നമ്മെ പിന്നോട്ടു സഞ്ചരിക്കാൻ അനുവദിക്കൂ. ഭൗതിക ലോകത്തിലെ നിയമങ്ങൾ മനുഷ്യനെ ഭൂതകാലത്തിലേക്ക് സഞ്ചരിക്കാൻ അനുവദിക്കുമെന്ന് തോന്നുന്നില്ല. കാരണം, വർത്തമാനകാലത്തിൽ ജീവിക്കുന്നവർ അവരുടെ ഭൂതകാലത്തിലേക്ക് മടങ്ങിയ ചരിത്രം ഇല്ല. എങ്കിലും ഒരുസാധ്യത നിലനിൽക്കുന്നുണ്ട്.

നിങ്ങൾക്ക് നിങ്ങളുടെ ഭൂതകാലത്തിലേക്ക് കടന്നുചെന്ന് ക്രൂരനായ നിങ്ങളുടെ സഹപാഠിയോട് പ്രതികാരം ചെയ്യാൻ സാധിക്കുമോ?

എന്തോ ഒരു കുഴപ്പം തോന്നുന്നു. നടന്നുകഴിഞ്ഞ സംഭവങ്ങളിലേക്ക് എങ്ങനെ എത്തിച്ചേരാം? ഒരു സാധ്യതയുണ്ട് നാം എങ്ങനെയാണ് ഒരു വസ്തുവിനെ കാണുന്നത്.പ്രകാശം ഒരു വസ്തുവിൽ തട്ടി, പ്രതിഫലിച്ച് നമ്മുടെ കണ്ണിൽ തട്ടുമ്പോഴാണ് നാം ഒരു വസ്തുവിനെ കാണുന്നത്. സൂര്യപ്രകാശം ഭൂമിയിൽ എത്തുന്നത് എട്ട് മിനിട്ടും 20 സെക്കന്റും സഞ്ചരിച്ചാണ്. അതായത് സൂര്യപ്രകാശം നമ്മുടെ കണ്ണിൽ തട്ടി പ്രതിഫലിക്കാൻ എട്ട് മിനിട്ടും 20 സെക്കന്റും ആവശ്യമാണ്. അതിനാൽ നാം നിരീക്ഷിച്ച് കൊണ്ടിരിക്കുന്ന സൂര്യൻ എട്ട് മിനിട്ടും 20 സെക്കന്റും മുൻപുള്ള സൂര്യനാണ്. ഭൂമിയിൽ നിന്നും വളരെ ദൂരെയുള്ള ഒരു നിരീക്ഷകൻ കാണുന്നത് ഭൂമിയിലെ ഭൂതകാലമായിരിക്കും.ഒരു പ്രകാശവർഷമെന്നാൽ പ്രകാശം ഒരു വർഷം സഞ്ചരിക്കുന്ന ദൂരമാണ്. ഭൂമിയുടെ അടുത്തുള്ള നക്ഷത്രമായ ആൽഫാസെന്റോറി, ഭൂമിയിൽ നിന്നും 4,5 പ്രകാശവർഷം അകലെയാണ്.



നമുക്ക് പ്രകാശവേഗതയേക്കാൾ വേഗതയിൽ സഞ്ചരിക്കാൻ സാധ്യമായിരുന്നുവെങ്കിൽ നമുക്ക് നമ്മുടെ ഭൂതകാലം തന്നെ ദൃശ്യമാകുമായിരുന്നു. പ്രകാശം നമ്മിൽ തട്ടി സഞ്ചരിക്കുന്ന വേഗതയേക്കാൾ കൂടുതൽ വേഗതയിൽ നാം സഞ്ചരിച്ചാൽ, നമ്മിൽ തട്ടി സഞ്ചരിക്കുന്ന ആ പ്രകാശത്തെ വീണ്ടും നമ്മുടെ കണ്ണുകളിൽ പതിപ്പിക്കാനാകും. അങ്ങനെയെങ്കിൽ, നമുക്ക് നമ്മുടെ തൊട്ടടുത്തുള്ള അവസ്ഥ കാണാമായിരുന്നു. നമ്മുടെ ഭൂതകാലത്തിലേക്കും ഭാവി കാലത്തിലേക്കും ഉള്ള യാത്ര പ്രകാശ വേഗതയോടുള്ള ആപേക്ഷികതയുടെ അടിസ്ഥാനത്തിലാണ് നിർവചിക്കപ്പെട്ടിട്ടുള്ളത്.

ഐൻസ്റ്റീന്റെ വിശിഷ്ട ആപേക്ഷിക സിദ്ധാന്തം (special theory of relativity) റഫറൻസ് ഫ്രേയ്മുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഒരു റഫറൻസ് ഫ്രെയിം എന്നാൽ ഇപ്പോൾ നിരീക്ഷകൻ നിൽക്കുന്ന ഇടം എന്നർത്ഥം. ഒരുവൻ നിൽക്കുന്ന ഇടം ഭൂമിയിൽ നിശ്ചലമാണെന്നു തോന്നാം. പ്രപഞ്ചത്തിൽ പൂർണ്ണമായും നിശ്ചലമായൊരു ഇടമില്ല. ചലനം പ്രപഞ്ചത്തിൽ എല്ലായിടത്തും സംഭവിക്കുന്ന ഒന്നാണ്. മനുഷ്യൻ ചലനാവസ്ഥയിലാണ്. ഭൂമിയും സൂര്യനും ഗാലക്സിയും ചലിക്കുന്നു. ഭൂമി അതിന്റെ അച്ചുതണ്ടിൽ നക്ഷത്രങ്ങൾക്ക് ആപേക്ഷികമായി മണിക്കൂറിൽ 1600 കി. മീ വേഗതയിൽ ചലിക്കുന്നു. സൂര്യനു ചുറ്റുമുള്ള ഭ്രമണപഥത്തിൽ ഭൂമി ചലിക്കുന്നത് മണിക്കൂറിൽ ഒരു ലക്ഷം കി മി വേഗതയിലാണ്. സൗരയൂഥം വെഗാ (vega) എന്ന നക്ഷത്രത്തിന്റെ അടുത്തേക്ക് സെക്കന്റിൽ 19 കി മീ വേഗതയിൽ സഞ്ചരിക്കുന്നു. നമ്മുടെ ഗാലക്സി സ്വയം കറങ്ങുന്നതു കൂടാതെ ആൻഡ്രോമീഡ എന്ന അയൽ ഗാലക്സിയുടെ സമീപത്തേക്ക് സെക്കന്റിൽ 80 കി മീ വേഗതയിൽ ചലിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ പ്രപഞ്ചത്തിൽ നിശ്ചലമായ ഒരു ഇടം കണ്ടെത്തുക സാധ്യമല്ല.

ഒരു മനുഷ്യന്റെ ഹൃദയമിടുപ്പിന്റെ നിരക്ക് കുറക്കുവാൻ സാധിക്കുമോ? ഒരുവൻ പ്രകാശവേഗതയോടടുത്ത് സഞ്ചരിക്കുമ്പോൾ സഞ്ചരിക്കുന്ന ആളുടെ ഹൃദയമിടുപ്പിന്റെ നിരക്ക് കുറയുന്നു. ഒരു ശരാശരി മനുഷ്യന്റെ ഹൃദയമിടിപ്പ് ഒരു മിനിറ്റിൽ 72 ആണ്. പക്ഷെ പ്രകാശവേഗതയോടടുത്തു സഞ്ചരിക്കുമ്പോൾ അവന്റെ ഹൃദയമിടുപ്പിന്റെ നിരക്ക് കുറയുന്നതുകൊണ്ട് തന്നെ അവന് 72 തവണ ഹൃദയമിടിക്കാൻ ഒരുപാട് സമയം വേണ്ടി വരുന്നു. അതായത് ഭൂമിയിൽ നിൽക്കുന്ന ആളുടെ ഒരു മിനിറ്റ് തികയാൻ പ്രകാശവേഗതയോടടുത്ത് സഞ്ചരിക്കുന്ന ആൾക്ക് ഒരുപാട് സമയം വേണ്ടി വരുന്നു. അതിനാൽ തന്നെ പ്രകാശ വേഗതയോടടുത്ത് സഞ്ചരിക്കുന്ന ആളുടെ ഒരു മിനിറ്റും ഒരു മണിക്കൂറും ഒരു ദിവസവും ഒരു വർഷവും കടന്നുപോകാൻ ഭൂമിയിൽ നിൽക്കുന്ന ആളെ അപേക്ഷിച്ച് വളരെ അധികം സമയം വേണ്ടി വരും. ഓരോ വർഷം കഴിയുമ്പോഴും ഓരോ വയസ്സ് വീതം കൂടുന്നതിനാൽ പ്രകാശവേഗതയോടടുത്ത് സഞ്ചരിക്കുന്ന ആളുടെ പ്രായം വളരെ പതിയെയാണ് കടന്നുപോകുന്നത്. ചുരുക്കത്തിൽ പറഞ്ഞാൽ പ്രകാശവേഗതയോടടുത്ത് (0.9996c) സഞ്ചരിക്കുന്ന ആളിന് ഒരു വർഷം കടന്നുപോകുമ്പോൾ അതേ സമയം ഭൂമിയിൽ നിൽക്കുന്ന ആളിന് 22 വയസും 7 മാസവും കടന്നു പോയിരിക്കും. പ്രകാശവേഗതയോടടുത്ത് സഞ്ചരിക്കുന്നതിന് ടെക്നോളജിയുടെ വികാസം അനിവാര്യമാണ്. വിമാനത്തിലൂടെ അതിവേഗം സഞ്ചരിക്കുമ്പോൾ കാലം കടന്നുപോകുന്നതിൽ ചെറിയവ്യത്യാസം ഉണ്ടാകും. ആറ്റോമിക ക്ലോക്ക് ഉപയോഗിച്ച് നടത്തിയ പരീക്ഷണത്തിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

**ഒരു പരീക്ഷണമായാലോ . . . .?**

ഓടുന്ന ബസ്സിന്റെ ഉള്ളിലിരുന്ന് ഒരാൾ ഒരു ബോൾ മുകളിലേക്കെറിഞ്ഞ് തിരികെ കൈയ്യിൽ പിടിക്കുന്നു. ഇത് നിരീക്ഷിക്കുന്ന നിരീക്ഷകൻ ചലിക്കാതെ റോഡരികിൽ നിൽക്കുന്നു. നിരീക്ഷകനെ സംബന്ധിച്ചിടത്തോളം ആ ബോൾ സഞ്ചരിക്കുന്നത് ഒരു പാരാബോളിക് ഷെയ്പിലായിരിക്കും. എന്നാൽ ചലിച്ചുകൊണ്ടിരിക്കുന്ന ആ ബസ്സിൽ നിന്നും ഈ പരീക്ഷണം നിരീക്ഷിക്കുന്ന നിരീക്ഷകന് ബോൾ Vertical direction-നിൽ ചലിച്ച് താഴേക്ക് വരുന്നതായി അനുഭവപ്പെടുന്നു. അതായത്, ബസ്സിനകത്തും ബസ്സിനുപുറത്തും നിരീക്ഷകൻ ഒരു ക്ലോക്ക് (Stop Watch) ഉപയോഗിച്ച് ആ ബോൾ സഞ്ചരിച്ച ദൂരത്തിനുള്ള സമയം ഒരേ സമയം അളക്കുകയാണെങ്കിൽ ബസ്സിന് പുറത്ത് നിൽക്കുന്ന നിരീക്ഷകന്റെ ക്ലോക്ക് കൂടുതൽ സമയം Read ചെയ്യും. അതായത്, സമയം എന്നത് വേഗതയുടെ ആപേക്ഷികതയുടെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ പ്രകാശവേഗതയോടടുത്ത് സഞ്ചരിക്കുന്ന ആളുടെ ഒരു വർഷം ഭൂമിയിൽ നിൽക്കുന്ന ആൾക്ക് ഒരുപാടു വർഷങ്ങളായി അനുഭവപ്പെടും.

പ്രപഞ്ചത്തിന്റെ സാധ്യമായ എല്ലാ ചരിത്രങ്ങളുടെയും ആകെതുകയാണ് നമ്മുക്കറിയാവുന്ന പ്രപഞ്ചത്തിന്റെ ചരിത്രം. പ്രപഞ്ചത്തിന്റെ തന്നെ ഭാഗമായ മനുഷ്യനാണ് പ്രപഞ്ചോൽപത്തിയെക്കുറിച്ചും അതിന്റെ പരിണാമത്തെക്കുറിച്ചും നിഗമനങ്ങളിൽ എത്തിച്ചേർന്നത്. അതുകൊണ്ടുതന്നെ മനുഷ്യൻ ചിന്തിക്കുന്ന എല്ലാ തുടക്കങ്ങൾക്കും ഒടുക്കങ്ങൾക്കും പ്രപഞ്ചത്തിൽ സ്ഥാനമുണ്ട്.



Shihabudeen .T
IVth Sem MA. Eng



# YOU WANNA BELIEVE?

Oh! the vastness, the greatness of my home,
Full of dazzling stars, lightning smiles.
The bluish, the reddish, the greenish,
The oceans, the skies, the vallies.

In vacuum you created it,
from the unseen to being discovered
you gave them, to see, to hear, to respond,
but the reason, only to us where you limited it.

yes, I can question you, for I'm not a newbie
I can object you, for I know your world,
on my system screen; as our proud.
I can turned out millions against you.

Don't you know that we'll use it against you?
It's my duty to pass and face you.
Through my veins I can feel you,
I'll try, I'll try, but how long...





Namitha Das .V.K
2nd Sem BCA

# Joy of Eyre

I come from the mountain,
Making sounds, I flow down
with a lot of noise

I flow between the ridges,
through forests, aside bridges.
At last I flow through a little dale,
Making curves

And flow among  the rocks.
they need me in their fellow plots.
flowers and leaves blush
with my obtuse flow
I make stones soft and hue

Again and again
with happiness of flow.
And slips into the ocean.





Sreerag .M.K
2nd Sem Phy




# പെരുകുന്ന വൃദ്ധസദനങ്ങൾ സംസ്കാരിക കേരളത്തിന് അപമാനം

കുടുംബജീവിതത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. വ്യവസ്ഥാപിതമായ കുടുംബസംവിധാനം ശക്തമായി നിലനിൽക്കുന്നു എന്നതാണ് ഇന്ത്യയുടെ കരുത്തിന്റെ മുഖ്യാഘടകങ്ങളിൽ ഒന്ന്. വ്യക്തികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുമ്പോഴും കുടുംബം അവർക്കുമേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ജീവിതസംവിധാനമാണ് ഇവിടെയുള്ളത്. അത് അച്ചടക്കമാർന്ന ജീവിതത്തിന് അടിത്തറ പാകുന്ന ഒന്നാണ്. കുടുംബ ബന്ധങ്ങൾക്കകത്ത് കാത്തുസൂക്ഷിക്കപ്പെടേണ്ട മൂല്യങ്ങൾ ഭാരതത്തിന്റെ സാന്മാർഗിക ജീവിതത്തിന് ചെയ്യുന്ന സംഭാവനകൾ വളരെ വലുതാണ്. പരമ്പരാഗതമായ സ്വത്തവകാശം ഓരോ വ്യക്തിയുടെയും സാമ്പത്തിക സുരക്ഷിതത്വത്തിന് നല്കുന്ന അടിത്തറ വിലപ്പെട്ടതാണ്. വിവാഹം, ദാമ്പത്യജീവിതം, കുട്ടികളുടെ അവകാശ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ഘടകങ്ങളിലും കുടുംബവ്യവസ്ഥ വളരെയധികം അനുഗ്രഹം പകരുന്നുണ്ട്. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിലും ഇന്ത്യൻ കുടുംബവ്യവസ്ഥയ്ക്ക് നിർണ്ണായക പങ്കുണ്ട്. ഇന്ത്യയിൽ വൃദ്ധജനസംരക്ഷണം കുടുംബങ്ങളുടെ അനിവാര്യമായ നിലയ്ക്ക് നിർണ്ണായക പങ്കുണ്ട്. ഇന്ത്യയിൽ വൃദ്ധജനസംരക്ഷണം കുടുംബങ്ങളുടെ അനിവാര്യമായ ചുമതലകളിൽ ഒന്നാണ്. പല വികസിത രാജ്യങ്ങളിലും അത് രാഷ്ട്രത്തിന്റെ ചുമതലയാണ്. ഇന്ത്യയിൽ ഇത് സംജാതമായിട്ടില്ല. പക്ഷേ, മാറിവരുന്ന ജീവിതസാഹചര്യങ്ങൾ വൃദ്ധജനസംരക്ഷണദൗത്യത്തിൽ നിന്ന് കുടുംബങ്ങളെ അകറ്റുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. ഇത് ഇന്ത്യൻ വാർധക്യ ജീവിതത്തെ ആശങ്കാകുലമായിട്ടുണ്ട്.

കുടുംബത്തിന്റെ സുപ്രധാനഗുണം അതിനുള്ളിലെ പരസ്പരാശ്രിതത്വമാണ്. പരസ്പരാശ്രിതത്വം ഏറ്റവും അനിവാര്യമായ കാലഘട്ടമാണ് വാർധക്യം. കാരണം വാർധക്യം നഷ്ടങ്ങളുടെ കാലമാണ്. തൊഴിൽ നഷ്ടമാകുന്ന കാലഘട്ടം, വരുമാന മാർഗ്ഗങ്ങൾ നഷ്ടമാകുന്ന കാലഘട്ടം, സ്വന്തം സമ്പാദ്യങ്ങൾ മക്കൾക്കായി വീതിച്ചു കൊടുക്കുന്ന കാലഘട്ടം, ആരോഗ്യകാലഘട്ടം, സ്വതന്ത്ര്യമായ സഞ്ചാര ചലനസ്വാന്ത്ര്യം നഷ്ടപ്പെടുന്ന കാലഘട്ടം, തുടങ്ങി കാഴ്ചയും പ്രതീക്ഷകളും വരെ നഷ്ടമാകുന്ന കാലഘട്ടമാണ് ഇത്. ഈ നഷ്ടബോധങ്ങൾ പകരുന്ന ദുഃഖമാണ് വാർദ്ധ്യക്യത്തിന്റെ സ്ഥായിയായ വികാരം. എന്നാൽ ഇതറിയാതെ കാരണവരായി കുടുംബത്തിലെ അനന്തരതലമുറയുടെ സ്നേഹപരിഗണനകൾ ഏറ്റുവാങ്ങി കഴിയാനുള്ള സൗഭാഗ്യം ഇന്ത്യയിലെ വൃദ്ധജനങ്ങൾക്കുണ്ടായിരുന്നു. ഈ സൗഭാഗ്യത്തിന്റെ ഭൂമികയിലാണ് ഇന്ന് വിള്ളൽ വീണിരിക്കുന്നത്.

മെച്ചപ്പെട്ട ആരോഗ്യ ചികിത്സാസംവിധാനങ്ങൾ ഇന്ന് ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നു. അറുപത് വയസ്സിന് മേൽ പ്രായമുള്ളവരെയാണല്ലോ നാം വൃദ്ധരായി കണക്കാക്കുന്നത്. ഇന്നാകട്ടെ അതൊരു വലിയ പ്രായമല്ല. 80-വയസ്സുവരെ വളരെ ആരോഗ്യത്തോടെ ജീവിക്കാനുള്ള സാഹചര്യങ്ങളാണ് ഇന്നിവിടെയുള്ളത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ റിട്ടയർമെന്റിനു ശേഷം ചുരുങ്ങിയത് 25 വർഷത്തെയങ്കിലും ജീവിതം ഇന്ന് സാധ്യമാണ്. ഈ വസ്തുതകൾ വൃദ്ധജനങ്ങളുടെ എണ്ണം അനുദിനം കൂടിവരുന്നു എന്നതാണല്ലോ സൂചിപ്പിക്കുന്നത്.

**ചുരുക്കത്തിൽ
കുഞ്ചൻനമ്പ്യാർ പാടിയതുപോലെ -
വൃദ്ധന്മാരൊരു കൂട്ടം നിറഞ്ഞു ഭൂതലത്തിൽ
തന്നിൽ- എന്ന അവസ്ഥയിലേക്കാണ് നാം
നീങ്ങിക്കൊണ്ടിരിക്കുന്നത്.**

2001 -ലെ ജനസംഖ്യാകണക്കെടുപ്പ് പ്രകാരം ഇന്ത്യയിലെ 7.5%പേരും കേരളത്തിലെ ജനസംഖ്യയിൽ 10.5 % പേരും വൃദ്ധ രായിരുന്നു. 2011 -ൽ വൃദ്ധരുടെ എണ്ണം കേരളത്തിൽ 15-7% ആകുമെന്നും അഖിലേന്ത്യാതലത്തിൽ 10% ആകുമെന്നുമാണ് കണക്ക്.

ചുരുക്കത്തിൽ കുഞ്ചൻനമ്പ്യാർ പാടിയതുപോലെ -വൃദ്ധന്മാരൊരു കൂട്ടം നിറഞ്ഞു ഭൂതലത്തിൽ തന്നിൽ- എന്ന അവസ്ഥയിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. അതു നല്ലത് തന്നെ. പക്ഷേ വാർദ്ധക്യത്തിന് ഇന്ന് ലഭിക്കുന്ന ജീവിത സൗകര്യങ്ങളുടെ അവസ്ഥ വളരെ ദയനീയമാണ്. നമുക്ക് അതിന്റെ കണക്കുകൾ നോക്കാം.

സംസ്ഥാന ആരോഗ്യവകുപ്പിന് വേണ്ടി കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പഠനം വ്യക്തമാക്കുന്ന ചില വസ്തുതകൾ ഇവയാണ്. കേരളത്തിലെ വൃദ്ധരിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ. വിധവകാളായ വൃദ്ധകളാണ് ഇതിൽ 36% പേരും. എന്നാൽ വിഭാര്യരായ വൃദ്ധന്മാർ 15% മാത്രം. ഇത് വാർദ്ധ്യക്യത്തിന്റെ ദൈന്യതകളും ഏകാന്തതയും ഏറ്റവുമധികം സ്ത്രീകളാണെന്ന് സൂചിപ്പിക്കുന്നു. വൃദ്ധരിൽ 60% പേർ കുടുംബത്തിൽ മക്കളോടൊപ്പം ജീവിക്കുന്നവരാണ്. 25% പേർ നിരാലംബരാണ്. ബാക്കിയുള്ളവർക്ക് ഭാഗികമായി മാത്രമെ ആശ്രയമുള്ളു. സാമ്പത്തിക സ്ഥിതിയോക്കുറിച്ചുള്ള സർവ്വേയുടെ വെളിപ്പെടുത്തലുകളാണ് ഇതിലേറെ ദയനീയം. 16% വൃദ്ധന്മാർ കടുത്ത ദാരിദ്ര്യത്തിലാണ്. 34 % പേർ ഗൗരവമായ ആരോഗ്യപ്രശ്നമുള്ളവരാണ്. 13% പേർ എല്ലാം മക്കൾക്ക് നൽകിയവരാണ്. കേരളത്തിലെ വൃദ്ധരിൽ 39% നു മാത്രമെ പെൻഷൻ, വാടക, ഷെയർ തുടങ്ങി ഏതെങ്കിലും സ്ഥിരവരുമാനമുള്ളു. ബാക്കി 61% പേരും വരുമാനമില്ലാത്തവരാണ്.



ഈ കണക്കുകൾ സൂചിപ്പിക്കുന്നത്, സാമ്പത്തിക കാര്യങ്ങളും ഇതരഭൗതിക കാര്യങ്ങളിലും മറ്റുള്ളവരെ ആശ്രയിക്കാതെ കഴിയാൻ കേരളത്തിലെ വൃദ്ധർക്ക് ആകില്ല എന്നതാണ്. എന്നാൽ അത് നൽകാൻ നമുക്ക് കഴിയുന്നുണ്ടോ....? ഇല്ല എന്നതാണ് വാസ്തവം.

കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ തന്നെ ഇന്ന് 75 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന മറ്റ് 153 വൃദ്ധസദനങ്ങളുണ്ട്. ഇതിനു പുറമെ സ്വകാര്യമേഖലയിലും നിരവധി വൃദ്ധസദനങ്ങൾ മുളച്ചുപൊന്തിക്കൊണ്ടിരിക്കുന്നു. ഭാര്യയും ഭർത്താവും ജോലി ചെയ്യുന്ന അണുകുടുംബങ്ങളിൽ ചെറിയ ഫ്ളാറ്റുകൾ വൃദ്ധജനസംരക്ഷണം അസാധ്യമായിരിക്കുന്നു എന്നതാണ് പലരുടെയും വാദം. എന്നാൽ തങ്ങൾക്കും ഇതേ വാർദ്ധക്യാവസ്ഥ ഉണ്ടാകും എന്ന് മനസ്സിലാക്കുകയും വൃദ്ധരുടെ മാനസികാവസ്ഥ ഉൾക്കൊള്ളുകയും ചെയ്യുന്നവരാരും വൃദ്ധജനങ്ങളുടെ സംരക്ഷത്തിൽ നിന്നും വിട്ടു മാറി നിൽക്കാൻ പോന്ന അഭിപ്രായങ്ങൾ പറയില്ല. വാർദ്ധക്യത്തെ യൗവനംപോലെ ആസ്വദിക്കാനുതകുന്ന നമ്മുടെ സംസ്ക്കാരത്തെ നിലനിർത്തേണ്ട ചുമതല ആധുനികത ജീവിതസാഹചര്യം എത്ര കണ്ട് മാറിയാലും നമ്മൾ കൈവിട്ടു കളയരുത്.

ഇന്ത്യൻ കുടുംബ ജീവിത സംവിധാനത്തിന്റെ അപചയമാണ് വൃദ്ധസദനം എന്ന് നാം പലപ്പോഴും ചിന്തിക്കാറുണ്ട്. എന്നിരുന്നാലും സമകാലിക സമ്പദ്ഘടനയുടെ ഭാഗമായി കുടുംബത്തിന്റെ വരുമാന രീതികളിൽ വന്ന മാറ്റങ്ങൾ, കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തേയും സ്വാധീനിച്ചിട്ടുണ്ട്. ഔദ്യോഗിക ഉത്തരവാദിത്തം വിട്ടെറിഞ്ഞ് അച്ഛനമ്മമാരുടെയും പ്രായമായവരുടെയും സംരക്ഷണചുമതല മാത്രം ഏറ്റെടുത്ത് കുടുംബാന്തരീക്ഷത്തിൽ കഴിഞ്ഞുകൂടാനുള്ള യുവാക്കളുടെ നിസ്സഹയാവസ്ഥ മനസ്സിലാക്കുമ്പോൾ വൃദ്ധസദനങ്ങൾ അനിവാര്യമാണെന്ന് ധാരണയിലേക്ക് നമ്മെ കൊണ്ടെത്തിച്ചു.



Anaswara .M.C
6th Sem Eng



# VOW ! BEYOND WORDS MEANS SPOKEN FROM HEART

As I was desperately searching through our things, I could only hear the doctor telling me my Irenedoes not have good many good days left. Her Alzimus has progressed to its final stage. So she won'the her old self more. I didn't believe this, I knew Irene could never forget us alzimus can never take away our love, which she may not remember but will never be forgotten. So I just had to find wuthering heights that made us fall in love. Because, I know it can work its magic again. In a way it did, before going to bed Irene took my hands and told me 'I love you David forever'.

I had alone in our bed wide awakened thinking about the moment of our 1st date. It was Monday evening we both of us were in the library looking for wuthering heights. We searched together the selfsame book in the library. I was no mood to give it up, but the moment my eyes met Irene's shiny little blue eyes and heard her soft voice. I felt there was a magic in the air and I was enchanted. I gave up the book for a cup of coffee with her and these began our late of love. We began to meet daily for a cup of coffee and talked about books, music, art everything and anything to be with each other. When we are together it was like we were lost in each other and to stay, wayforever together we got married and was lost in each love for 6 beautiful years till alzimus brought Irene us back.

I tried to sleep, but when I close my eyes, I see my Irene alone and scared in the clinic. So decided to go further back to our past through the dairy I found today while searching. It was from the second year of our marriage.

The words in the dairy spoke to me in Irene's voice, told me many moments of sorrows and joy we went through together but




on 6 July 6th if told me a tale I never knew. Irene had met her high school sweetheart, her love of life, they had a beautiful story too but had to part their ways. Hundreds and hundreds of words were written about their love, emotions and feelings for each other. I could read no more, but I did remember the day, when Irene called me in the evening to cancel our anniversary dinner because her friend had met with an accident. So Irene came back home next day. Next day, day after that and the days followed. I wanted to know what happened, but my heart once strong of love was now weak in fear of broken by love. But I know the truth deep down because those days I remember them.

The next day I woke up late with Irene's dairy over my heart. I drove straight to the clinic. I didn't what I had to do. I saw her sitting alone. I decided to walk away for now, but she saw me, our eyes met those innocent little blue eyes still has the magic and I walked towards her never looking back.

Every single moment of my past year was spend with Irene. I found a pleasure yet painfully in taking care of her. My days began with littleIrene's smile and end when she tells' I love you david forever', before going to bed. Today on 6th of July our wedding anniversary, we made it special with a romantic dinner and dancing all night to our song. Before going to sleep Irene took my hands as always but told me "I love you veal you are and were my love of life and sorry". And she went to sleep, so deep and peaceful to follow till eternity.

Watching the sun set, standing here were we vowed to each other to be with each other in sickness and health. To love and have faith in our love through all years-our days together the sorrows and joy" it's getting late Neal, move on".



Leela Vijayan
Malayalam Dept.



# മാരാർ നിരൂപണം ഒരു ചുരുക്കെഴുത്ത്

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിനും സംസ്കാരത്തിനും ഇടയിൽ വാക്കിന്റെ മൂർച്ചയും എഴുത്തിന്റെ കരുത്തും യുവതലമുറയെ ബോധ്യപ്പെടുത്തുക എന്ന കാഴ്ചപ്പാടിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആശയത്തിന്റെ പ്രതിഫലനമായി 2015 ഓക്ടോബർ മാസത്തിൽ സംസ്ഥാനലൈബ്രറി കൗൺസിൽ അംഗമായ ശ്രീ. കെ. പത്മനാഭൻ മാസ്റ്റർ ഔപചാരികമായി ഉദ്ഘാടനം ചെയ്ത് രൂപികൃതമായ മലയാണ്മ സെമിനാറിന്റെ പ്രസക്ത ഭാഗങ്ങളിലേക്ക് ഒരെത്തിനോട്ടം.

അധ്യാപകവൃത്തിയിലുള്ള അനുഭവസമ്പത്തും സാഹിത്യകൃതികളോടുള്ള ഗവേഷണപരമായ സാമിപ്യവും, സാഹിത്യപരമായ നിരവധി വേദികളെ പങ്കിട്ടുള്ള പരിചയസമ്പത്തും കൊണ്ടും ബഹുപ്രതിഭയായ ഡോ. എൻ. രാജനാണ് "നിരൂപണം മലയാളസാഹിത്യത്തിൽ" എന്ന വിഷയത്തെ (19-01-2016-ന്) ആസ്പദമാക്കി ക്ലാസ്സ് എടുത്തത്. നിരൂപണരംഗത്തുള്ള ഇദ്ദേഹത്തിന്റെ പ്രാവീണ്യം വിളിച്ചോതുന്നതിനുള്ള ഏറ്റവും നല്ല നിദർശനം തന്നെയാകുന്നു ശ്രീ.സി. എൻ. ശ്രീകണ്ഠനായരുടെ നാടകത്രയത്തെക്കുറിച്ചുള്ള പഠനം. ഇത്തരത്തിൽ നിരവധി പഠനങ്ങളും ഒന്നിലേറെ നിരൂപണഗ്രന്ഥങ്ങൾക്ക് രൂപം നൽകിയ ഡോ. എൻ. രാജൻ എന്തുകൊണ്ടും ഈ വിഷയം കൈകാര്യം ചെയ്യുവാൻ പ്രാപ്തനായ ഒരു വ്യക്തിത്വം തന്നയാകുന്നു.

**സെമിനാറിന്റെ സംക്ഷിപ്താവലോകനം.**

എം.പി. പോളിലൂടെ തുടക്കം കുറിച്ച മലയാള നിരൂപണ ശാഖയെക്കുറിച്ച് സ്പഷ്ടമായ കാഴ്ചപ്പാട് കുട്ടികളിൽ ഉണ്ടാക്കി എടുക്കുവാൻ സാറിന്റെ ക്ലാസ്സിനു കഴിഞ്ഞു എന്നു മാത്രമല്ല ഒരു കാലത്ത് മലയാള നിരൂപണത്തിന്റെ കുലപതിയായ വിശേഷിപ്പിക്കപ്പെട്ട കുട്ടികൃഷ്ണമാരാരും അദ്ദേഹത്തിന്റെ നിരൂപണകൃതികളും തന്നെയായിരുന്നു മുഖ്യപ്രതിപാദനവിഷയങ്ങൾ. എന്താണ് "കല" എന്നും കലയുടെ ലക്ഷ്യമെന്തെന്നും സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും, സൃഷ്ടിക്കുമുമ്പിൽ നിരൂപണത്തിനുള്ള പ്രസക്തിയെക്കുറിച്ചും മാഷ് തന്റെ ക്ലാസ്സിൽ ഊന്നി പറഞ്ഞു. ഈ സന്ദർഭത്തിലാണ് കുട്ടികൃഷ്ണമാരാർ എന്ന നിരൂപകനേയും, അദ്ദേഹത്തിന്റെ "ഭാരതപര്യടനത്തെക്കുറിച്ചും ചർച്ച ചെയ്യപ്പെട്ടത്.

ക്ലാസ്സിക് കൃതികളുടെ ലക്ഷണത്തിനനുസരിച്ച് നിരൂപണം തയ്യാറാക്കുകയും യുക്തിധിഷ്ടിതമായി അവലോകനം നടത്തുകയും ചെയ്തതിന്റെ വെളിച്ചത്തിൽ യുക്തിധിഷ്ടിതമായ ഒരു നിരൂപകൻ എന്നാണ് ഈ അവസരത്തിൽ മാരാരെ വിശേഷിപ്പിച്ചത്. "യുക്തി" കേവലം ബാഹ്യാവലോകനം മാത്രമല്ല സാഹിത്യ സൃഷ്ടിയെ ആസ്വദിക്കുമ്പോൾ കടന്നുവരുന്ന ചിന്തയാണെന്നും ആ ചിന്തയെ സഹൃദയനുമായി കൂട്ടിയിണക്കുമ്പോൾ അത് ആസ്വാദനമാണെന്നും ചൂണ്ടിക്കാട്ടി. അതിനുശേഷം ആസ്വാദനത്തിന്റെ വ്യത്യസ്തതലങ്ങളെക്കുറിച്ച് വ്യക്തമാക്കി. പ്രഥമതലം ശബ്ദതലമാണെന്നും, ശബ്ദതലത്തിൽനിന്നും അർത്ഥതലത്തിലേക്കും പിന്നീട് ആശയതലത്തിലേക്കും പ്രവേശിക്കുമ്പോൾ മാത്രമാണ് "ആസ്വാദനം" എന്ന പ്രക്രീയ പ്രാവർത്തികമാക്കുന്നത്. അതുകൊണ്ട് തന്നെയാണ് ഉത്തമമായ ഒരു സാഹിത്യകൃതിയുടെ പരമോന്നതമായ ലക്ഷ്യം മനശുദ്ധീകരണം അഥവാ മനഃസംസ്കരണം എന്ന് മാരാർ വിശേഷിപ്പിച്ചത്.

കലയുടെ നിർവചനം ആദ്യമായി ചൂണ്ടിക്കാണിച്ച പാശ്ചാത്യ തത്വചിന്തകനായ അരിസ്റ്റോട്ടിൽ സിദ്ധാന്തത്തെ അനുസ്മരിപ്പിച്ചുകൊണ്ട് തുടക്കം കുറിച്ച സെമിനാർ നിരൂപണത്തിന്റെ വളർച്ചയുടെ പടവുകളെക്കുറിച്ചും ആ രംഗത്ത് അദ്വിതീയനായ മാരാർ എല്ലാ ലക്ഷണങ്ങളും ഏകോപിച്ചുകൊണ്ടാണ് നിരൂപണം നിർവഹിച്ചതെന്നും പരാമർശിച്ചു.

ദുരന്തസങ്കല്പങ്ങളിൽ ഉയർന്നുവന്ന കഥാർസിസ്സ് വെട്ടിതെളിയിച്ച ആധുനികതയുടെ പുതിയ ചാലുകൾ സാഹിത്യതലത്തിൽ ഉളവാക്കിയ തരംഗങ്ങളെക്കുറിച്ചും പുതിയ എഴുത്തുകാരുടെ ഭാഷാപ്രയോഗത്തിലൂടെ സ്വഭാഷ ഇന്ന് അഭിമുഖീകരിക്കുന്ന വൈകല്യത്തെക്കുറിച്ചും ക്ലാസ്സിനിടയിൽ ഓർമ്മിപ്പിച്ചു. മാരാർ രചിച്ച "മലയാളശൈലി" യെപ്പോലുള്ള ഗ്രന്ഥങ്ങൾ ഇതിന് ഉത്തമനിദർശങ്ങളായി എടുത്തുപറയുകയും ചെയ്തു.

ചുരുക്കത്തിൽ നിരൂപകന്റെ ധാർമ്മിക ഉത്തരവാദിത്വം സൂചിപ്പിച്ച് മാരാർ നിരൂപണത്തിന്റെ അവലോകനത്തിലൂടെ ഇതിഹാസകഥാപാത്രങ്ങളെക്കുറിച്ചുള്ള ലഘുവിവരണം അവതരിപ്പിക്കുവാൻ കൂടി ആ സന്ദർഭത്തിൽ മാഷിനു കഴിഞ്ഞു.



Manesha Roy
2nd Sem B.com



# माँ

माँ भगवान का आशीरवाद है। माँ और बच्चों के बीच एक अनमोल रिश्ता है। उनकी जैसा प्यार इस जगत में कोई नहीं दे सकता। दुनिया ने जो भी हो एक माँ और वच्चे का प्यार कोई भी नहीं तोड़ सकता। कितनी भी कठिनाईयाँ आए सा दुख आए या दुख आए माँ का प्यार बच्चों के प्रति डगमगाता नहीं। उनका प्यार बच्चों के प्रति कभी भी कम नहीं होता। एक माँ का सपना एक बच्चे की जीवन में ऎसा होता है की जैसे पोधे केलिए पानी या अन्धेरे में रोशनी। उनके प्यार को बताने या दिखाने का कोई भी तरिका नहीं हैं। माँ को होती है बच्चों की फिक्र और रखती है उनका रखाल हर पूरे समरा में। अगर किसी भी वक्त बच्चों को कुछ होता है तो माँ को पहले ही पता चल जाता है। क्योंकि उनका रिश्ता बच्चों से जुड़ा होता है। जब बच्चे जन्म लेते हैं जगत में तो पहले उनके मुँह से पहला शब्द 'माँ' निकलता हैं क्योंकि माँ बच्चों को जन्म देती है। कुछ ऐसा भी समय आता है जब माँ को उनके बच्चों पर गुस्सा होना पड़ता है और बच्चे बाराज़ होते हैं और बच्चे अपनी माँ के पास न जाना चाहते हैं। माँ इसलिए बच्चों पर गुस्सा करती हैं क्योंकि वे उनके बच्चों की भलाई चाहती हैं। उनके गुस्सा होने के पीछे उनका प्यार छुपा होता है। बच्चे कितने भी बड़े हो जाए सभी माँ-बाप केलिए बच्चे छोटे होते हैं।

"इस जगत के सारे माँ को मेरी तरफ़ से कोटी-कोटी धन्यवाद!"



Ardra .V.T
VI th Sem Eng

# He is there.....

Now again, the night awakens,
Like rain without wind,
Like ocean without waves,
It is there but shadows are clear
Moon is there but not complete,
Through the window of my room,
through the leaves of the tree, i saw,
the sky smiling at me,
she feels the cool night, after the
hot day of burning run,
it is beautiful, as no one can
reach there and grab it.
some arrows are sharpening, but never....
because i believe He is there...





Nithin .E
IV th Sem M.com Pvt



# തുറന്നെഴുത്ത്

എന്റെ പ്രണയത്തിൻ വരികളിൽ
തെറ്റിദ്ധാരണതൻ കാർമേഘം. . . .
എന്നിലെ നിതാന്തമാം പ്രണയ വസന്തത്തെക്കുറിച്ച്
എന്റെ വരികളിലൂടെയല്ല നീ ഓടിക്കളിച്ചിട്ടൊള്ളൂ.
മനസ്സിന്റെ അടിത്തട്ടിലെ വേരറ്റുപോയ-
ബാല്യകാല ചിന്തകളെ ചിന്തേരിട്ട്
ഞാൻ അതിൽ എന്റെ പുതിയ മുഖം നോക്കുമ്പോൾ
കാലമാം വാർദ്ധക്യത്തിന്റെ വേരുകൾ ആഴത്തിൽ കാഴ്ചയെ മറക്കുന്നു.
എങ്കിലും വിഷാദത്തിൽ പ്രണയവരികളിൽ-
ഞാൻ ഒഷിടുന്നത് മറവിയുടെ കയത്തിലല്ല-
അവയെനിക്ക് അറിയിക്കാനാണ്. . .
അവയിലൂടെ നീ സഞ്ചരിക്കുമ്പോൾ
എന്റെ വരികളിലെ വ്യാകരണങ്ങൾ. . .
നിനക്കന്യമാകുന്നതിന് ഞാനെന്തു പിഴച്ചു. . .
എന്റെ ഓർമ്മകൾ, വഴിയിൽ കൊഴിഞ്ഞു വീഴുന്ന-
കരിയിലകളെപോലെനിക്ക് ഉപേക്ഷിക്കാനാവില്ല.
പകരം തുടച്ചു മിനുക്കി പൂമുഖത്തെല്ലാവരും-
വീക്ഷിക്കുമാ കോണിൽ വെയ്ക്കാനാണെനിക്കിഷ്ടം.
എന്നിലെ തീഷ്ണമാം പ്രണയത്തെ കളയാതെ-
കൊണ്ടുനടക്കാൻ ഞാൻ ശ്രമിക്കുമ്പോൾ,
നിന്നിലെ നഷ്ടപ്രണയത്തെ നോക്കി നെടുവീർഷിട്ട് -
ചുറ്റുമുളളതിനെ വൈരാഗിയാക്കുന്നതെന്തിന് നീ. . . ?

തുറന്നെഴുത്തുകളിലൂടെ ഞാൻ ജീവിക്കട്ടെ
ഒളി മറവുകളില്ലാതെ . . . .





Sukanya .M
IV th Sem Eco



# തണ്ണീർത്തടങ്ങൾ സംരക്ഷിക്കപ്പെടണം

തണ്ണീർത്തട ജൈവവൈവിദ്ധ്യത്തെ കുറിച്ച് തൃശൂരിൽ നടന്ന ദേശീയ സമ്മേളനം ഈ മേഖലയിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിന് തന്നെ തണ്ണീർത്തടങ്ങളുടെ സംരക്ഷണം അത്യാന്താപേക്ഷിതമാണ് സമ്മേളനം വ്യക്തമായി. വികലമായ നമ്മുടെ വികസന സങ്കല്പം തിരുത്താൻ ഇത്തരം ഓർമ്മപ്പെടുത്തലുകൾക്കും കഴിയുന്നില്ലെന്ന് ഖേദകരമായ വസ്തുതയായി അവശേഷിക്കുന്നു.

പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ബാധിക്കുന്ന പ്രവർത്തനങ്ങൾ കേരളത്തിലെങ്ങും അനുദിനം വർദ്ധിച്ചുവരുന്നു. അവയിലൊന്ന് തണ്ണീർത്തടങ്ങൾ നികത്തൽ. കുളങ്ങളും വൻചിറകളും കായലുകളും കൽക്കാടുകളും എല്ലാ കാലത്തും വെള്ളം വറ്റാത്ത ചതുപ്പ്നിലങ്ങളുമെല്ലാമാണ്. പൊതുവെ തണ്ണീർത്തടങ്ങൾ എന്ന് അറിയപ്പെടുന്നത്.

അത്തരം സ്ഥലങ്ങൾ കേരളത്തിലെ മിക്ക ജില്ലകളിലുമുണ്ട്. ജൈവവൈവിധ്യത്തിന്റെയും ഭൂഗർഭജലത്തിന്റെയും സംരക്ഷണം, കൽക്കാടുകളുടെ വളർച്ച, കൃഷി വികസനം, കുടിവെള്ള സമൃദ്ധി തുടങ്ങിയവയ്ക്ക് പലതരത്തിൽ അവയ്ക്ക് വലിയപങ്കുള്ളതായി വിദഗ്ധർ കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ടാണ് ചതുപ്പ് പ്രദേശങ്ങളുൾപ്പെടെയുള്ള തണ്ണീർത്തടങ്ങൾ സംരക്ഷണത്തിന് മിക്ക രാജ്യങ്ങളും വൻ പ്രാധാന്യം കൊടുത്തിട്ടുള്ളത്.

ഒരു കാലത്ത് കേരളം പാടെ തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ സമ്പന്നമായിരുന്നെങ്കിലും ഇന്ന് ആ സ്ഥിതിപാടെ മാറിയിരിക്കുന്നു. പൊതു കുളങ്ങളും ചതുപ്പുകളും കോൾനിലങ്ങളും മറ്റും ആവശ്യമില്ലാത്തവയാണെന്നും അവ നികത്തി നികത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത് വികസനത്തിന് അനിവാര്യമാണെന്നുള്ള കാഴ്ചപ്പാടോടെ വ്യക്തികളും സ്വപ്നങ്ങളും സ്ഥാപനങ്ങളും ഭരണാധികാരികളും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കണ്ടലുകൾ വെട്ടിയും ചതുപ്പുനിലം നികത്തിയുമുള്ള നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഇടങ്ങളിൽ തുടരുന്നു. നദികളുടെയും തീരങ്ങളുടെയും സംരക്ഷണം ലക്ഷ്യമാക്കി മണൽ വാരലിനു ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും മിക്ക സ്ഥലങ്ങളിലും ലംഘിക്കപ്പെടുന്നു. കണ്ടലും ചതുപ്പും സംരക്ഷിക്കുന്നതിന് ദേശീയനയം തന്നെ രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ട്.

ഇവയൊക്കെ തടയാൻ നിയുക്തരായ നിയമസംരക്ഷകരുടെ മൗനാനുവാദത്തോടെയാണ് ഇത്തരം പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന ആരോപണമുണ്ട്. പരിസ്ഥിതി വിദഗ്ധരും മറ്റും ആസന്നമാക്കുന്ന ദുരവസ്ഥയെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും ആരും അത്ര കാര്യമാക്കിയിട്ടില്ല. തണ്ണീർത്തടങ്ങൾക്ക് വൻതോതിൽ നാശം സംഭവിച്ചതോടെ കേരളത്തിൽ പലേടത്തും അതിന്റെ ഭവിഷ്യത്തുകൾ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ചതുപ്പ് നികത്തിയ പല പ്രദേശങ്ങളിലും വേനൽക്കാലത്ത് കടുത്ത കുടിവെള്ള ക്ഷാമവും വർഷം ആരംഭിക്കുമ്പോൾ തന്നെ വെള്ളപ്പൊക്കവും ഉണ്ടാകുന്നു.

പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് പ്രകൃതി സ്വയം ഒരുക്കിയിട്ടുള്ളതാണ് ഭൂമിയിലെ നിമ്നോന്നതങ്ങൾ എന്ന കാര്യം അവഗണിച്ചുകൊണ്ട് താഴ്ന്ന സ്ഥലങ്ങൾ, കുന്നുകളിടിച്ച് നികത്തിക്കൊണ്ടിരിക്കുന്ന കാഴ്ചകളാണ് കാണാനാവുക. തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് സ്വന്തം നിലയ്ക്ക് ചെയ്യേ കാര്യങ്ങൾ പ്രവർത്തികമാക്കുവാനോ കേന്ദ്രസഹായം പ്രയോജനപ്പെടുവാനോ നാം പലപ്പോഴും വേണ്ടത്ര ശ്രദ്ധ പുലർത്തിക്കാണുന്നില്ല.



Sruthi. K
IV th Sem Eco

# THE IMPACT OF BLACK MONEY

Black money is an unaccounted money illegally acquired wealth or other assets made through accepting bribery or other morally deprived acts.it may be in the terms of real estate gold, jewellery, shares, bonds, securities, vehicles etc.........

Black money in India is estimated to be 200 million crores. It is also believed that black money coming up to several crores is created every year. This reflects the magnitude of black money market in India. The black money is created by avoiding the income and sales taxes as well as the lack of proper maintenance of accounts from the side of business man lead to the accumulation of large amount of unaccounted wealth.



Black money is created also through illegal traders the income obtained through smuggling of gold ,brown sugar, narcotics and other goods which cannot be sold is black money about carefully.Despite of the tight vigil of the border security force, goods worth crores of rupees are smuggled from and into India every day.in this way the smugglers secure millions of rupees as black money.

At least certain politicians in India hold a large sum of black money. They have assets worth several crores of rupees. People or man power collect money mainly from big business man getting sanction of petrol pumps, plots of commercial land ,licenses for doing particular business like liquor contracts setting up special economic zones,etc...during their tenure they gather large sums of money.

As black money is illegally acquired money it is devoid of tax restrictions. Large amount of money which should have gone to the government cotters to follows into accounts of black money. It would have used it to take up new projects of development or would have completed the ongoing projects.

Black money is docile money. It does not play any economic function. If the black money lying idle reaches the government it will accelerate our development.

Some people believes that the black money in India is creating a parallel economy worth thousands of millions of rupees. It is also performing an important economic function. This money creates a demand for goods and services helping the industrials and producers of services lying in bank accounts whether in benami or other accounts. This money is utilized by the bankers for lending purposes for the needy businessmen. Despite these arguments, one has to say that the accumulation of black money is a poor reflection on our society.



Dhanasree arjun
II nd Sem B.com

# दोस्ती

आज हम साथ है,
कल न जाने कहाँ होंगे।
अपनों से दूर कहीं
सपनों की दुनिया तलाश रहे होंगे।

कोई रिश्ता नही दोस्ती से प्यारा,
हर गम को सह जाए अगर साथ हो तुम्हारा।
तुम क्यों दिल के पास हो,
आखिर कोई तो बात है जो तुम इतने सास हो।

हमारा वो बचपन वो नादानीयाँ,
वो शरारतें वो मरती।
और उन सबके बीच मुसकुराती,
अपनी वो प्यारी सी दोस्ती।

तेरी हँसी को देख के खुश हो जाते हैं हम,
तू ना हसे तो मुरझा जाते हैं हम।
दोस्तों के मामले में हम हमेशा गरीब थे,
जब तुम मिली तो जाना हम ही सबसे अमीर हैं।

मैं भगवान से दुआ करती हुँ की
इस दोस्त को मुझसे कभी जुदा न करना।








Shijitha .K
IInd Sem Eng

**അപ്പോഴാണ് ചെറിയൊരു ദ്വീപ് കാണുന്നത്. അത് നോക്കി നിന്ന അവളോട് ഇക്കമാരിൽ ഒരാൾ പറഞ്ഞു. ആ ദ്വീപിനൊരു പേരുണ്ട്. അതിന്റെ പേരാണ് ചെത്ത്ലാത്ത്.**



# ചെത്ത് ലാത്ത്

"ചെത്ത്ലാത്ത് ", അയ്യേ! ചെത്ത്ലാത്തോ? അതെന്താ സാധനം എന്നായിരുന്നു ആദ്യമായിട്ട് ഈ പദം കേട്ടപ്പോൾ ഉണ്ടായ മനോഭാവം. ചെത്ത്ലാത്ത് എന്ന പദം ആദ്യമായിട്ട് കേൾക്കുന്നത് പ്ലസ്ടുവിൽ പഠിക്കുമ്പോഴായിരുന്നു.അതും ഞങ്ങളുടെ ഭാസ്കരൻ സാറിന്റെ അടുത്തു നിന്ന്. പ്ലസ്ടുവിൽ പഠിക്കുമ്പോൾ ഞങ്ങൾ മലയാളം പഠിക്കുന്ന കുട്ടികൾക്ക് വളരെ പ്രിയപ്പെട്ട അധ്യാപകനായിരുന്നു ഭാസ്ക്കരൻ സാർ. സാറിന്റെ വായിൽനിന്ന് എന്ത് വീണാലും ഞങ്ങൾ അത് കുറിച്ചുവെക്കുമായിരുന്നു. ഭാസ്ക്കരൻ സാർ ഞങ്ങൾക്ക് പ്രിയപ്പെട്ടതായത് കൊണ്ടാവാം മലയാളം ക്ലാസിൽ ഞങ്ങൾ വളരെ ഉന്മേഷത്തിലും ശ്രദ്ധയോടും കൂടി ഇരിക്കുമായിരുന്നു. ഞങ്ങളുടെ സ്കൂളിലെ സ്ഥിരം കച്ചറ ടീം പോലും മലയാളം പിരീയഡു വന്നാൽ വളരെ ആത്മാർത്ഥമായി ക്ലാസിൽ ഇരിക്കും. മലയാളം ക്ലാസ് ശരിക്കും ഞങ്ങൾക്ക് കൂട്ടിൽ നിന്നും പുറത്തു വിട്ട കിളികൾക്ക് നൽകുന്ന അതേ സന്തോഷം പകർന്നു തരുമായിരുന്നു. ഭാസ്രൻ സാർ എന്തു പറഞ്ഞാലും ഞങ്ങൾ ഒരു മടിയും ഇല്ലാതെ അനുസരിക്കുകയും ചെയ്യും. അതിനു കാരണം ഒന്നേ ഒന്നു മാത്രം അത് ഭാസ്ക്കരൻ സാർ ആയിരുന്നു. സാറിന്റെ ക്ലാസ് ശരിക്കും ഒരു പോസിറ്റീവ് എനർജിയായിരുന്നു. എനർജി മാത്രമല്ല നല്ല സുഹൃത്ത് കൂടിയായിരുന്നു. മലയാളം പഠിക്കുന്ന കുട്ടികൾ വിരലിൽ എണ്ണാവുന്നത്ര മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഞങ്ങൾക്ക് പരസ്പരം അടുത്തറിയാമായിരുന്നു.കഥകൾ വളരെ ഇഷ്ടമായിരുന്ന ഞങ്ങൾക്ക് എല്ലാ ക്ലാസിലും വ്യത്യസ്ത അനുഭൂതി ഉണർത്തുന്ന കഥകൾ സാർ പറഞ്ഞു തരുമായിരുന്നു.കഥകൾ എന്നു പറയുമ്പോൾ കെട്ടുകഥകൾ അല്ല. അവസരോചിതമായവ. ഭാസ്ക്കരൻ സാറിന്റെ അദ്ധ്യാപന ജീവിതത്തിലും പഠനകാലങ്ങളിലും ഉണ്ടായ രസകരമായതും സങ്കടകരമായതുമായ ഒരുപാട് അനുഭവങ്ങളായിരുന്നു അവ. അതുപോലെ തന്നെ സാറിന്റെ അദ്ധ്യാപനജീവിതത്തിൽ 10 വർഷത്തിനിടയിൽ സാറിനു ലഭിച്ച ഏറ്റവും നല്ല മിടുക്കന്മാരും മിടുക്കികളുമായ വിദ്യാർത്ഥികളെ കുറിച്ചും വാതോരാതെ സംസാരിക്കുമായിരുന്നു.



അങ്ങനെയൊരു സംസാരത്തിനിടയിലാണ് ഞങ്ങൾക്കിടയിലേക്ക് ചെത്ത്‌ലാത്ത് കടന്നുവരുന്നത്. ചെത്ത്‌ലാത്ത് എന്ന പദത്തെ കുറിച്ചു കൂടുതൽ ആഴത്തിലറിയണമെങ്കിൽ താജുനിസ എന്ന പെൺകുട്ടിയെ കുറിച്ചറിയണം. ഭാസ്ക്കരൻ സാറിന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളിൽ ഒരാളായിരുന്നു താജുനിസ എന്ന പെൺകുട്ടി. ഒരിക്കൽ അവൾ ഒരു യാത്രാവിവരണം എഴുതി വായിക്കുവാനായി ഭാസ്ക്കരൻ സാറിനു നൽകി. ആ യാത്രാവിവരണത്തിന് അവൾ നൽകിയ പേരായിരുന്നു ചെത്ത് ലാത്ത്. തീർത്തും വ്യത്യസ്തമായൊരു തലക്കെട്ട് അതുകണ്ടപ്പോൾ ഭാസ്ക്കരൻ സാർ അതെന്താണെന്നറിയാനുള്ള ആകാംക്ഷയിൽ വിവരണം വായിച്ചു തീർത്തു. രസകരമായ ഒരനുഭവകുറിപ്പായി രുന്നുവത്രെ അത്. വായിച്ചശേഷം സാർ അവിടം കൊണ്ടൊന്നും നിന്നില്ല. പ്രസിൽ പോയി ആ വിവരണം ചെറിയൊരു പുസ്തകമാക്കി മാറ്റി. അച്ചടി മെഷിനീൽ കിടന്ന് ചെത്ത്‌ലാത്ത് ഭംഗിയാർന്ന് തീരെ കനം കുറഞ്ഞ ഒരു പുസ്തകമായി മാറി. ഇത്രയും കേട്ടശേഷം ചെത്ത്‌ലാത്തിനെ അടുത്തറിയാൻ എനിക്കും കൂട്ടുകാർക്കും വളരെയേറെ മോഹം തോന്നി. നിർബന്ധമായും വായിച്ചേ പറ്റൂ. എനിക്കും കൂട്ടുകാർക്കും തിടുക്കമായി. അധികം വൈകാതെ തന്നെ ചെത്ത്‌ലാത്ത് ഞങ്ങൾ കൈപിടിയിലാക്കി. വായിക്കാനുള്ള തിടുക്കവും ആകാംക്ഷയും ഞങ്ങളേവരുടേയും മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്നു.

താജുനിസയും കുടുംബവും ഒരു യാത്ര പുറപ്പെടുകയാണ്. അടുത്തെങ്ങോട്ടുമല്ല.അങ്ങു ദൂരെ ലക്ഷദ്വീപിലേക്ക്. അവരുടെ ഏതൊക്കെയോ കുടുംബാംഗങ്ങളെ ഒന്നു കാണുക എന്നതായിരുന്നു യാത്രയുടെ ലക്ഷ്യം. കപ്പലിലുള്ള ആ നീണ്ട യാത്രയെ ഒരുപാട് വർണിക്കാൻ അവൾ മറന്നില്ല. ഈ യാത്ര അവൾ കുറച്ചൊക്കെ കുട്ടിയായിരുന്നപ്പോഴായിരുന്നു പോയത്. അന്നാദ്യമായി കപ്പലിൽ കയറിയ അവൾ വളരെ ഉത്സാഹത്തിലായിരുന്നു. കപ്പലിൽ ഓടി നടന്ന് കാഴ്ചകൾ കണ്ടു. ചുറ്റും എത്ര രസകരമായ കാഴ്ചകൾ. എല്ലാവരും അവിടെ ഇവിടെയായി ഓടി നടന്നു. ഇടയ്ക്കൊക്കെ കമ്പികൾക്കിടയിലൂടെ കൈയിട്ട് വെള്ളത്തിൽ തൊടാൻ ശ്രമിച്ചു. ഭക്ഷണസമയമായപ്പോൾ എല്ലാവരും ഊൺമേശയ്ക്കരികിലെത്തി. വിഭവങ്ങൾ കൊണ്ട് മേശ നിറഞ്ഞിരിക്കുന്നു. മത്സ്യം കൊണ്ടുള്ള വിവിധതരം വിഭവങ്ങൾ. മീൻ പൊരിച്ചത്, മീൻ ബിരിയാണി, മീൻ കറികൾ. മീൻ അച്ചാർ, അങ്ങനെ പോകുന്നു വിഭവങ്ങൾ.

ലക്ഷദ്വീപ് സമീപിക്കുവാൻ തുടങ്ങിയപ്പോഴേക്കും കുട്ടികളും മുതിർന്നവരും വളരെ ക്ഷീണിതരായിരുന്നു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ ലക്ഷദ്വീപ് എത്തി. ആരൊക്കെയോ കൊണ്ടുപോകാൻ വന്നിരിക്കുന്നു. അങ്ങനെ വീട്ടിലെത്തി ഫ്രഷ് ആയി. കുട്ടികളായതുകൊണ്ടാവാം, ക്ഷീണമെല്ലാം മാറ്റി ഓടി നടന്ന് കാഴ്ചകൾകാണാൻ തുടങ്ങി.അപ്പോഴാണ് ചെറിയൊരു ദ്വീപ് കാണുന്നത്. അത് നോക്കി നിന്ന അവളോട് ഇക്കമാരിൽ ഒരാൾ പറഞ്ഞു. ആ ദ്വീപിനൊരു പേരുണ്ട്.അതിന്റെ പേരാണ് ചെത്ത്‌ലാത്ത്. അതെ അതു തന്നെയാണ് ചെത്ത് ലാത്ത്. ലക്ഷദ്വീപിലെ ഒരു ദ്വീപിന്റെ പേരാണത്. അവളുടെ കണ്ണിൽ അത്ഭുതവും മുഖത്ത്പുഞ്ചിരിയും വിടർന്നു. ഓ... ദ്വീപുകൾക്ക് ഇങ്ങനെയും പേരുണ്ടാകുമോ....?

ഞങ്ങൾക്കേവർക്കും ചെത്തലാത്ത് ഇതേ മനോഭാവം തന്നെയാണ് സമ്മാനിച്ചത്. താജുനിസയുടെ ചെത്ത്‌ലാത്ത് ഞങ്ങളെ വളരെയേറെ അവളിലേക്കടുപ്പിച്ചു. എത്ര രസകരമായ ഭാഷാശൈലിയും പ്രയോഗങ്ങളും അവളുടെ ഓരോ വാക്കുകളിലും എന്തോ ഒരു പ്രത്യേകത നിറഞ്ഞുനിന്നിരുന്നതുപോലെ. വീണ്ടും വീണ്ടും വായിക്കാൻ തോന്നി. ഭാസ്ക്കരൻ സാറിനെ പോലെ തന്നെ താജുനിസയും ചെത്ത്‌ലാത്തും എനിക്കും കൂട്ടുകാർക്കും പ്രിയപ്പെട്ടതായി.



Fathima Rifna .M
II nd Sem Eng



# വഴിയോര കാഴ്ച്ചകൾ

നിശയുടെ തണുത്തയാമത്തിൽ
ഒരു ദു:ഖ സ്മരണയായ് വന്നു ഞാൻ വീണ്ടും.
ആ മരവിച്ച ഇടവഴികളിൽ
കണ്ടുമടുത്തത് അന്നൊരു നാൾ
ഇന്നതു കണ്ടു മതിയാവുന്നില്ല.
എന്റെ മനസിൽ ഒരണയാത്ത
വിളക്കു പോൽ , നിൻ ഓർമ്മകൾ
ആളി കത്തുന്നു...........
അന്നാവഴികളിൽ കുറിച്ചിട്ട നിൻ
മുഖപടം ഇന്നുമതാ ഞാൻ കാണുന്നു.
പറയ്യാൻ വയ്യ, ഇനിയും എനിക്കത്
ഈ വഴിയോര കാഴ്ചയിൽ മുഴുവൻ
നിന്റെ ഓർമ്മകൾ മാത്രം.
വീണ്ടുമതാ ബോധിവൃക്ഷത്തെ തേടുകയാണു ഞാൻ ........
ബോധമറ്റ മനസിൽ വിലാപങ്ങളെൻ
ബോധമണ്ഡലമാകെയെരിക്കവേ....
പണ്ടു ഗൗതമൻ പോയ വഴികളിൽ
ബോധിവൃക്ഷം തിരയുകയാണു ഞാൻ.
വഴികൾ മുഴുവൻ പഴയതു പോലെൻ
മുന്നിലിരവിന്റെ താണ്ഡവം.
പൗർണ്ണമി ചിരി മറക്കുന്ന കാർമുകിൽ
ഇരുളു കീറുന്ന രോദനം.
ഗൗതമാ .... ഞാനറിയുന്നു
നിന്നെയും നിന്റെ ലോകത്തെയും
എന്റെ നോവിലെനിക്കായ് കരഞ്ഞൊരു
നിന്റെ മാനസം
നിന്റെ നോവാർന്ന ചിന്തകൾ, ദു:ഖങ്ങൾ
അന്നു നിൻ ബോധത്തിലൊളി ചിതറിയാ–
ബോധി വൃക്ഷം തിരയുകയാണ് ഞാൻ

പഴയ വഴികളിൽ പുതിയ വേഷങ്ങൾ
പുതിയ മാനവന്റെ പുതിയ ദു:ഖങ്ങൾ
ഏറെ ദൂരമലഞ്ഞു പലവഴി
ഇല്ല..! കണ്ടില്ല മാനവ ചിന്തയിൽ
പുതിയൊരദ്ധ്യായമെഴുതിയതാരെയും
ആണവായുധം ലോകസമാധാനം
നൂതനായുധം പുതിയ വേദാന്തം
ആർഷഭാരതം ദേശ രക്ഷയ്ക്ക്.
നീ വീണ്ടും......... ചിരിച്ചതോർത്തു ഞാൻ
ഗൗതമാ...... നീയുമൊരുപാട് മാറിയോ ?
വഴിയിൽ നിൻ പാദങ്ങൾ ഇടറിയോ .....?

നിൻ ചിരിയിൽ,
പഴയൊരാമരം കടപുഴകി വീണുവോ.........
കഷ്ടം !
എന്നിലാത്മാവു പറയുന്നതെന്നോടു.......
നിന്നെ പോലൊരായിരങ്ങൾ ഉയർത്തട്ടെ കരങ്ങൾ......
കിളിർക്കട്ടെ മനുഷ്യന്റെ ബോധ മണ്ഡലം,
മുഴുവനും ശിഖനീട്ടി......
വളരട്ടെ വീണ്ടുമൊരു പുതിയ യുഗം ......
ഇനിയുമൊരിക്കൽ തളിർക്കട്ടെ ഈ
മരവിച്ച വഴിയിൽ മരുപച്ചയോളം
പുതിയ കാഴ്ച്ചകൾ...............



Krishnendhu .P
IV th Sem Eco





# തമസ്സ്

എന്തിനീ നൊമ്പരം
നീ എനിക്കു തന്നിന്നു,
ഞാൻ എന്തു ചെയ്തിന്നു
വിധിയുടെ വിളയാട്ടത്തിനെതിരായി?
വിധിയാൽ വന്നു പിണയുന്ന
വേദനകളെങ്ങനെ ഞാൻ-
സഹിപ്പു, അറിയില്ലറി-
യില്ലെനിക്കറിയില്ല.... .....
തമസ്സാം ഈ ദു:ഖത്തിൽ
നിന്നും മോചനമുണ്ടാവുമോ-
എനിക്കൊരിക്കൽ ?

കടൽ പോലെ ആഴമാം
ഈ തമസ്സിൽ ഞെരിഞ്ഞമരുമ്പോഴും
അലയുന്നു ഞാനാ-
മരുപച്ചയും തേടി.
മാമയിലിനോടൊത്തൊരഴകാം-
ആ വെളിച്ചത്തിലൂടൊന്നു-
ല്ലസിക്കാൻ ഇനിയും
എത്രനാൾ എത്രനാൾ ഞാൻ
കാത്തിരിപ്പൂ............
വെൺനിലാവെ നിനക്കിതാ
ഒരായിരം വരവേൽപ്പ്.................



Arathy .C
II nd Sem Eng

# ART OF READING

Right reading is the key to knowledge, and there is only one way to read it all right and fast through practice.

Art of reading is essentially efficient or effective reading which has a direct bearing on one's learning process. No doubt, listening and observing also contribute a lot to the learning process. What highly successful persons are doing is developing art of skill of "better and faster "reading by which they increase the speed of their reading simultaneously with comprehension.

Effective reading is this speed plus comprehension. It is not the number of hours one reads in a day but how effectively one reads in a specified period of time may be one, two or three hours that matters.

If one increases the reading speed from say 250 to 500 words per minute and reads for 2 hours, one will increased the knowledge twice in there two hours. Excellent readers have speed equal to or greater than hundred words per minute.

READING HABITS

Most of the articles on reading generally emphasis reading to enjoy pleasure of




reading and developing author-reader inter-



action. The most important factors in improving reading habits are home atmosphere, improving atmosphere in school libraries and reading rooms and developing love of reading.

SPEED

It is perhaps assumed that good reading habits will automatically improve reading speed. This is rarely so because this goals are different. An average adult may not know how to become a better and faster reader. This capability is needed not just for success in competitive examination but also for better performance in high education , research, studies and one's professional career. Very few people are aware of the benefits of better and faster reading skills. Communication skills training often emphasis and rightly so, on speaking and writing skills. Both are skills of transmission. Though skills of reception , ie, listening and reading are vital inputs for knowledge increase, they are often neglected. Another point that needs to be emphasized is that there is no age limit on learning to listen and read effectively. In fact, one must go a self further and educate others that improved reading skills help self development, self confidence, self improvement, self enlightment and ultimately success.

TECHNIQUES FOR EFFECTIVE READING

How does one learn to read faster and better? The first and foremost need is the inner urge to learn more and to excern in whatever one does. There are specific steps and tools to develop effective reading skills which one can learn through self help books. but it is always better to have a coach or a facilitator. Some of the techniques for effective reading are : Rapid perception, X-ray in material, good comprehension, skimming, increasing the range of one's reading vocabulary, and perhaps the most important of all practice, practice and practice. More over learning the right technique is not enough. One has to first of all unlearn bad habits that reduce reading speed and overcome psychological barriers that obstruct effective reading. we must also remember that the best readers cannot read everything with the same speed. Motivation greatly determines one's reading speed.




രാവേറെ ചെന്നിട്ടും
ഉറക്കം വരാത്ത മിഴികളിൽ
പേറ്റുനോവിന്റെ നൊമ്പരം നെഞ്ചിലടക്കി
വാത്സല്യത്തിന്റെ ഉറവവറ്റാത്ത
നീർച്ചാലുകളുമായി ഒരുവൾ !

ഈ മരം വീണ്ടുമൊരു ശിശിരത്തെ വരവേൽക്കുന്നു
കൊഴിഞ്ഞുവീണ പഴുത്ത ഇലകൾ
ഇനി പൊഴിയാനുള്ളവയെ നോക്കി കണ്ണീർ തൂവുന്നു.
ചിലതളിരുകൾ ഈ വൃക്ഷത്തെ–
പച്ചപുതപ്പിക്കാനൊരുങ്ങുന്നു.
ഈ വേരുകൾ അവയ്ക്കായി വലിച്ചെടുക്കുന്നു.
ഈ തണ്ടുകൾ അവയ്ക്ക് ശക്തി പകരുന്നു.
ഈ പൂവുകൾ അവയ്ക്ക് വേണ്ടി കായ്ക്കുന്നു.





Saeedh. T
IV th Sem Rhy

# വർദ്ധിച്ചുവരുന്ന വനനശീകരണം

വനനശീകരണം ഏറ്റവും വലിയ സാമൂഹിക പ്രശ്നമായി മാറിക്കൊണ്ടിക്കുന്ന കാലഘട്ടമാണ്. വനനശീകരണം സൃഷ്ടിക്കുന്ന പ്രത്യക്ഷമായ ആപത്ത് ഇന്ധനക്ഷാമമാണ്. വനനശീകരണം പരോക്ഷമായി മറ്റ് നിരവധി പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ഇത് മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും മഴയുടെ ശോഷണത്തിനും വരൾച്ചയ്ക്കും വഴി തെളിയിക്കുന്നു. നമ്മുടെ കൃഷിഭൂമിയുടെ ഒരു ശതമാനം വീതം പ്രതിവർഷം മരുഭൂമിയായി മാറ്റപ്പെടുന്നുണ്ടൊണ് ഗവേഷകരുടെ അഭിപ്രായം. ഈ നില തുർന്നാൽ ഭൂമിയാകെ സഹാറയായി മാറ്റപ്പെടുമെന്ന് ഇക്കണോമിക്സ് ആന്റ് സയന്റിഫിക് ഫൗണ്ടേഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വനനശീകരണം വന്യമൃഗങ്ങളുടെ നാശത്തിനും വഴിതെളിക്കുന്നു. ക്രമാതീതമായ വനനശീകരണം പ്രകൃതി സന്തുലിതാവസ്ഥയേയും ബാധിക്കുന്നു. ഇത് ജീവിതം ദുരിതപൂർണ്ണമാക്കാം.

ഇതിനായുള്ള പരിഹാരമെന്ന നിലയിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സാമൂഹ്യവനവത്കരണം. ക്ഷയോന്മുഖമായ വനങ്ങളിലും ഗവൺമെന്റ് അധീനതയിലുള്ള ഭൂമിയിലും നട്ടുപിടിപ്പിക്കാൻ സൗജന്യമായി വൃക്ഷതൈകളും വനവത്കരണത്തിനാവശ്യമായ സാങ്കേതിക ഉപദേശവും നല്കുന്ന ഒരു പരിപാടിയാണിത്. നാലു ദശാബ്ദത്തോളം പഴക്കമുള്ള നമ്മുടെ വനമഹോത്സവം ഇതിന്റെ പൂർവ്വരൂപമാണ്. ലോകബാങ്കിന്റെ സഹായത്തോടെയാണ് ഈ പദ്ധതി ആരംഭിച്ചത്. ക്ഷയിച്ച 69,000 ഹെക്ടർ വനഭൂമി വീടെുക്കുന്നതിനായി വൃക്ഷത്തൈകൾ പിടിപ്പിക്കുന്ന ഒരു ദീർഘകാല പരിപാടിയാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും വനനശികരണത്തിനെതിരെ കർശനമായ നടപടികൾ ഇല്ല എന്നു ള്ളതാണ് സത്യം. വനപാലകരുടെ എണ്ണം കൂടുന്നതല്ലാതെ വനത്തിന്റെ വിസ്തൃതി കുറയുന്നതു തടയാൻ നമുക്ക് കഴിയുന്നില്ല. വനംകൊള്ള പകൽപോലെ സത്യമാണ്. വനപാലകരുടെ സഹായമില്ലാതെ വനം കൊള്ളയടിക്കപ്പെടില്ല. വളരെ ഉയർന്ന കൈക്കൂലി കൊടുത്താണ് റേഞ്ചർമാരും ഡി.എഫ്. ഒമാരും സ്ഥലമാറ്റം വാങ്ങുന്നത്. കൂപ്പിൽ നിന്നും തടികൾ ലേലം ചെയ്തു കൊടുക്കുമ്പോൾ ലേലം കൊള്ളുന്നവരുമായി ഉദ്യോഗസ്ഥർ അവിഹിതമായി കൂട്ടുക്കെട്ടാക്കി സർക്കാർ ഖജനാവിന് വൻ നഷ്ടമുണ്ടാക്കുന്നു. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള അനാസ്ഥയും പിടിപ്പുകേടും നമ്മുടെ വനത്തെ നാമമാത്രമായ ഹെക്ടറുകളാക്കി ചുരുക്കി കളഞ്ഞു. വനം പതിച്ചുകൊടുക്കുന്ന നടപടി പോലും രാഷ്ട്രീയപ്രേരിതവും സങ്കുചിത താത്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുമാണ്.

വർഷങ്ങളായി എല്ലാ ഒക്ടോബറിലും നാം കൊണ്ടാടുന്ന വനമഹോത്സവം യുവതലമുറയിൽ വനസംരക്ഷണത്തിന്റെ ആവശ്യകത പകർന്നു കൊടുക്കാനുദ്ദേശിച്ചുള്ളതാണ്. വനങ്ങളുടെ പ്രാധാന്യം, അവ പരിപാലിക്കേണ്ടതിന്റെ ആവശ്യകത, നശീകരണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ വ്യക്തമാക്കുന്ന സെമിനാറുകളും പ്രദർശനങ്ങളും ഈ അവസരത്തിൽ സംഘടിപ്പിക്കാറുണ്ട്.



Roshna .M
II nd Sem B.com B

# ഭാഷ

ഓർക്കുന്നു ഞാനാ മധുരമൂറിടും ഭാഷതൻ-
നൊമ്പരം
ഞാൻ അറിയുന്നു കാലത്തിൻ അന്ധകാരത്തിലകപ്പെട്ട
അവരുടെ ഹൃദയ സ്പന്ദനം
നമ്മുടെ ജീവിതപാതയിൽ വഴികാട്ടിയായവൾ
മാതൃത്വത്തിൻ മാധുര്യം തുളുമ്പുന്നവൾ
ഇരുട്ടിൻ പ്രയാണത്തിൻ വെളിച്ചമെകിയവൾ
ജീവിതത്തിന്റെ പുസ്തകത്താളുകൾക്കർത്ഥം
നൽകിയവൾ-ഭാഷ

സ്നേഹത്തിൻ മധുരസംഗീതവും
ദേഷ്യത്തിൻ തീ ജ്വാലയും
ദു:ഖത്തിൻ സാന്ത്വനവും
നമുക്കേകിയവൾ -ഭാഷ.
നാവിലൂറും നാദത്തിനും സാഗരങ്ങൾക്കുമപ്പുറം
ഹരിതമൃദുകഞ്ചുകം തെല്ലൊന്നു നീക്കി നാം
പകരം നാവിലൂറുന്നതോ -ഭാഷ
മീട്ടുവാൻ ആ വീണക്കും ഈണമേകും സ്വരകമ്പികൾ
തേനും വയമ്പുമൂറി നിൽക്കുന്ന പൈതങ്ങളും
ഓർമകളിൽ തിളങ്ങി, മധുരങ്ങൾ പാടാതെ

പാതിരകളിളകാതെ , അറിയാതിരിക്കാൻ
ഭാഷ തൻ മണിപ്രവാളവും
ഊതി തിളക്കി തീരാത്ത ഈണങ്ങളും
ഉള്ള ഭാഷ.
പരസ്പരം നാം ആർദ്രരാവുന്ന വികാരത
ജ്വലിക്കുന്ന ഭാഷയിൽ
കാൽക്കീഴിലമരുംമ്പോഴും
അന്യനെ ഊട്ടിവളർത്തുമ്പോഴും
പറയാതെ മറുചൊല്ലുകളില്ലാതെ
എല്ലാം സഹിക്കുന്നവൾ
ഇത്തിരിക്കൂടെ നടന്നവ, കിന്നാരമിത്തിരി
ചൊന്നവ, കണ്ണീകിൽ ചിരിച്ചു.
കവിളു തുടച്ചവൾ മലയാളം
പെരുവഴിയിൽ ഞെട്ടേറ്റടർന്നു പതിച്ചവ
വഴിപോക്കർക്കിടയിൽ ഏകയായവൾ
ഓരോ തിരികേച്ചുവിട്ടിടങ്ങളിൽപ്പുളഞ്ഞു
ഫണമുയർന്നവൾ
നേരിൻ വെളിച്ചമേകിയവൾ
ഇരുട്ടിൻ അന്ധകാരത്തിലകപ്പെട്ടവൾ-



Noufira
II nd Sem BCA

# നക്ഷത്രങ്ങളില്ലാത്ത ആകാശം

ഇരുട്ടിന്റെ നിശബ്ദതയിലെന്നും ഞാൻ ആകാശത്തെ തന്നെ നോക്കി കാണുമായിരുന്നു. പല രാത്രിയിലും ഇരുട്ട് നിറഞ്ഞ ആകാശത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ എനിക്ക് പ്രിയപ്പെട്ടവരായിരുന്നു. പകലുകളെക്കാൾ രാത്രിയെ ഇഷ്ടപ്പെടുന്നുവെന്നു തോന്നൽ എന്റെ മനസ്സ് എന്നോട് മന്ത്രിച്ചു. ചില പ്രത്യേകദിവസങ്ങളിൽ അവ പുഞ്ചിരിക്കുന്നത് എനിക്ക് കാണാമായിരുന്നു. അവ ആകാശത്ത് നിന്നും ഇറങ്ങി വന്ന് എനിക്ക് ചുറ്റും നൃത്തമാടുന്ന കാഴ്ച കണ്ണുകൾക്ക് എന്നും ഹരമായിരുന്നു. എന്നെ കൂട്ടമായി പുണരുന്നുണ്ടെന്ന തോന്നൽ എന്റെ മനസ്സിനെ ആനന്ദത്തിൽ ആറാടിക്കുമായിരുന്നു. കാലങ്ങൾ പിന്നിട്ടപ്പോൾ സ്നേഹശൂന്യത കടന്നുവന്നതിനാലാകാം ഞാൻ അവരെ ശ്രദ്ധിക്കാതെയായത്. പണ്ടെന്നോ ഞാൻ സ്നേഹിച്ചിരുന്നു, എന്നെ സ്നേഹിച്ചിരുന്ന നക്ഷത്രങ്ങളെ കാണാനും അവയോടൊന്ന് സംവദിക്കാനും പല ഇരു രാത്രികളിലും ഞാൻ തനിച്ചിരിക്കാറു്. പക്ഷേ പിന്നീടൊരിക്കലും കാണാനാകാത്ത വിധം ഒരകലം ഞങ്ങൾ തമ്മിലുണ്ടെന്ന് എനിക്ക് തോന്നി. വെട്ടിതിളങ്ങുന്ന നക്ഷത്രങ്ങളെ ഒന്ന് കാണാനുള്ള എന്റെ മോഹങ്ങളെ ഏതോ കോണിലൊളിപ്പിച്ചു വെച്ച് ആകാശം എന്നെ പരിഹാസ ഭാവത്തോടെ നോക്കി. ഇന്നിതാ ഞാൻ തിരിച്ചറിയുന്നു ഇരു ആകാശത്തിൽ നക്ഷത്രങ്ങളെ എനിക്ക് കാണാൻ കഴിയുന്നില്ലെങ്കിൽ എന്നിൽ നിന്ന് ഞാൻ സ്നേഹിക്കുന്നവരും ഇല്ലാതായത് കൊണ്ടാണ്. ഇന്നെന്നോ സ്നേഹം എന്നിൽ നിന്ന് പാടേ ഇല്ലാതായി . ആ ഇരുട്ട് ആകാശത്തെ പോലെ എന്റെ മനസിലെ സ്നേഹമെന്നവാക്കിനും എന്തോ ഒരു ശൂന്യത................





Athira
II nd Sem Eng




# എന്റെ ഡയറിക്കുറിപ്പുകൾ

എൻ നൊമ്പരങ്ങളെ തൊട്ടുണർത്തുന്ന
ഹൃദയതന്ത്രിയാണെൻ ഡയറിക്കുറിപ്പുകൾ എൻ ഹൃദയമുരളിമീട്ടിടുന്ന
സപ്തസ്വരമാണെൻ ഡയറിക്കുറിപ്പുകൾ
ഇതിലെല്ലാം കുറിച്ചിടാം, ഇതിലെല്ലാം പകർത്തിടാം
എൻ മനസ്സിൻ കണ്ണാടിയാണിത്
എന്റെ ആത്മാവിൽ തൊട്ട കൂട്ടുകാരിയാണിത്
ഇതിലുണ്ടല്ലോ പ്രണയത്തിൻ നേർത്ത സംഗീതം
ഇതിലുണ്ടല്ലോ വിരഹത്തിൻ കണ്ണീർകയം
വേണ്ടോളം സ്നേഹം പകർന്നീടാൻ കഴിയാതെ
എന്നിൽ നിന്നും പോയതാമെന്റെ താതന്റെ കഥ
വാത്സല്യത്തിൻ അക്ഷയപാത്രമായന്റെ
ജനനിതൻ കഥ,
എൻ ഹൃദയം കൊതിച്ചഎൻ കാമിനിതൻ കണ്ണീർ കഥ
ഓമന മക്കൾക്കായി നൽകിയ പാവന-
സ്നേഹത്തിന്റെ തിരക്കഥ
ഇല്ല കഴിഞ്ഞില്ല സോദര സുഖത്തിനായ്
ആത്മസമർപ്പണം ചെയ്ത
സോദരസ്നേഹത്തിന്റെ ജന്മസാഫല്യമാം കഥ
ഇല്ല, ഇവളെൻ കഥ ആരോടും പറയില്ല
ഹൃദയ ഫലകങ്ങളിൽ കൊത്തി സൂക്ഷിച്ചു വയ്ക്കും
ഇവളെൻ സഖി എൻ ആത്മാർത്ഥ മിത്രം
ഇവളെ പിരിഞ്ഞൊരു ദിനം എനിയ്ക്കാവില്ലല്ലോ .....





# വാഴ്വിനെ സ്നേഹിപ്പൂ ഞാൻ
# അതിനാൽ ദുഃഖിപ്പൂ ഞാൻ

കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ളാക്കൽ കുടുംബത്തിൽ ഒ.എൻ. കൃഷ്ണക്കുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടെയും പുത്രനായി 1931 മെയ് 27–ന് ജനിച്ചു. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഇളയമകനാണ് ഒ.എൻ.വി. എട്ടുവയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പരമേശ്വരൻ എന്നായിരുന്നു ആദ്യം പേര്. അപ്പു ഓമനപ്പേരും. സ്ക്കൂളിൽ ചേർത്തപ്പോൾ മുത്തച്ഛനായ തേവടി വേലുക്കുറുപ്പിന്റെ പേരാണ് നൽകിയത്. അങ്ങനെ അച്ഛന്റെ ഇനിഷ്യലും മുത്തച്ഛന്റെ പേരും ചേർന്ന് പരമേശ്വരൻ എന്ന അപ്പു സ്ക്കൂളിൽ ഒ.എൻ.വേലുക്കുറുപ്പും സഹൃദയർക്ക് പ്രിയങ്കരനായ ഒ.എൻ.വി. യുമായി. പ്രഥമിക വിദ്യാഭ്യാസം കൊല്ലത്ത് ശങ്കരമംഗലം സ്ക്കൂളിൽ തുടർ വിദ്യാഭ്യാസം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948 –ൽ ഇന്റർമീഡിയറ്റ് പാസ്സായ ഒ.എൻ.വി. കൊല്ലം എസ്. എൻ കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952 –ൽ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955–ൽ മലയാളത്തിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കി. 1955 –ൽ ലോക്സഭ തിരഞ്ഞെടുപ്പിൽ ഇടതുസ്വതന്ത്ര്യനായി മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും, കോഴിക്കോട് ആർട്സ് &സയൻസ് കോളേജിലും, തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിലും, തിരുവനന്തപുരം ഗവ. വിമൻസ് കോളേജിലും മലയാളം വിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മെയ് 31–ന് ഔദ്യോഗികജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസർ ആയിരുന്നു. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യപത്രാധിപനായിരുന്നു. 1982 മുതൽ 87 വരെ കേന്ദ്രസാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി. വഹിച്ചു.

ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അദ്ധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. യു.കെ.,കിഴക്കൻ യൂറോപ്പ്, യുഗോസ്ളോവ്യ, സോവിയറ്റ് യൂണിയൻ, അമേരിക്ക, ജർമ്മനി, സിംഗപ്പൂർ, മാസിഡോണിയ, ഗൾഫ് രാജ്യങ്ങൾ എന്നീ വിദേശ രാജ്യങ്ങളിൽ ഒ.എൻ.വി. സന്ദർശനം നടത്തിയിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി. തന്റെ ആദ്യ കവിതയായ "മുന്നോട്ട്" എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ "പൊരുതുന്ന് സൗന്ദര്യം" ആണ് ആദ്യത്തെ കവിതാസമാഹാരം. ആദ്യം ബാലമുരളി എന്ന പേരിൽ പാട്ടെഴുത്ത് തുടങ്ങിയെങ്കിലും "ഗുരുവായൂപ്പൻ" എന്ന ചലചിത്രം മുതലാണ് ഒ.എൻ.വി എന്ന പേരിൽ തന്നെ ഗാനങ്ങൾ എഴുതിയത്. 6 പതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്. സാഹിത്യരംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠം പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്രസർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൻ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

ചങ്ങമ്പുഴയുടെ കാവ്യപ്രവാഹത്തിന്റെ മാസ്മരികതയിൽ വല്ലാതെ ഭ്രമിച്ചുപോയ ഒരു കൗമാരയൗവനകാലത്തിലൂടെയാണ് കവിക്ക് കടന്നുപോകേണ്ടിവന്നത്. ചങ്ങമ്പുഴയെപോലെ കാല്പനികതയുടെ സൗന്ദര്യത്തിന്റെ തീവ്രഉപാസകനായിരുന്നു ഒ.എൻ.വി.യും എന്നാൽ ജീവിതനേരിന്റെ ഉപ്പ് ബാല്യകൗമാരങ്ങളിൽ ആവോളം രുചിച്ച ഒ.എൻ.വിയുടെ കവിതകളിൽ മനുഷ്യവേദനയുടെ ചെങ്കനലുകൾ ചിതറിക്കിടപ്പുണ്ടായിരുന്നു. വ്യക്തിജീവിതത്തിലെ വേദനകളും അനാഥത്വവും മാത്രമല്ല, ജന്മനാടായ ചവറയിലെ തൊഴിലാളികളുടെ കൊടിയ ദുരിതങ്ങളും ഒ.എൻ.വി.യിലെ കവിയെ ഉണർത്തി. വിപ്ലവകാരിയെ ഉണർത്തി, മനുഷ്യസ്നേഹിയെ ഉണർത്തി. ബാല്യകാലത്ത് ചവറയിലെ കരിമണൽ ഫാക്ടറികളിൽ പണി ചെയ്തിരുന്ന കറുത്തുണങ്ങിയ പട്ടിണി പാവങ്ങളുടെ ശരീരത്തിലെ കരിമണൽ തന്റെ ഇളം മനസ്സിനെ കുത്തിവേദനിപ്പിച്ചിരുന്നു എന്നും കവി പല വേദികളിലും പറഞ്ഞിരുന്നു. അതുപോല ജന്മിത്വ വ്യവസ്ഥ നിലനിന്നിരുന്ന ഗ്രാമപ്രദേശത്തിലെ കർഷകന്റെ ദീനതയും കുട്ടിക്കാലത്ത് കവിയുടെ തീരാനൊമ്പരമായിരുന്നു. യഥാസ്ഥിതികനായ തറവാട്ടിലാണ് ജനിച്ചതെങ്കിലും വിധിവൈപരീത്യത്താൽ ബാല്യകാലത്ത് തന്നെ കവിക്ക് നേരിടേണ്ടിവന്ന അനാഥത്യ ദാരിദ്രവും ഒരു പക്ഷേ പാവപ്പെട്ട മനുഷ്യരുമായി താദാത്മ്യം പ്രാപിക്കുവാൻ കവിയെ പ്രേരിപ്പിക്കുകയോ അതിനദ്ദേഹത്തെ പ്രാപ്തനാക്കുകയോ ചെയ്തിട്ടുണ്ടാവാം.

"നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന നാടകത്തിനു വേണ്ടി അദ്ദേഹം എഴുതിയ "നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയെ....." എന്ന ഗാനത്തിന് നമ്മൾ കാണുന്നത് അവർണ്ണർ എന്ന് മുദ്രകുത്തപ്പെട്ട മനുഷ്യരുടെ ആകാശത്തോളം അനന്തമായ സ്വപ്നങ്ങൾ അടയാളപ്പെടുത്തുകയായിരുന്നു. സവർണ്ണനായ്, പേരുകേട്ട കുടുംബത്തിൽ ജനിച്ച ഒ.എൻ.വി. യെ ഗായകനാക്കുന്നതും ചെറുപ്പക്കാലത്തെ ജീവിതദുഃഖങ്ങളും നിലനിൽപ്പിന്റെ സമരങ്ങളും തന്നെയാണ്. നിസ്വവർഗ്ഗത്തോടുള്ള സ്നേഹസഹതാപം. ജീവിതത്തോടുള്ള അടങ്ങാത്ത സ്നേഹം, നന്മക്കുവേണ്ടിയുള്ള കാത്തിരിപ്പ്. മനുഷ്യത്വം മരവിപ്പിക്കുന്ന ലോകത്തോടുള്ള അമർഷം എല്ലാം കവിയെ കൊണ്ട് നിരന്തരം പാടിച്ചു.

"വാഴ്വിനെ സ്നേഹിപ്പൂ ഞാൻ
അതിനാൽ ദുഃഖിപ്പൂ ഞാൻ
ആവില്ല മറ്റൊന്നുമേ
അതിനാൽ പാടുന്നു ഞാൻ "

ചാവറയിലെ ഒറ്റപ്പെട്ട ബാല്യകാല ജീവിതം അമ്മയുടെ വൈധവ്യത്തിന്റെ കണ്ണുനീർ, കളിക്കൂട്ടുകാർ ഇല്ലാതെ കളിച്ചിരി ഇല്ലാതെ കടന്നുപോയ കുട്ടിക്കാലം. ഇവയെല്ലാം ഒ.എൻ.വി.യെ ജീവിതത്തിന്റെ ഉത്സവങ്ങളിൽ നിന്നകറ്റി. ബഹളങ്ങളിൽ നിന്നകറ്റി. ഒരൊറ്റ നേർരേഖയിലൂടെ മാത്രം നടക്കുവാൻ കവിയെ പ്രേരിപ്പിച്ചു. എന്നാൽ വ്യക്തിത്വത്തിലെ നൂനതകളെല്ലാം കവിതകളിലൂടെ കവി അറിയാതെ നികത്തി കവിതകളെക്കുറിച്ച് മറ്റൊരു കവി അടുത്തക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല. മാനവികതയായിരുന്നു ഒ.എൻ.വി കവിതകളുടെ മായാമുദ്ര എന്നു തന്നെപറയാം. മാനവികതയുടെ ശുഭാകാശത്ത് ഉയർന്നു പറക്കുമ്പോളും പ്രപഞ്ചവുമായുള്ള ഒരനന്തലയം കവിക്ക് ഉണ്ടായിരുന്നു. പ്രപഞ്ചത്തിന്റെ ആത്മസൗന്ദര്യം ദർശിച്ച കവി പ്രകൃതിയുടെ സൗന്ദര്യ ചൈതന്യവും കണ്ടു.

പ്രപഞ്ചം തന്നിലും താൻ പ്രപഞ്ചത്തിലും എന്ന അനുഭൂതിയിൽ സ്വയം വിസ്മൃതിയിൽ പാടി കവിയുടെ ഈ ആധ്യാത്മ പരിസ്ഥിതി ദർശനത്തിൽ നിന്നാണ് പ്രകൃതിയോടുള്ള സ്നേഹവും പ്രണയവും പ്രകൃതിയുടെ നോവിലുള്ള വേദനയും എല്ലാം ഉണർന്ന് വന്നത്. കവിതകളിൽ മാത്രമല്ല ഗാനങ്ങളിലും വയൽപ്പൂവിനെയും മുക്കുറ്റിയെയും പ്രതിഷ്ഠിച്ച കവി പ്ര




കൃതിയേയും മരക്കൊമ്പുകളിൽ ഇരുന്ന് കിന്നാരം പറയുന്ന കുയിലിനെയും പനന്തത്തകളെയും സ്നേഹിച്ചിരുന്നു. പ്രകൃതി സ്നേഹം വഴിഞ്ഞൊഴുകുന്ന നിരവധി കവിതകൾ ഒ.എൻ.വി. എഴുതി. കവിക്ക് ചിലപ്പോൾ പ്രകൃതി അമ്മയായി, മറ്റുചിലപ്പോൾ പ്രാണപ്രേയസിയും. "നക്ഷത്രങ്ങൾ" എന്ന ഹിറ്റ് ചിത്രത്തിലെ ഗാനത്തിലൂടെ "ആരെയും ഭാവഗായകനാക്കും ആത്മസൗന്ദര്യമാണ് നീ...." എന്നാണ് ഒ.എൻ.വി. പറഞ്ഞു പോകുന്നത്. പ്രകൃതി എന്നെങ്കിലും ഒരു താളപിഴ വരുമ്പോൾ ഒരു ആറാം ഇന്ദ്രീയം കൊണ്ട് കവി അറിയും. "ദിനാന്തം" എന്ന കവിതയിൽ അദ്ദേഹം കുറിച്ചിട്ടതിങ്ങനെയാണ്.

" ഭൂമിയെ സ്നേഹാർദ്ര
മാം ലാളനങ്ങളാൽ
കോൾമയിർ ക്കൊള്ളിക്ക
യെന്നുമാപാണികൾ!"

"ഭൂമിക്കൊരു ചരമഗീതം" എന്ന കവിതയെ എഴുതാൻ ഒ.എൻ.വിയെ പ്രേരിപ്പിച്ചതും ഈ സ്നേഹവും കരുതലുമാണ്. ഭൂമിയെ വീണ്ടെടുക്കുവാനുള്ള അവസാനമോഹമാണ് കവിയെ നയിച്ചത്. ഒപ്പം മനുഷ്യവേദനകളിൽ കരൾ പിടഞ്ഞപ്പോൾ ഇവിടെ ഈ വീടിന്റെ ഇറയത്തിരിക്കെ എവിടെയോ തീ കത്തിയാളുന്നതറിയുന്നു എന്നെഴുതിയ കവിക്ക് മനുഷ്യന്റെ വേദന തന്നെ ആയിരുന്നു എക്കാലത്തും കാവ്യസപര്യക്കുള്ള ഊർജ്ജം പകർന്നത്. "ഇവിടെ എനിക്കൊരു വീടുണ്ട്" എന്ന് ആദ്യംപാടിയ കവി പിന്നെ എവിടെയും എനിക്കൊരു വീടുണ്ട് എന്ന മഹാദർശനത്തിലേക്ക് പടർന്നു പന്തലിക്കുന്നു. ഞാൻ എന്നതിൽ നിന്നും എന്റെ ദുഃഖം, എന്റെ ലോകം എന്ന ചെറിയ വൃത്തത്തിൽ നിന്നും മനുഷ്യ ദുഃഖത്തിന്റെ സമസ്തതയിലേക്കും കവി പടർന്നു. ഒടുവിൽ ദിനാന്തത്തിൽ തന്നെ നിശബ്ദരാക്കപ്പെട്ട മനുഷ്യരുടെ ശബ്ദം കവി കേട്ടത് ഇങ്ങനെയാണ്.

" നമ്മൾ ജയിക്കും ,
ജയിക്കുമൊരു ദിനം!
നമ്മളൊറ്റയ്ക്കല്ല!
നമ്മളാണീ ഭൂമി"

മുക്കുറ്റിപൂവിന്റെയും ഇലഞ്ഞിപ്പൂക്കളുടെയും കണ്ണാന്തളിയുടെയും സൗന്ദര്യത്തിൽ ആമഗ്നനായ കവിക്കു തന്നെ ഇനിയും മരിക്കാത്ത ഭൂമി "നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി"..... എന്നു ഹൃദയം നുറുങ്ങി പാടേണ്ടി വന്നു. കാലം മലയാളത്തിനു സമർപ്പിച്ച കാവ്യ ഗന്ധർവ്വനായിരുന്നു ഒ.എൻ.വി. ഹരിതമൃദുകഞ്ചുകം ചാർത്തിയ ഈ ഭൂമിയുടെ സ്വർഗ്ഗീയസൗന്ദര്യത്തിൽ മതിമറന്നു പാടിയ ആ ഗന്ധർവ്വന് പ്രണാമം...



Bhavina
IInd Sem B.com B

# ഒരു നഷ്ടസ്വപ്നം

ഒരു നേർത്ത മഴത്തുള്ളിപോലെ
നിൻ മുഖമെൻ മനസ്സിൽ തെളിഞ്ഞിരുന്നു.
ഒരു കാറ്റിൻ  താളം പോലെ
നിൻ സ്വരമെൻ കാതിൽ മുഴങ്ങിയിരുന്നു.
ഒരു ദീപത്തിൻ തെളിച്ചം പോലെ
നിൻ കണ്ണുകളെൻ മനസ്സിൽ തെളിഞ്ഞിരുന്നു.
ഒരു കാറ്റിൻ തലോടൽ പോലെ
നിൻ കൈകളെന്നെ തലോടിയിരുന്നു
ഒരു കടലിന്റെ തിരമാലപോലെ നീ എന്നിൽ മറഞ്ഞിരുന്നു
നിന്റേയോരോതുള്ളി കണ്ണുനീരും
എൻ മനസ്സിൽ  ഓരോ മുത്തായ് പൊഴിഞ്ഞിരുന്നു.
ഒരു പാട്ടിന്റെ  താളം പോലെ
നീയെന്നെ  തലോടിയിരുന്നു
നിൻ ചുണ്ടിൽ നിന്നും  പൊഴിയുന്ന പുഞ്ചിരി
എൻ മനസ്സിൽ  കുളിർമഴയായ് പെയ്തിരുന്നു.
ഒരു നേർത്ത തേങ്ങലായ്
നിൻ രൂപമെൻ മനസ്സിൽ തെളിഞ്ഞിരുന്നു.





Amal J agustian
IV th Sem Eng




# പല്ലി

എന്റെയച്ഛൻ പല്ലിയായിരുന്നു
അമ്മ വാലും,
അങ്ങനെ അച്ഛൻ ജീവനും
അമ്മ അവശേഷിപ്പുമായി.
അവശേഷിപ്പിലെന്നെപേറിയ–
നാൾതൊട്ടിന്നലെ
കത്രികവച്ച പുക്കിൾകൊടിവരെ
അച്ഛൻ ജീവനും അവശേഷിപ്പുമായി
എൻ ശൈശവ ബാല്യ വസന്തത്തിൻ
അച്ഛനെനിക്കു ജീവനായി
കൗമാരത്തിലൂന്നിയ മാത്രയിൽ
അവരെനിക്ക് പല്ലിയായി
വാൽ മുറിഞ്ഞ യൗവ്വനത്തിൽ
ജീവൻ തേടിയ വാലിലൊന്നിന്നെന്റെ
അവശേഷിപ്പായി
അങ്ങനെ ഞാനും പല്ലിയായി.



Athul Parameswaran
II nd Sem Maths

# ബലി



കാലത്തിൻ പ്രയാണത്തിൽ
കാതങ്ങൾ പിന്നിട്ടുഞാൻ
കാലൂന്നി നിൽക്കുന്നിതാ പേരാർ തടത്തിലായ്.
അനാഥയായ് അബലയായ്
അവശയായലയുന്ന
നിളയുടെ നെടുവീർപ്പുയർന്നു!
ആ കണ്ണുനീർത്തുള്ളിയിൽ,
നദിതൻ മാറിലൂടാരോ മണൽകുഴിക്കുന്നു.
മരണമാം ദൂതനെ കാത്തുകിടക്കുന്ന
മരവിച്ച മനവുമായ് വീണ്ടും
ഒരിറ്റു കണ്ണീർച്ചാലായ്, തൻ
പാതയെ പിറകോട്ടു നോക്കി.
അലതല്ലി, കുതികുതിച്ചൊഴുകീ നടന്നൊരാ
സുവർണമാം കാലത്തെയോർത്തു
പുലർകാലസൂര്യനും, പൂനിലാവും,
പൂതവും, പൂരവും, പൂത്ത-
കണിക്കൊന്നയും മാഞ്ഞുപോയ്.
മായാത്ത മാമാങ്കമുഖരിതമാം-
മൺതിട്ട, തൻസ്മൃതികളെ കാർന്നുതിന്നുന്ന
മല മുതൽ കടൽവരെ നീളുമാ
ജീവിതനൗകയിനിയെത്ര നാൾ?
ഒരിറ്റു കണ്ണീർച്ചാലായ് ഒഴുകുന്ന
നിളയെ ഞാൻ നമസ്കരിക്കുന്നു.
പാവനമാം ഈ മണൽത്തിട്ടയിൽ,
ഞാനും നിനക്കായ്.
ബലിതർപ്പണം നടത്തട്ടെ.



Sneha .S
VI th Sem Eng

ഈ ചിങ്ങത്തിലേക്ക് അവൾക്ക് 16 തെകയേയുള്ളൂ, ഇപ്പ തന്നെ കല്ല്യാണം കഴിപ്പിക്കാന്ന് പറഞ്ഞാ.. . .

# നിങ്ങളിൽ സ്ഫുരിക്കുന്നുവോ ഞാൻ

പതിവുപോലെ സ്കൂൾ വിട്ട് കൂട്ടുകാരോടുകൂടി കലപിലകൂട്ടി ഞാൻ കയറി ചെന്നത് ഉമ്മറത്തിരുന്ന് ഏതോ ദീർഘമായ ചർച്ചയിലേർപ്പെട്ട അമ്മയുടെയും, അച്ഛമ്മയുടെയും ഇടയിലേക്കായിരുന്നു. ബാഗ് ഏതോ വിദൂരതയിലേക്ക് വലിച്ചെറിഞ്ഞ് അവരുടെ സംഭാഷണം ഒളിച്ചു കേട്ടു. "ഈ ചിങ്ങത്തിലേക്ക് അവൾക്ക് 16 തെകയേയുള്ളൂ, ഇപ്പ തന്നെ കല്ല്യാണം കഴിപ്പിക്കാന്ന് പറഞ്ഞാ.. . . ." അമ്മയുടെ വിഷമം നിറഞ്ഞ ആ ശബ്ദത്തിന് തുടർച്ചയായത് അച്ഛമ്മയുടെ വാക്കുകളായിരുന്നു. നീ എന്താ നളിനി പറയുന്നത് പണിയ്ക്കരു പറയുമ്പോൾ നീയും അവിടെ ഉണ്ടായിരുന്നതല്ലെ. മീനൂട്ടിയ്ക്ക് 16 -ലാണ് മംഗല്യയോഗം, അതു കഴിഞ്ഞാൽ പിന്നെ 35-ലെള്ളൂ. അതിലാണെങ്കിൽ വൈധവ്യയോഗവും. അച്ഛമ്മയുടെ വാക്കുകൾ ഒരു ഇടുത്തി പോലെയാണവൾക്കു തോന്നിയത്. എന്റെ സ്വാതന്ത്ര്യത്തിനും, വിദ്യാഭ്യാസത്തിനും, ബാല്യത്തിനും മേലെ കരിനിഴൽ വീഴ്ത്തികൊണ്ട് അവർ ആ തീരുമാനത്തിലെത്തി. എന്റെ വിവാഹം എന്റെ എല്ലാ പ്രതീക്ഷകളും തകർത്തുകൊണ്ട് അച്ഛനും അവരുടെ അഭിപ്രായത്തോടൊപ്പമായിരുന്നു. അച്ഛനും അവരുടെ മുന്നിൽ ഒട്ടും പ്രസക്തമായിരുന്നില്ല. വലിയ കാര്യങ്ങളിൽ കുട്ടികൾ ഇടപെടാൻ പാടില്ലത്രേ. . .



ഒരു ഭൂമികുലുക്കം പോലെ മൂന്നു മാസത്തിനുള്ളിൽ എന്റെ വിവാഹനിശ്ചയവും കഴിഞ്ഞു. എന്റെ ബാല്യത്തിൽ നിന്നും നേരെ കുടുംബജീവിതത്തിലേക്ക് ആ താലി എന്റെ കഴുത്തിൽ വീഴുന്നതിനു തൊട്ടുമുമ്പുവരെ ഞാൻ പ്രതീക്ഷിച്ചിരുന്നു. ആരെങ്കിലും ഒരാൾ എന്നെ ഈ കുരുക്കിൽ നിന്നും രക്ഷിച്ചിരുന്നെങ്കിൽ എന്ന്. പക്ഷെ, അതുണ്ടായില്ല. ഋതുഭേദങ്ങൾ മാറിമറിഞ്ഞു. എന്റെ മനസ്സും പുതിയ ജീവിതസാഹചര്യത്തോട് പൊരുത്തപ്പെട്ടു കഴിഞ്ഞിരുന്നു. ജന്മഗൃഹത്തിൽ ഞാനൊരു അതിഥിയായി മാറിയപ്പോൾ ഭർതൃഗൃഹത്തിൽ സ്വന്തമെന്ന് ഞാൻ വിശ്വസിച്ചു. പക്ഷെ 60 വയസ്സു വരെ ജാതകം ആയുസ്സ് വിധിച്ച അദ്ദേഹം 35 വർഷത്തെ ജീവിതം ബാക്കിയാക്കി. പതിനെട്ടു വയസ്സുള്ള എന്നെ വിധവയാക്കി യാത്രയായി. അതോടു കൂടി ഭർതൃഗൃഹം കൂടി എനിക്ക് അന്യമായി. വിധവയായ എനിക്ക് സമൂഹം കൽപ്പിച്ചു തന്നത് നാലുചുവരുകൾക്കുള്ളിലെ നിറം മങ്ങിയ ജീവിതമായിരുന്നു.

ജാതകം എന്റെ ബാല്യത്തിനും, വിദ്യാഭ്യാസത്തിനും, സ്വാതന്ത്ര്യത്തിനും മാത്രമായിരുന്നില്ല. എന്റെ ജീവിതം കൂടി ആയിരുന്നു ഇല്ലാതാക്കിയത്. വിധി എന്ന് പറഞ്ഞ് സമാധാനിപ്പിച്ചവർക്ക് ഒരിക്കലും എനിക്ക് നഷ്ടപ്പെട്ടത് തിരിച്ചുതരാൻ പറ്റില്ല. ശാസ്ത്രം വികസിച്ചു, സമൂഹം പുരോഗമിച്ചു എന്നിട്ടും ചിലയിടങ്ങളിൽ സ്ത്രീ ജന്മത്തിന് ഇന്നും ഈ തടവറയിൽ നിന്നും മോചനമില്ലേ ?? !!



Pranav .T
IV th Sem Eng Pvt




# ജീവിതയാത്ര

പ്രത്യാശതൻ കിരണങ്ങൾ തേടുമീ പ്രയാണത്തിൽ
നോവും നൊമ്പരങ്ങളും ബാക്കിയായി.
നിർഭാഗ്യങ്ങൾ വരവായ് ലഭിച്ചൊരു–
ഭാഗ്യവാനെന്നൊരു കീർത്തിയായി.
സ്വപ്നങ്ങളെന്നും സ്വപ്നങ്ങളായ് മാത്രം
ശേഷിപ്പതിന്നെൻ നിയോഗമായി.
മറ്റുള്ളവർ തൻ ആനന്ദം കാണുവാൻ എൻ–
ഇഷ്ടങ്ങളെ ഞാൻ അടർത്തിമാറ്റി.
അടരുവാൻ കഴിയാത്തൊരാ ഹൃദയവും ഇന്നു–
അകൽച്ചതൻ പാതയിൽ സഞ്ചരിച്ചു.
വിധിയുടെ ക്രൂരതയ്ക്കെതിരെ ബാണമയക്കാനാഗ്രഹം
പക്ഷെ ഞാൻ പാർത്ഥനല്ല, ഗാണ്ഢീവവുമില്ല
എന്നോ നീലക്കുറിഞ്ഞിപോൽ മൊട്ടിട്ടൊരെൻ
നല്ല നിമിഷങ്ങളും
പിന്നിട്ട വഴികളിൽ സാന്ത്വനമേകിയൊരാ–
പുഞ്ചിരിയും ഞാൻ ഓമനിപ്പൂ.
അകലെയെന്നാകിലും എന്തേതുമാത്രമെന്നുറച്ചു–
ഞാൻ എന്റെ ജീവിതയാത്ര തുടർന്നീടട്ടെ. . . .



Archana .pP
II nd Sem Maths

# സെന്റ്മേരീസിലെ മാങ്ങാ മരം

ആദ്യമായി ഞാനാ പാവന ഭൂമിയാം
കോളേജ് അങ്കണത്തിൽ നിൽക്കവെ,
എന്നിലേക്കമൃതമാം ചെറു തണൽ
പകർന്നൊരെൻ തേൻമാവെ,
അറിയുന്നു ഞാൻ ; നിൻ ചെറുചില്ലകൾ
ചൊരിയുമാ നന്മയും
അതിലുമുപരിയായെന്നിൽ
പകർന്നൊരാ കരുതലും

ഓർക്കുന്നു ഞാൻ എന്നിലും
അതിലുപരിയായ് എൻ സുഹൃത്തുക്കളിലും
ആനന്ദനൃത്തമാടിയിരുന്ന ആ ധൂളികളാം
ചെറുമാമ്പൂ പരത്തും സുഗന്ധത്തെ
ഞാനുമെൻ സുഹൃത്തുക്കളും
മനസ്സിലിട്ടങ്ങോളമിങ്ങോളമാട്ടിയുറക്കിരുന്ന,
ആ ഉണ്ണിമാങ്ങകളാം സ്വപ്നത്തെ
ഇന്നെനിക്കന്യമാം ആ  സുഗന്ധവും
അതിലൂറിയിരുന്നാ സ്വപ്നവും

അതിതീക്ഷണമാം ദു:ഖമെന്നിരുന്നാലുമാ
സത്യമാം മുള്ളുമരങ്ങളെന്നിലേൽപ്പിക്കുമാ
പ്രഹരത്തെ ഞാൻ അറിയുന്നു;
ഞാനുമെൻ സുഹൃത്തുക്കളും
ഓമനിച്ചുവച്ചൊരാസ്വപ്നവും
അതിലൂറുമാ ഉണ്ണിമാങ്ങകളും
അതിലുമുപരിയായ് കരുതലാം
തണലെന്നിൽ ചൊരിഞ്ഞൊരാ
മാഞ്ചില്ലതൻ നഷ്ടവും !



Fathimath Naseeha
VI th Sem Phy

# ദേശസ്നേഹികൾ

അറിഞ്ഞില്ലിന്നുവരെയും ഞാൻ പിടിയ്ക്കുന്നത-
വരുടെ ഹൃദയം സഹോദര സുരക്ഷയ്ക്കായ്
ഭികരരുടെ വെടിയേറ്റു വീഴുമ്പോഴും നാവിൽ
നിന്നുവരുന്നതൊന്നു മാത്രം  ഭാരത്മാതാ കീ ജയ്,
അതിർത്തി വേലിപ്പുറങ്ങളിൽ ഇമവെട്ടാതെ
ഓർത്തിരിക്കുന്നതൊന്നു മാത്രം
എന്റെ  രാജ്യമാണെനിക്കു വലുത് .
എന്റെ സോദരരാണെന്റെ സമ്പത്ത്
ഇന്നെന്റെ ചുമലിലാണവരുടെ സുരക്ഷയെന്നതിനാൽ
കാത്തീടണം ഞാനവരുടെ ജീവൻ
വെടികളോരോന്നും നെഞ്ചിലേറ്റു  വാങ്ങുമ്പോൾ
എന്റെ  രാജ്യം  സുരക്ഷിതമാവണേ എന്നനിലവിളിമാത്രം
മുഴുങ്ങുന്നതെന്നുമെൻ കാതുകളിൽ വെടിയൊച്ചക-
ളോരോന്നും നമുക്കായ് ഏറ്റുവാങ്ങുന്നവ മാത്രം.
വെള്ള പുതപ്പിച്ച ചേതനയേറ്റ ശരീരം ഏറ്റുവാ-
ങ്ങുമ്പോൾ അഭിമാനിയ്ക്കാം നിങ്ങൾക്കുമമ്മേ
നിങ്ങളുടെ മകനൊരു രാജ്യസ്നേഹിയാണെന്ന്
അവനൊരിക്കലും  മരണമില്ലെന്നും ജീവിയ്ക്കുന്നു
ഓരോ ഇന്ത്യക്കാരുടെയും  മനസതിനുള്ളിലെന്നും
രക്തം രക്തത്തെ  മറന്ന ഈ യുഗത്തിൽ
വീഴുന്നു നിന്റെ  നെഞ്ചിലെ രക്തം ഞങ്ങൾക്കായ്മാത്രം
നിങ്ങളറിയുന്നുണ്ടാവാം ഇന്ത്യയെന്ന ഒരമ്മതൻ
മക്കളാണു നമ്മളെന്ന്.
സോദരാ നിങ്ങൾക്കുപ്രണാമം , പ്രാർത്ഥിക്കാം
ഇനിയുമെന്നും പിറക്കാൻ നിങ്ങളുടെ സോദരിയായ് .....






# ആസൂത്രണം ചെയ്യാം നഗരവും കരിയറും ഒരു അന്വേഷണ റിപ്പോർട്ട്

നഗരാസൂത്രണമെന്നത് കേവലമൊരു നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നത് മാത്രമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അടിസ്ഥാന സൗകര്യവർധന എന്നത് നഗരാസൂത്രണത്തിന്റെ താഴെ വരുന്ന അനവധി ഫംങ്ഷൻസിനു ഒന്നു മാത്രമായി ഒതുങ്ങുക തന്നെ ചെയ്യുന്നു. ഒരു ബിരുദധാരി അല്ലെങ്കിൽ സൊസൈറ്റിയുമായി ദീർഘവീക്ഷണം നടത്തുന്ന ഒരു കോമൺ മാൻ എന്ന നിലയിൽ നമ്മൾ കടന്നു ചെല്ലേണ്ടത് നഗരാസൂത്രണം കൊണ്ട് നമുക്കെന്ത് നേട്ടം എന്നൊരു തലക്കെട്ടിലേക്കാണ്. നഗരാസൂത്രണം അതിന്റെ അനന്ത സാധ്യതകൾ... അവസരങ്ങൾ അതിലൂടെ ഒരു തൊഴിൽ എന്ന ജീനിയസ്സ് മേൽത്തട്ടിൽ നമ്മൾ എത്തിച്ചേരേണ്ടത് അനിവാര്യമാണ്. ജീവനും ജീവിതവും ആസൂത്രണം ചെയ്യാനൊരുങ്ങുന്ന കൗമാരക്കാർ ഉറച്ചമനസ്സോടെ ആസൂത്രണം ചെയ്യാനൊരുങ്ങണം. അത് കെട്ടുറപ്പുള്ള ഒരു കരിയർ തന്നെയാവണം.

'Without Planning nothing in possible' വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം ഉറപ്പായ തോൽവിയുടെ ആരംഭമാണ്. വാണിജ്യ (Commerce) വിദ്യാർത്ഥികൾക്ക് ഇതിലുപരി ഊന്നിപ്പറഞ്ഞു തരേണ്ട ആവശ്യകത ഉദിക്കുന്നില്ലല്ലോ? ഇന്ന് പലരുടെയും തോൽവിക്ക് കാരണമാവുന്നത് ഇത്തരത്തിലുള്ള ആസൂത്രണക്കമ്മിയാണ്. പത്താം ക്ലാസ്സ് പാസ്സായാൽ +2, പിന്നെ ഡിഗ്രി, മാസ്റ്റർ ഡിഗ്രി വ്യക്തമായ പ്ലാനിങ്ങില്ലാതെ നടത്തുന്ന ഈ ശ്രേണി ഇന്ന് പലരും ഫോളോ ചെയ്യുന്നു. കൈയിൽ കുറച്ച് കാശുമായി കാസിനോകളിൽ ഗാംബ്ലിംങിനും വരുന്ന അതേ അവസ്ഥ. യുവത്വത്തിന്റെ ആവേശവും ആഘോഷവും വിനോദം തന്നെയാവാം. പക്ഷെ അനന്തമായ ആ ആകാശത്തിലെ ചെറുനക്ഷത്രമായി നമ്മുടെ കരിയറും നമ്മുടെ മനസ്സിൽ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇല്ലെങ്കിൽ തോറ്റുപോവും. ജീവിതത്തിലും സൊസൈറ്റിയിലും അതിലുപരി സ്വന്തം മനസ്സാക്ഷിക്കു മുന്നിലും . . .

നമ്മൾ പറഞ്ഞുവരുന്നത് നഗരാസൂത്രണത്തെക്കുറിച്ചാണ് നമുക്കെല്ലാവർക്കും തന്നെയറിയും കഴിഞ്ഞ കുറച്ചു നാളുകളായി നമ്മുടെ അയൽസംസ്ഥാന നഗരമായ ചെന്നൈ

അനുഭവിച്ചുവരുന്ന ദുരിത കഥ. . . . നമ്മുടെ പത്രമാധ്യമങ്ങൾ സരിതയേയും കോഴയേയും മാറ്റിനിർത്തി കണ്ണീരിന്റെ മേമ്പൊടിയോടെ ചാനൽ റേറ്റിംഗ് കൂട്ടി ആഘോഷിച്ച കുറച്ചുദിവസങ്ങൾ അന്തിയോളം ജോലി ചെയ്ത് കെട്ടി ഉയർത്തിയ സ്വപ്നസൗധങ്ങളും ജീവിതവും ഒരു നിമിഷനേരം കൊണ്ടലിഞ്ഞില്ലാതായി. ആ അവസ്ഥ ഭീകരം തന്നെയാണ്. അഭയാർത്ഥി ക്യാമ്പുകളിൽ എത്തുന്ന ഭക്ഷണപൊതിയും കാത്ത് കണ്ണിമവെട്ടാതെ ഇരിക്കുന്ന അവരും നമ്മുടെ സഹോദരങ്ങളാണ്. ചെന്നൈ നഗരം താരതമ്യേന ഈർപ്പാംശവും മഴയും കുറഞ്ഞ ഒരു പ്രദേശമാണ്. കുടിവെള്ളത്തിനായി മണിക്കൂറുകൾ പൊതുടാപ്പിനുമുന്നിൽ വരിനിൽക്കുന്നതെല്ലാം ചെന്നൈ നഗരത്തിന്റെ നിത്യ കാഴ്ചകളായിരുന്നു. അത്തരത്തിലൊരു സ്ഥലത്ത് നിലയ്ക്കാത്ത പേമാരി. ദൈവത്തിന്റെ തീരുമാനം എന്ന് പലരും നെഞ്ചത്ത് കൈവച്ച് പറഞ്ഞുവെങ്കിലും നമ്മളെപ്പോലെ അത്യാവശ്യം പഠനസമ്പത്തുള്ള ഒരു വ്യക്തി, ആലോചന ശേഷിയുള്ള ഒരു വ്യക്തി. . അത്തരത്തിലുള്ള ഒരു ക്വാട്ടിൽ ഒതുങ്ങുകയാണോ വേണ്ടത്. അതിനെക്കുറിച്ച് ശക്തവും വ്യക്തവുമായ ഒരന്വേഷണം നടത്തിയാൽ നമ്മൾ എത്തിച്ചേരുന്നത് നഗരാസൂത്രണത്തിന്റെ അഭാവം എന്ന തലക്കെട്ടിലാണ്. എന്നാൽ ഇതും അന്തിമമല്ല. ഒരു ബിസിനസ്സ് ലൈഫ് സൈക്കിൾ പോലെ ഈ പ്രൊസ്സസും അടുത്ത തലക്കെട്ടിലേക്ക്.... നമുക്കൊന്ന് എത്തിനോക്കാം. . .

ഇന്ന് നമ്മുടെ ഭാരതത്തിൽ ചെന്നൈ, കൊൽക്കത്ത, മുംബൈ, ഡൽഹി എന്നീ പ്രധാന നഗരങ്ങളിലെല്ലാം തന്നെ നഗരാസൂത്രണത്തിന്റെ അഭാവം ദൃശ്യമാകുന്നുണ്ട്. ആ അഭാവങ്ങളിൽ ഒന്നു തന്നെയാണ് ചെന്നൈയിൽ അനുഭവേദ്യമായത്. 2011 –ലെ സെൻസസ് അനുസരിച്ച് നമ്മുടെ രാജ്യത്തിലുള്ള ജനസംഖ്യയിൽ ഏകദേശം 31% ത്തോളം ജനങ്ങൾ വസിക്കുന്നത് നഗരപ്രദേശങ്ങളിലാണ്. ഏതാണ്ട് 2050 ആവുന്നതോടെ ഈ തോത് ഇരട്ടിയാകും എന്നുമാണ് അനുമാനം. വർധിച്ചുവരുന്ന നഗരവത്ക്കരണം നമ്മുടെ പ്രകൃതിക്കുമേൽ കനത്ത ആഘാതം തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അശാസ്ത്രീയമായ നഗരവത്ക്കരണം ഇത്തരത്തിലുള്ള പ്രകൃതിക്ഷോഭങ്ങൾക്ക് കാരണമാകുന്നു. ശാസ്ത്രീയ നഗരവത്ക്കരണം എന്ന പ്രക്രിയ തുറന്നിടുന്നത് അവസരങ്ങളുടെ ജാലകങ്ങളാണ്. ഇതിലെ വിദ്യാഭ്യാസ പ്രാധാന്യങ്ങളിലൂടെ നമുക്കൊന്ന് സഞ്ചരിക്കാം.

ഒരു നഗരത്തിന്റെ ഭൂഉപയോഗമാർഗ്ഗരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി ആ പ്രദേശത്തിന്റെ സാമ്പത്തിക അടിത്തറ, പ്രകൃതിവിഭവങ്ങളുടെ ചിട്ടയായ ഉപയോഗം, സാമ്പത്തിക നിലവാരം, ജനങ്ങളുടെ സാമൂഹിക ചുറ്റുപാട് എന്നിവയെക്കുറിച്ച് പഠനം നടത്തേണ്ടത് അനിവാര്യമാണ്. അതുപോലെ തന്നെ നിയമപ്രകാരമുള്ള നഗരവികസന മാർഗ്ഗരേഖകൾ, ഗതാഗതവികസന മാർഗ്ഗരേഖകൾ അടിസ്ഥാന സൗകര്യ വർധന സാധ്യതാ പഠനങ്ങൾ ഇത്തരത്തിലുള്ള വികസനങ്ങളിലൂടെ പ്രകൃതിക്കുണ്ടാകുന്ന പ്രഭാവം, സാമൂഹിക മാറ്റങ്ങളുടെ സ്ഥലസംബന്ധിയായ ബന്ധങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ എന്നീ മേഖലകളിൽ നഗരാസൂത്രണത്തിൽ നൈപുണ്യമുള്ളവരെ ഉപയോഗപ്പെടുത്തുന്നു.

Institute of Town Planners of Indiaയുടെ കണക്കനുസരിച്ച് 5000 നഗരാസൂത്രണ പ്രൊഫഷണലിസ്റ്റുകൾ മാത്രമാണ് ഇതുവരെയും രജിസ്റ്റർ ചെയ്തിരിക്കുന്നത്. എന്നുവച്ചാൽ അവസരങ്ങളിനിയും അധികമാണെന്നർത്ഥം. ഒരു മൾട്ടിഡിസിപ്ലിനറി സബ്ജക്ട് ആയ Urban Planning-civil engineering, architecture, physical planing, economics, Sociology, Geography എന്നിവയിൽ നൈപുണ്യം നേടിയവരുടെ കൂട്ടായ പ്രവർത്തനമാണ്. നഗരാസൂത്രണ പ്രൊഫഷണലിസ്റ്റുകൾ ഒരു നഗരത്തിന്റെ ഭാവി വികസന പ്രവർത്തനങ്ങൾ ക്രാന്തദൃഷ്ട്യാ കാണുകയും അതിനനുസൃതമായി ഭൂവിനിയോഗ മാർഗ്ഗരേഖകൾ അവലംബിക്കുകയും ചെയ്യുന്നു.

## Masters in Planing

സർക്കാർ സ്വകാര്യമേഖലകളിൽ ഒരുപോലെ ജോലിസാധ്യതകളുള്ള ഒരു വിദ്യാഭ്യാസ യോഗ്യതയാണ് നഗരവികസനം എന്നത്. സർക്കാരിന്റെ മേൽനോട്ടത്തിലുള്ള നഗര–ഗ്രാമാസൂത്രണ വിഭാഗം, തദ്ദേശ സ്വയംഭരണ വിഭാഗം എന്നിവിടങ്ങളിലെല്ലാം നഗരാസൂത്രണ പ്രൊഫഷണലിസ്റ്റുകൾക്ക് തൊഴിലവസരങ്ങൾ തുറന്നിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നഗര–ഗ്രാമ വികസനത്തിനാവശ്യമായ മാർഗ്ഗരേഖകൾ രൂപപ്പെടുത്തുന്നത്. പിന്നീട് സംസ്ഥാന നഗര ഗ്രാമ ആസൂത്രണ വിഭാഗമാണ്. ജില്ലാ ആസൂത്രണ സമിതി, മെട്രോ പൊളിറ്റൻ ആസൂത്രണ സമിതി എന്നിവയുടെ നിയമപ്രകാരമനുസരിച്ചുള്ള രൂപരേഖകൾ തയ്യാറാക്കുന്നത്. അതുപോലെ നഗരാസൂത്രണത്തിന് വിദഗ്ധ ഉപദേശങ്ങൾ സാധ്യമാക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ മറ്റൊരു സാധ്യതയാണ്.




പ്ലസ്ടുവിൽ ശാസ്ത്രം പ്രധാനവിഷയമായി പഠനം നടത്തിയ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ ഇങ്ങനെ:- School of Planning and Architecture വിവിധ കേന്ദ്രങ്ങളായ ഡൽഹി, ഭോപ്പാൽ എന്നിവിടങ്ങളിൽ ലഭ്യം. അഖിലേന്ത്യാ തലത്തിൽ നട ത്തുന്ന Engineering Entrance Exam- ലൂടെയാണ് Urban Planning Degree വിദ്യാർത്ഥികൾക്ക് പ്രവേശനം സാധ്യമാ ക്കുന്നത് കൂടാതെ ഇന്ത്യയിൽ മുപ്പതിൽപ്പരം സ്ഥാപനങ്ങൾ നഗരാസൂത്രണം എന്ന വിഷയത്തിൽ Degree, Master Degree യോഗ്യതകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. ഇതിൽ Central Govt.-ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓട്ടോണമസ് സ്ഥാപനമായ School of Planning and Architecture-ന്റെ ഡൽഹി, ഭോപ്പാൽ വിജയവാഡ എന്നീ കേന്ദ്രങ്ങൾ, Indian Institute of Technologyയുടെ കോഴിക്കോട്, ജയ്പൂർ, പട്ന, നാഗ്പൂർ, ഭോപ്പാൽ, സൂറത്ത് എന്നീ കേന്ദ്രങ്ങൾ CEPT സർവ്വകലാശാല അഹമ്മദാബാദ് എന്നിവയെല്ലാം പ്രസിദ്ധമാ ണ്. കേരളത്തിൽ Engineering College തിരുവനന്തപുരം, ഗവ.എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ എന്നിവയിലും നഗരാ സൂത്രണ ബിരുദങ്ങൾ നൽകുന്നുണ്ട്.

AICTE കരിക്കുലവും, Planning വിദ്യാഭ്യാസത്തിൽ മേൽനോട്ടം വഹിക്കുന്ന Institute of Town Planners India എന്ന സ്ഥാപനവും Economics, Geography, Sociology എന്നീ വിഷയങ്ങളിൽ Master Degree അല്ലെങ്കിൽ Architecture, Civil Engineering, Physical Planning എന്നീ വിഷയങ്ങളിൽ ബിരുദം ഉള്ളവർക്കും എം പ്ലാൻ കോഴ്സിന് അർഹരാണ്.

പഠനം നടത്തൂ. . . സ്വന്തമായൊരു തൊഴിൽ ഉറപ്പു വരുത്തൂ. . . സുദൃഢമായൊരു കരിയർ. . .

മാറ്റങ്ങൾ നമുക്കെന്നും അനിവാര്യമാണ്. പഴകി ദ്രവിച്ച Olden Study process-ൽ നിന്നും ഒരു മാറ്റം അത് ഈ തലമു റയ്ക്ക് ആവശ്യമാവേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കണ്ടെ ത്താം ഒരു White collar Professional Job അത് സ്വന്തം നിരീക്ഷണത്തിലൂടെ. . .

മാറ്റത്തിന്റെ പടയാളികൾക്ക് ഞങ്ങൾ ഈ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നു.



Jaseena .M
IV th Sem Phy

# മുന്നോട്ടോ പിന്നോട്ടോ ?

ഉണർന്നെണീറ്റത് മുതൽ സുഷുപ്തിയിലാഴും വരെയും നമ്മൾ മനുഷ്യർ വിവിധ ആചാരനാചാരങ്ങളിലൂടെ കടന്നു പോകുന്നു. മനുഷ്യൻ അവന്റെ ജീവിത ഭാഗമാക്കി മാറ്റിയ ഇത്തരം ചര്യകൾക്ക് അവനോളം തന്നെ പഴക്കമുണ്ട്. ഇന്ന് നാം പിന്തുടരുന്ന ആചാരങ്ങൾക്ക് ഒരുപാട് രൂപമാറ്റം വന്നിട്ടുണ്ടെന്ന് മാത്രം. തലമുറകളിൽ നിന്നും തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ കാലാതീതവും അനുഭവപരവുമായ മാറ്റങ്ങൾക്ക് വിധേയമായവയാണ് – ഇന്നും നമ്മൾ പിന്തുടരുന്ന ചര്യകൾ. ഓരോ ദേശത്തിനും വ്യത്യസ്ത ആചാരനുഷ്ഠാനങ്ങളാണുള്ളത്. ഓരോ ദേശത്തും ജീവിച്ചു മരിച്ചവർ, തങ്ങളുടെ വരും തലമുറയ്ക്കായി കരുതി വച്ച ഏറ്റവും ശ്രേഷ്ഠമായ സമ്പാദ്യമാണ് അവർ തന്നെ അനുഷ്ഠിച്ച് അനുമാനങ്ങളിലെത്തിയ നമുക്കേറ്റവും ഉപകാരപ്രദമായവ എന്നാൽ കാലചക്രത്തിലെവിടെയോ ആവിർഭവിച്ച ഒരു തരം സ്വാർത്ഥവിഭാഗം ഇത്തരം ചര്യകളെ കൈമോശം ചെയ്തത്. അങ്ങനെ തുടക്കം ആചാരങ്ങളായി അറിയപ്പെട്ടവ പിന്നീട് ആചാരനാചാരങ്ങളായി കളങ്കപ്പെട്ടത്.

ഒരു പുരാതന ഹിന്ദു കുടുംബത്തിൽ വർഷത്തിലൊരിക്കൽ ഒരു പൂജ ചെയ്തു വരാറുണ്ട്. കാലങ്ങളായി അത് മാറ്റമില്ലാതെ തുടർന്നു കൊണ്ടിരിക്കുന്നു. അങ്ങനെ ഒരു പൂജാദിവസം വീട്ടിലെ വളർത്തു മൃഗമായ പൂച്ചയെ പിടിച്ച് കാരണവർ ഒരു കുട്ടയ്ക്കടിയിലാക്കി. പൂജാകർമ്മങ്ങൾക്കിടയിൽ ആ ജീവി ഒരു ശല്യമാവാതിരിക്കാനാണ് അങ്ങനെ ചെയ്തത്. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം വന്നവർ ഇത്തരം പൂജാദിവസങ്ങളിൽ ഒരു ശല്യവും ചെയ്യാത്ത പൂച്ചയെ കുട്ടക്കടിയിലാക്കാൻ തുടങ്ങി. കുടുംബ ബന്ധം ദൃഢമാക്കാൻ പൂർവ്വികർ ബുദ്ധിപൂർവ്വം ചെയ്ത ഒരു സംഘടനാ പ്രവർത്തി മാത്രമായിരുന്നു പൂജ. എന്നാൽ പ്രവർത്തിയും കാരണവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാത്ത യുക്തിചിന്ത നശിച്ച തലമുറകളിലൂടെ പൂർവ്വികർ ഉദ്ദേശിച്ച ഫലം അത്തരം സൽപ്രവർത്തികൾക്ക് ലഭിക്കാതെ പോയി. പരസ്പര കൂടിക്കാഴ്ചയിലൂടെ കുടുംബത്തിന് ശാന്തിയും സമാധാനവും കരുതിവെച്ചവരെ വിഡ്ഢികളാക്കി പൂജക്കുള്ള അവിഭാജ്യ ഘടകമായ പൂച്ചയെ കിട്ടാനായി ശാന്തിയും സമാധാനവും ബലിയർപ്പിച്ചവരായി മാറി പിൻതലമുറ.

ഉഷ്ണമേഖലയായ നമ്മുടെ നാട്ടിൽ ബോധപൂർവ്വം നമ്മുടെ പൂർവ്വികർ പരിചയപ്പെടുത്തിയ ആചാരമാണ് ചന്ദനക്കുറി തൊടുന്നത്. ചിന്തയെയും ബുദ്ധിയും കാര്യക്ഷമമായി നടക്കാൻ സഹായിക്കുന്ന തലച്ചോറിലേക്കുള്ള സുപ്രധാന ഞരമ്പുകൾ കടന്നുപോകുന്നത് നെറ്റിയിലൂടെയാണ്. നെറ്റിത്തടം എപ്പോഴും വെയിലേൽക്കുന്നതിനാൽ അവയ്ക്കൊരു സംരക്ഷണം എന്ന നിലയ്ക്കാണ് നെറ്റിയിൽ ചന്ദനം ചാർത്തുന്ന രീതി വന്നത്. ചന്ദനം സൂര്യകിരണങ്ങളെ പ്രതിഫലിപ്പിക്കുകയും തണുപ്പ് പ്രധാനം ചെയ്യുകയും ചെയ്യും. ഇതേ ഫലം നമസ്കാരത്തിന് മുൻപുള്ള ഇസ്ലാം മതക്കാരുടെ അംഗസ്നാനത്തിലൂ

ടെയും ലഭിക്കുന്നു. ഒരു നേരത്തെ അംഗസ്നാനത്തിലൂടെ ആറ് തവണയാണ് വെള്ളം കൊണ്ട് നമ്മുടെ നെറ്റിത്തടം കഴുകുന്നത്. ഒരു ദിവസം ഏതാണ്ട് മുപ്പത് തവണ! എന്നാൽ ഇവയുമായി ബന്ധപ്പെട്ട് വളർന്നു വന്ന അനാചാരങ്ങളോ ? ഉപകാരത്തേക്കാ




ളുപരി ഉപദ്രവമാണ് അവയുണ്ടാക്കുന്നത്.

വിഗ്രഹാരാധനകളിലൂടെയും വിവിധ തരത്തിലുള്ള ദൈവാരാധനയിലൂടെയും നന്മ തന്നെയാണ് മനുഷ്യർക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ആരാധനയിലൂടെ ഒരു ബിന്ദുവിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ മനുഷ്യമനസ്സിന് ശാന്തിയും ഏകീകരണവും ലഭിക്കുന്നു. എന്നാൽ ആരാധനാക്രമങ്ങളിൽ ബലികളർപ്പിക്കുന്നത് എങ്ങനെ മനസ്സിന് ആത്മബലം നൽകും. . .?

പുരുഷാധിപത്യമുള്ള നമ്മുടെ സമൂഹത്തിന്റെ കാഴ്ചയും വ്യത്യസ്തമല്ല. പണ്ട് വേട്ടയാടി നടന്നിരുന്ന കാലത്ത് പുരുഷന്മാർ ആയുധങ്ങളുമായി മൃഗങ്ങളെ വേട്ടയാടാൻ പോകും. കുട്ടികളെ ശ്രദ്ധിക്കേണ്ട സ്ത്രീകൾ ഗുഹകളിൽ തന്നെ ഇരിക്കുകയോ അടുത്തെവിടെയെങ്കിലും കായ്കനികൾ ശേഖരിക്കുകയോ പുരുഷനെ നമിച്ച് അടുക്കളയുടെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിയവളായി മാറി സ്ത്രീ. അതിനപ്പുറമുള്ള ഒരു സ്ത്രീ സങ്കൽപ്പം നമുക്ക് ഉൾക്കൊള്ളാൻ കഴിയില്ല. അത്തരമൊരു സാഹചര്യത്തിന്റെ കൈപിടിച്ചാണ് 'സതി' പോലുള്ള അനാചാരങ്ങൾ വളർന്നു വന്നത്. ഇത്തരം സന്ദർഭങ്ങളിൽ നാം വിസ്മരിച്ചു പോകുന്നത് നമ്മുടെ പൂർവ്വികരെയാണ് നിന്ദിക്കപ്പെടുന്നത് നമ്മുടെ സംസ്കാരത്തെയാണ്.

കാലത്തിനനുസൃതമായി മാറ്റങ്ങൾ ആചാരങ്ങൾക്ക് അനുവാര്യമാണ് അത്തരമൊരു രൂപമാറ്റംവന്ന കാലത്തിനും ദേശത്തിനും അതിലുപരി മനുഷ്യനും ഉപകാരപ്രദമായ ചര്യകൾ (ആചാരങ്ങൾ) ആണ് നാം പുതുതലമുറക്ക് കൈമാറേണ്ടത്. അപ്പോഴേ മനുഷ്യവർഗ്ഗം പുരോഗതിയിലെത്തൂ. എന്നാൽ സ്വാർത്ഥതാൽപര്യങ്ങൾക്ക് വേണ്ടി നാം സൃഷ്ടിച്ചെടുക്കുന്ന ഓരോ ചര്യയും (അനാചാരം) മനുഷ്യകുലത്തിന്റെ നാശത്തിലേക്കുള്ള വഴിയാണ് വെട്ടുന്നത്. അതുവരെ പിന്നിലേക്ക് നടത്തിക്കും. നാം മരിക്കുമ്പോൾ മനുഷ്യകുലം മരിക്കുന്നില്ല. ഇനിയും ഭൂമിയിൽ തുടരേണ്ട മഹത്തായ സൃഷ്ടിയാണ് നമ്മുടേത്. അതുകൊണ്ട് പൂർവ്വികരെ നമിക്കുകയും അവർ നടന്ന നിസ്വാർത്ഥ സേവന വഴികൾ പിൻതുടരുകയും ചെയ്യണം. അപ്പോൾ നമുക്കേ നാശമുള്ളൂ. നമ്മുടെ കുലം വളർന്നു കൊണ്ടേയിരിക്കും. നമ്മളാണ് നമ്മുടെയും ഭാവിതലമുറയുടെ കൂടി വിധികർത്താക്കൾ. അവരെ നയിക്കേണ്ട ഉത്തരവാദിത്വം നമ്മിലാണ്. അവരെ നടത്തിക്കേണ്ടത് മുന്നിലേക്കാണോ പിന്നിലേക്കാണോ എന്ന് നമുക്ക് തീരുമാനിക്കാം. ഓരോരുത്തരും ഇതറിഞ്ഞു പ്രവർത്തിച്ചാൽ നമ്മൾ വളർന്നുകൊണ്ടേയിരിക്കും. നമ്മുടെ തലമുറകളിലൂടെ മഹത്തായ ഒരു ജീവിവർഗ്ഗത്തിന്റെ ഉദയത്തിനും പരിപാലനത്തിനും സാക്ഷിയാവാൻ നമുക്കോരോരുത്തർക്കും പ്രയത്നിക്കാം.



മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമവ നിങ്ങളെത്തന്നെയും
: കുമാരനാശാൻ



Rachana .C.T
II nd Sem Eng

**കുറച്ചു നേരത്തിനു ശേഷം മയക്കത്തിനടിമ യായി എന്റെ കണ്ണുകൾ അടയുമ്പോൾ ഞാൻ കണ്ടത് അയാൾ എന്റെ അച്ഛനു മുന്നിലേക്കു നീട്ടിയ പണക്കെട്ടുകളായിരുന്നു. ഞാൻ അറി ഞ്ഞില്ല വളർത്തി വലുതാക്കിയത് കൊല്ലാനായി രുന്നെന്ന്.**

# തിരിച്ചറിവിന്റെ നാളുകൾ

അന്നു രാവിലെ വളരെ സ്നേഹത്തോടെ അച്ഛൻ എന്നെ വിളിച്ചുണർത്തി. അമ്മ ഇല്ലാത്തതിന്റെ സങ്കടം എന്താണെന്ന് ഞാൻ അറിഞ്ഞിട്ടില്ല. , അല്ല അച്ഛൻ എന്നെ അറിയിച്ചിട്ടില്ല. എനിക്ക് ഓർമ്മവെച്ച നാൾ തൊട്ട് എന്റെ എല്ലാം അച്ഛനായിരുന്നു. അച്ഛ നും ഞാനും അടങ്ങുന്ന ഒരു കൊച്ചുവീട്. സന്തോഷത്തിന്റെ മതിവരാത്ത നാളായത് കൊണ്ടാവണം അമ്മയുടെ സാമീപ്യം ഇല്ലാ തിരുന്നിട്ടും ഞാൻ അത് അറിയാതിരുന്നത്. എന്നും രാവിലെ അമ്മു എന്നുള്ള നിഷ്കളങ്കമായ വിളി കേൾക്കാമായിരുന്നു. പല്ല് തേക്കുന്നത് മുതൽ സ്കൂളിൽ പറഞ്ഞയക്കുന്നത് വരെയുള്ള എല്ലാ കാര്യങ്ങും അച്ഛനാണ് നോക്കിയിരുന്നത്. ഇതുവരെ എന്നെ



നുളളി നോവിക്കാത്ത അച്ഛന് ഞാൻ ഏറെ പ്രിയപ്പെട്ടതായിരുന്നു. അതുകൊണ്ടുതന്നെ ആവണം അച്ഛൻ എപ്പോഴും പറയുമായിരുന്നു. നിന്റെ അമ്മയുടെ മരണശേഷം ഞാൻ നിനക്കു വേണ്ടിയാണ് ജീവിക്കുന്നത് എന്ന്. അങ്ങനെ വർഷങ്ങൾ കടന്നുപോയി. ഒരു സ്ത്രീ എന്നാൽ എന്ത്, അല്ലെങ്കിൽ ഒരു പെൺ എന്നാൽ എന്ത് എന്ന് തിരിച്ചറിയുന്ന ഒരു വയസ്സ് ˝ – ആർക്കും എന്നതുപോലെ എനിക്കും വന്നെത്തി. പഴമക്കാർ പറയുന്നതുപോലെ വീണാപൊട്ടുന്ന പ്രായം. എന്റെ ജീവിതത്തിലെ മറക്കാൻ കഴിയാത്ത പ്രായം. എന്നും നിഷ്കളങ്കതയോടെ അമ്മു എന്നു വിളിച്ചിരുന്ന വിളിയിൽ മായം കലരുന്നതുപോലെ എന്റെ ജീവിതത്തിലും മായം കലരാൻ തുടങ്ങി. അങ്ങനെയിരിക്കെ എന്റെ ജീവിതം മാറ്റിമറിച്ച ആ ദിവസം വന്നെത്തി. ഞാൻ എന്റെ 18 –ാം വയസ്സിലേക്ക് കാലെടുത്തു വച്ച ദിനം വന്നെത്തി. അച്ഛൻ എന്നെ ആദ്യം വിളിച്ചതുപോലുളള ആ നിഷ്കളങ്കമായ ആ വിളി അമ്മു എന്ന് അച്ഛൻ വീണ്ടും വിളിച്ചു. വളരെ സന്തോഷത്തോടെ എഴുന്നേറ്റ് വന്ന എന്നെ അച്ഛൻ വാരി പുണർന്നു. എന്നിട്ടു പറഞ്ഞു. വേഗം പോയി കുളിക്ക്. അമ്പലത്തിൽ പോകാം. എന്റെ പൊന്നു മകൾക്ക് ഞാൻ നല്ലൊരു സമ്മാനം നൽകാം. വേഗം കുളികഴിഞ്ഞ് അമ്പലത്തിൽ പോയി വന്ന എന്നെ കാത്തിരുന്നത് അച്ഛൻ നൽകിയ സമ്മാനമായിരുന്നു. ചിരി പടർന്ന് പന്തലിച്ച് വന്ന എന്റെ മുഖത്ത് കാർമേഘം വന്ന് ഇരുട്ട് പരത്തിയതുപോലെ ദുരന്തം എന്നെ തേടിയെത്തി. എന്റെ മുറിയിൽ ഏതോ ഒരപരിചിതൻ ഞാൻ ആർത്ത് അലറി കരഞ്ഞു. അച്ഛൻ വിളികേട്ടില്ല. കുറച്ചു നേരത്തിനു ശേഷം മയക്കത്തിനടിമയായി എന്റെ കണ്ണുകൾ അടയുമ്പോൾ ഞാൻ കണ്ടത് അയാൾ എന്റെ അച്ഛനു മുന്നിലേക്കു നീട്ടിയ പണക്കെട്ടുകളായിരുന്നു. ഞാൻ അറിഞ്ഞില്ല വളർത്തി വലുതാക്കിയത് കൊല്ലാനായിരുന്നെന്ന് ചിന്തിച്ച് എന്നെ മയക്കം കീഴടക്കി. ഉറക്കമുണർന്ന് എഴുന്നേറ്റ എന്നോട് അച്ഛൻ പറഞ്ഞു. സാരമില്ല ഇന്നു ഇത്രയും രൂപ കിട്ടി. അച്ഛന്റെ മകൾ കിടന്നോളൂ. പുറത്ത് ഒരാൾ കൂടിയുണ്ട്. അയാളുടെ കൈയ്യിലും ഒരുപാട് പണമുണ്ട്.. ഇതു കേട്ടതും എന്റെ തോളിൽ വച്ചിരുന്ന അച്ഛന്റെ കൈകൾ ഞാൻ എന്റെ കൈകൾ കൊണ്ട് തട്ടിമാറ്റി ഇറങ്ങി ഓടി....ഓടി... ഒരുപാട് ഓടി. അവസാനം എത്തിപ്പെട്ടത് ഒറ്റനോട്ടത്തിൽ മാന്യനെന്ന് തോന്നിക്കുന്ന യുവാവിന്റെ കാറിന്റെ മുന്നിലായിരുന്നു. പേരെന്തെന്നറിയില്ല. എങ്കിലും ആരോ അയാളെ മനോജ് എന്ന് വിളിച്ചു. ഞാൻ ഉറപ്പിച്ചു അയാളുടെ പേര് മനോജാണെന്ന്. അയാൾ എനിക്കു നേരെ വന്നു. എന്നിട്ട് ചോദിച്ചു. ആരാണു നീ ? എന്താണ് നിനക്ക് വേണ്ടത്? നടന്നതെല്ലാം അയാളോട് തുറന്നു പറഞ്ഞു. മരിക്കാനായി തീരുമാനിച്ച എന്നെ മരണത്തിനു കൂടി വേണ്ട എന്നുകൂടി കൂട്ടിച്ചേർത്തു. അയാളിൽ എന്തോ നന്മ ഉളളത് കൊണ്ടാവണം അയാൾ എന്നെയും അയാളോടൊപ്പം കൂട്ടിയത്. എങ്ങോട്ടെന്നറിയില്ല. ഞാൻ ചോദിച്ചതുമില്ല. വണ്ടി നിറുത്തി ഇറങ്ങാൻ ആവശ്യപ്പെട്ടു. ഇറങ്ങിയത് ഒരു വീട്ടിൽ. ആ വീട്ടിൽ നിന്ന് പ്രായം ചെന്ന ഒരു അമ്മ ഇറങ്ങി വന്നു. എന്നിട്ടു ചോദിച്ചു. നീ വന്നോടാ ? എവിടെയായിരുന്നു ഇത്രേം നേരം? ഇതാരാ? നടന്നതെല്ലാം അമ്മയോടും പറഞ്ഞു. പെൺമക്കൾ ഇല്ലാത്തത് കൊണ്ടാവണം എന്നെ അമ്മയ്ക്ക് ഏറെ ഇഷ്ടപ്പെട്ടു. ആ അമ്മയുടെ സ്നേഹം കണ്ടപ്പോഴാണ് ഒരമ്മയുടെ സാമീപ്യം ഇല്ലാത്ത അവസ്ഥയും, യഥാർത്ഥ സ്നേഹം എന്തെന്ന് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ദിവസങ്ങൾക്കു ശേഷം എന്റെ ആവശ്യപ്രകാരം എന്റെ വിദ്യാഭ്യാസത്തിനനുസൃതമായി ഒരു ജോലിയും എനിക്ക് തരമായി. സ്വന്തം കാലിൽ നിൽക്കാൻ തുടങ്ങി. അങ്ങനെ വർഷം 2 കഴിഞ്ഞു. പ്രായം ഏറെ ചെന്ന അമ്മ, മകനായ മനോജിനോടു പറഞ്ഞു. നിനക്കെന്താടാ അവളെ വിവാഹം കഴിച്ചാൽ. അങ്ങനെ അമ്മയുടെ ആഗ്രഹം എന്റെ കാതുകളിനെയും തഴുകി ഉണർത്തി. എന്നെ ജീവിതത്തിലേക്ക് കൈപിടിച്ച് കയറ്റിയ അദ്ദേഹത്തിന്റെ കൂടെ ജീവിതകാലം മുഴുവൻ കഴിയാൻ ഞാനും തീരുമാനിച്ചു. വർഷങ്ങൾ കഴിഞ്ഞുപോയി. അമ്മയുടെ മരണശേഷം ഞാനും ഭർത്താവും ഞങ്ങളുടെ മകളും അടങ്ങുന്ന ഒരു സന്തോഷജീവിതം എനിക്കു വീണ്ടും തിരിച്ചു കിട്ടി. ഞാൻ എന്റെ മകൾക്ക് നല്ലതും ചീത്തയുമായ കാര്യങ്ങൾ എന്തെന്ന് പറഞ്ഞുകൊടുത്തു. ഇന്ന് ഞാൻ എന്റെ മകൾക്ക് നല്ലതും ചീത്തയുമായ കാര്യങ്ങൾ പറഞ്ഞു കൊടുക്കുമ്പോൾ ആണ് ഒരു അമ്മയുടെ പ്രാധാന്യവും സാമീപ്യവും ഞാൻ തിരിച്ചറിയുന്നത്. ഒരുപക്ഷെ ആ ദിവസം സമ്മാനം എന്ന ദുരന്ത രൂപത്തിൽ വന്നില്ലായിരുന്നെങ്കിൽ ഞാനെങ്ങനെ ഒരമ്മയുടെ സാമീപ്യം തിരിച്ചറിയും ?



Soumya .C
IV th Sem B.com B



# ഇനിയും തനിച്ച്

ധൃതിയിൽ ഓടിയതിനിടയിൽ ആരെയോ ശക്തമായി ഇടിച്ചു. തിരിഞ്ഞുനോക്കി യ ഷോൾ ഒരു സ്ത്രീ എന്നോടുള്ള രോക്ഷം കണ്ണുകളിലും ചുണ്ടുകളിലും പ്രകടിപ്പിച്ചുകൊണ്ട് നിൽക്കുകയാണ്. ആ നോട്ടം വകവെക്കാതെ നീങ്ങിത്തുടങ്ങിയ ട്രെയിനിലേക്ക് ഓടിക്കയറി. അലസമായി വന്ന കൈകൾ തട്ടിമാറ്റി വാതിലിനരികിൽ നിന്നിരുന്ന ഒരു പറ്റം പുരുഷസമൂഹത്തിനിടയിലൂടെ നുഴഞ്ഞ് അകത്തുകയറി യഥാസ്ഥാനം ഉറപ്പിച്ചു. പാറിപ്പറന്ന മുടികൾ മാടിയൊതുക്കി ദീർഘമായി ഒന്നു നിശ്വസിച്ചു.

ഇന്നും ദൈവം തുണച്ചു. മേശപ്പുറത്ത് ദിവസവും കുമിഞ്ഞു കൂടുന്ന ഫയലുകളിൽ കണ്ണുംനട്ടിരുന്ന് ജോലിചെയ്താലും ഒക്കെ പൂർത്തിയാക്കി ഓടിക്കിതച്ചെത്തുമ്പോഴും ട്രെയിൻ പുറപ്പെടാനായിട്ടുണ്ടാകും. ട്രാഫിക് കുരുക്കിൽ നിന്നും രക്ഷപ്പെട്ട് അറിയാവുന്ന ദൈവങ്ങളെയൊക്കെ വിളിച്ച് സ്റ്റേഷനിൽ എത്തിയാലുണ്ടാകും ടിക്കറ്റ് കൗണ്ടറിൽ നിരന്ന ക്യൂ. പിന്നീടങ്ങോട്ട് ഒരു പോരാട്ടമാണ്. പതിവുപോലെ ചലിക്കുന്ന ട്രെയിനിൽ കയറാനുള്ള സാഹസികത.

വല്ലാതെ ദാഹിക്കുന്നു. പ്രതീക്ഷയുടെ നനവ് വറ്റിയിട്ടില്ല. വാട്ടർബോട്ടിലിന്റെ ആഴങ്ങളിൽ ഇത്തിരി വെള്ളം. ആർത്തിയോടെ കുടിച്ചു. ബാഗിൽ നിന്നും മൊബൈൽ എടുത്ത് വാട്സ് അപ്പിന്റെ സന്ദേശങ്ങളിൽ പുതിയതൊന്നു പരതി. പതിവുപോലെ ചാറ്റ്ലിസ്റ്റിൽ ഗുഡ്മോർണിംഗും, ഗുഡ്നൈറ്റും പിന്നെ കുറെ വാചകമടികളും. വെറുതെ നന്ദന്റെ നമ്പറിലേക്കൊന്നു കണ്ണോടിച്ചു. അവനിപ്പോഴും ഓൺലൈനിൽ ഉണ്ട്. പ്രതിഷേധമെന്നോണം ഒരു പുഞ്ചിരി അയച്ചു. റിപ്ലേ കിട്ടിയില്ല. അത് പ്രതീക്ഷിക്കുന്നുമില്ല., ഒരു മുറിയിൽ ഇല്ലാത്ത പരിചയവും, സ്നേഹവും അവൻ വാട്സ് അപ്പിലൂടെ എനിക്ക് തരില്ലന്നറിയാമാ

യിരുന്നു. മിക്കവാറും രാത്രികളിൽ ഒരു മുറിയിൽ കഴിയുന്ന പരസ്പരം അറിയാത്ത രണ്ട് അപരിചിതരാണു ഞങ്ങൾ. യൗവനകാലത്തെ ചൂടുപിടിച്ച പ്രണയത്തിന്റെ പഴയപഞ്ചാര വാക്കുകളെല്ലാം അവനിൽ നിന്നും അന്യം നിന്നിരിക്കുന്നു. അല്ല അതൊക്കെ മറന്നുപോയിരിക്കുന്നു. കഴുത്തിൽ ചാർത്തിയ കനമില്ലാത്ത താലിച്ചരടിന്റെ ബന്ധം മാത്രമെ അവനിപ്പോ എന്നോടുള്ളു. എന്നാണ് അവൻ എന്നിൽ നിന്നും ഇത്രം അകന്നു പോയത്... അറിയില്ല. പണ്ട് ഒരുപാട് സ്വപ്നങ്ങൾ നെയ്തുകൂട്ടിയ കാലത്ത് അവൻ തന്റേതുമാത്രമായിരുന്നു. പ്രണയം കടലാസിൽ അക്ഷരങ്ങളായി ജനിച്ചപ്പോൾ നന്ദന് ചെറിയ ചില സ്വപ്നങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ വിവാഹത്തിനു ശേഷം അതൊരു ആക്രാന്തമായ് മാറി. ബിസിനസ്സിൽ എങ്ങനെ പ്രോഫിറ്റ് ഉണ്ടാക്കണം എന്ന ചിന്തയിൽ ഭാര്യയെന്ന ഞാൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്ന കാര്യം പോലും അവൻ മറന്നു. കരിയറിന്റെ പരക്കം പാച്ചിലിൽ കുട്ടികൾ ഒരു തടസ്സമാണെന്ന് വാദിച്ച് അവൻ. ആ വലിയ വീട്ടിൽ ജീവനുള്ള ഒരു ആത്മാവായി ഞാൻ ഒറ്റയ്ക്ക്.....

ആലോചനകൾ കണ്ണിന്റെ താഴെ തട്ടിൽ കണികകൾ നിറച്ചപ്പോഴാണ് മൊബൈൽ ശബ്ദിച്ചത്.... അമ്മയാണ്.

ആവേശത്തോടെ മൊബൈൽ ചെവിയോടടുപ്പിച്ചു. "ഹലോ അമ്മേ.." "മോളേ... മോൾ വീട്ടിലെത്തിയോ.........?"

" ഇല്ലമ്മേ.. ട്രെയിനിലാ............."പതിവിൽ നിന്നും വ്യത്യസ്ഥമായി അമ്മയുടെ സ്വരത്തിൽ പരിഭ്രാന്തിയുണ്ട്.

മോളേ........ അച്ഛനു അസുഖം കൂടുതലാ....... നാളെ മോള് വീട്ടിൽ വരണം..... കുറേ ദിവസമായി അച്ഛൻ നിന്നെ കാണണമെന്നു പറയുന്നു. നന്ദന്റെ തിരക്കു കാരണം നിനക്കു വരാൻ കഴിയില്ലെന്നു പറഞ്ഞിട്ടും വകവെയ്ക്കുന്നില്ല. അച്ഛൻ ഓരേ വാശിയിലാ.. നാളെ നിനക്കു വരാൻ കഴിയാച്ച........ ഇല്ലെങ്കിൽ ഒരു പക്ഷേ ഇനി ഒരിക്കലും അച്ഛനെ ....... മറുപുറത്തു നിന്നും അമ്മ തേങ്ങി...

"വരാം അമ്മേ" .............ശബ്ദം ഇടറിയപ്പോൾ വാക്കുകൾ മുറിച്ചുകൊണ്ട് ഞാൻ പറഞ്ഞു. നന്ദന്റെ വിലക്കുകൾക്ക് മുന്നിൽ തീർച്ചയാണന്നറിഞ്ഞിട്ടും വരാം എന്ന് മാത്രമാണ് എനിക്കപ്പോൾ പറയാൻ തോന്നിയത്.

അമ്മ ഫോൺ ഓഫ് ചെയ്തു. എന്നും വീട്ടിലേക്ക് പോകാനുള്ള ആഗ്രഹത്തെ വിലക്കാറാണ് നന്ദന്റെ പതിവ്. ഒരു പക്ഷേ സ്ത്രീധനമില്ലാതെ എന്നെ വിവാഹം ചെയ്യേണ്ടി വന്നതിന്റെ ഈർഷ്യയുണ്ടാവും. അന്ന്.... നന്ദനുമായുള്ള പ്രണയം വീട്ടിലറിഞ്ഞപ്പോൾ അച്ഛനുണ്ടാക്കിയ പുകില്. രാത്രി തെക്കേപുറത്തെ വാതിലിൽ കൂടി നന്ദനോടൊപ്പം ഇറങ്ങി പോരുമ്പോൾ കൈയ്യിൽ ഒന്നും ഇല്ലായിരുന്നു. അച്ഛനോടുള്ള വാശിയും നന്ദനോടുള്ള ഇഷ്ടവും ആ ഒളിച്ചോടലിൽ എന്നെ തനിച്ചാക്കി. അവളുടെ ഇഷ്ടം അതാണെങ്കിൽ അതു നടക്കട്ടെ. രണ്ടാളോടും തറവാട്ടിലേക്കു വരാൻ പറയണം എന്നായിരുന്നു അച്ഛൻ പിന്നീട് പറഞ്ഞത്. പടിപ്പുര കടന്ന് നന്ദന്റെ കൈയ്യും പിടിച്ച് നടന്നപ്പോൾ ഒരുപാട് പ്രതീക്ഷകളുണ്ടായിരുന്നു... ഒരു കൊച്ചുവീട്... ജോലി.... കുട്ടികൾ.... അങ്ങനെയങ്ങനെ.. അന്ന് അച്ഛനോടുള്ള ആ വാശി തെറ്റായിപ്പോയെന്നു ഇപ്പോൾ തോന്നുന്നു. തികച്ചും ഒറ്റപ്പെടാൻ അനുഭവിക്കുന്ന എന്റെ ജീവിതത്തിന് ഇപ്പോൾ പ്രതീക്ഷകൾക്കു പോലും സ്ഥാനമില്ലാതായി ക്കൊണ്ടിരിക്കുകയാണ്.

കൈയ്യിലിരിക്കുന്ന മൊബൈൽ വീണ്ടും ശബ്ദിച്ചു. നന്ദനാണ്.... വിരസതയോടെ ഫോണെടുത്ത് ചെവിയിൽ വെച്ചു. ഹലോ.. നീ വീട്ടിൽ എത്തിയോ.......രാത്രി രണ്ടു മൂന്നു ഗസ്റ്റ്സ് ഉണ്ടാകും. നീ സ്പെഷ്യൽ ഐറ്റംസ് വല്ലതും ഉണ്ടാക്കിവെച്ചേക്ക്. ചിക്കൻ ആയിക്കോട്ടെ... എല്ലാവരും നോൺവെജ് ആണ്.... ഒൻപത് മണിയോടെ അവരെത്തും. ഒക്കെ റെഡിയാക്കണം... ഓക്കെ... ഞാനിപ്പോൾ ബിസിയാണ്... സി...........യു.... അറ്റ് ഹോം..ബൈ..

മറുപടി ഒന്നും കാത്തുനിൽക്കാതെ നന്ദൻ ഫോൺ കട്ട് ചെയ്തു. ട്രെയിനിറങ്ങി വീട്ടിലേക്ക് നടന്നപ്പോൾ മനസിനെന്തന്നില്ലാത്ത ഒരു ഭാരമായിരുന്നു. വീട്ടിലെത്തിയതും ബാഗ് മേശപ്പുറത്തേക്കെറിഞ്ഞ് ലൈറ്റിടാതെ സോഫായിൽ തലചായ്ച്ച് കിടന്നു. മയങ്ങിപ്പോയതെപ്പോഴാണെന്ന് അറിയില്ല. നന്ദന്റെ ഉറക്കെയുള്ള അട്ടഹാസമാണ് ആ മയക്കത്തിൽ നിന്നും എന്നെ ഉണർത്തീത്. കണ്ണുതുറക്കുമ്പോൾ രോക്ഷാകുലനായി നന്ദൻ മുന്നിൽ നിൽക്കുകയാണ്. " നിന്നോട് ഞാൻ പറഞ്ഞില്ലേ ഗസ്റ്റ് ഉണ്ടെന്ന് പിന്നെന്തുകൊണ്ട് നീ ഒന്നും കുക്ക് ചെയ്തില്ല. ? നിന്റെ അഹങ്കാരം കൊണ്ട് ഇന്ന് എത്ര രൂപയ്ക്കാണ് എനിക്ക് നഷ്ടം വരാൻ പോകുന്നതെന്ന് അറിയാമോ.....?" നന്ദന്റെ ഉച്ചത്തിലുള്ള സംസാരം ആ വീട്ടിലെങ്ങും പ്രതിധ്വനിച്ചു. ദേഷ്യം കൊണ്ട് നന്ദന്റെ കണ്ണുകൾ ചുവക്കുകയും, ചുണ്ടുകൾ വിറയ്ക്കുന്നുമുണ്ടായിരുന്നു. നന്ദന്റെ ലാഭങ്ങൾക്കു വേണ്ടി വീട്ടിലേക്ക് വിളിച്ചുവരുത്തിയവർക്ക് മുന്നിൽ ഭക്ഷണവും മദ്യവും വിളമ്പിക്കൊടുക്കുവാനുള്ള ഒരു വീട്ടുജോലിക്കാരി മാത്രമാണ് ഞാൻ എന്ന തിരിച്ചറിവ് എനിക്കുണ്ടായി. അല്ലെങ്കിൽ അതിനുമപ്പുറം എന്തോ ഒന്ന്

അവർ എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ടാകും. ഒരു പക്ഷേ കുടിച്ച് ലക്കുകെട്ട നന്ദൻ എന്നെ അവർക്കു മുന്നിൽ കാഴ്ച വസ്തുവാക്കാനും മടിക്കില്ല. അവർക്ക് എന്തും നൽകാൻ നന്ദനപ്പോൾ നിർബന്ധിതനാകും. ഞാൻ സോഫയിൽ നിന്ന് എഴുന്നേറ്റു. കോപം കൊണ്ട് എന്നെതുറിച്ചു നോക്കുന്ന നന്ദന്റെ മുഖത്ത് നോക്കി ശാന്തമായി പറഞ്ഞു.

" നന്ദാ..... നാളെ എനിക്ക് വീട്ടിൽ പോകണം......അച്ഛനു സുഖമില്ല.'' നന്ദന്റെ കണ്ണുകളിൽ കോപത്തിന്റെ അഗ്നി കത്തി ജ്വലിച്ചു.

അച്ഛൻ....അച്ഛൻ....... നിന്റെയൊരു ചീപ്പ് സെന്റിമെൻസ് ... ആ കിളവനെ കണ്ടിട്ട് നിന ക്കെന്താണിത്ര അത്യാവശ്യം? പണ്ടേ ഞാൻ നിന്നോട് പറഞ്ഞതാ അവരെ വല്ല ഓൾഡ് എയ്ജ് ഹോമിലും കൊണ്ടുവിടാൻ... പിന്നെയൊക്കെ അവിടെയുള്ളോര് നോക്കിക്കൊള്ളും. കാശിത്തിരി പോയാലും നിന്റെ ഈ ആവശ്യമില്ലാത്ത സെന്റിമെൻസ് കാണണ്ടല്ലോ........

ഒരായിരം മുള്ളുകൾ ശരീരത്തിലേക്ക് കുത്തിക്കയറുന്നതുപോലെ തോന്നി... ഇടിത്തീ പോലെ നന്ദന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽ പതിച്ചു. സിരകളിലൂടെ അത് പടർന്നൊഴുകി. കഴുത്തിനെ വരിഞ്ഞുമുറുകി. താലി വലിച്ചൂരി നന്ദന്റെ മുഖത്തേക്കറിഞ്ഞ് അവിടെ നിന്ന് ഇറങ്ങി പോരാൻ തോന്നി എനിക്ക്. പക്ഷേ ഇരുട്ടിന്റെ മറവിൽ വിളക്കിന്റെ അര വെളിച്ചത്തിലുള്ള കഴുകൻമാരെ കുറിച്ച് അച്ഛൻ പണ്ട് ഒരുപാട് കഥകൾ പറഞ്ഞുതന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇരുട്ടിനെ എനിക്ക് പേടിയാണ് അന്നും ഇന്നും. ചങ്കിൽ തളം കെട്ടി നിന്ന് പ്രതിഷേധം അടക്കിപിടിച്ചു നന്ദന്റെ അലറലിൽ നിന്നും ചെവി പൊത്തിപ്പിടിച്ച് ഞാൻ മുറിയിൽ കയറി വാതിലടച്ചു.

കുളിർമ്മയുള്ള സുഗന്ധം മനസ്സിനെ പുണർന്നപ്പോഴാണ് കണ്ണുതുറന്നത്. നനുത്ത മഞ്ഞുത്തുള്ളികൾ ആ പ്രഭാതത്തെ കൂടുതൽ സാന്ദ്രമാക്കി. എന്തൊക്കെയോ തിരിച്ചുകിട്ടുകയാണ് എന്ന തോന്നൽ. മൊബൈൽ സ്വിച്ച്ഡ് ഓഫ് ആണ്. നന്ദന്റെ നിരന്തരമുള്ള വിളി ഞാൻ അവഗണിച്ചുകൊണ്ടിരുന്നു. കാച്ചെണ്ണയുടെയും മൂവാണ്ടൻമാങ്ങയുടെയും സുഖമുള്ള ഓർമ്മകളിലേക്ക് ആഹ്ലാദപൂർവ്വം ഞാൻ കാലെടുത്തുവെച്ചു. ഏറെ നാളുകൾക്ക് ശേഷം വീണ്ടും തറവാട്ടിലേക്ക്. അച്ഛന്റെയും അമ്മയുടെയും നനുത്ത വാത്സല്യത്തിലേക്ക്........

ഒരുപാട് സന്തോഷമാവും അച്ഛന്..................കാലങ്ങൾക്ക് ശേഷമുള്ള ഈ കൂടിച്ചേരലിൽ എനിക്കേറെ മാറ്റങ്ങൾ വന്നെങ്കിലും അച്ഛനു തിരിച്ചറിയാതിരിക്കില്ല. ഓടിച്ചെന്ന് ആ മടിയിൽ അല്പനേരം തലചായ്ച്ച് കിടക്കണം. എന്നിട്ട് ഒന്ന് പൊട്ടിക്കരയണം. ഏറെ നാളത്തെ വിങ്ങലുകൾക്കുള്ള ഒരാശ്വാസം.

കാറ് പടിപ്പുരയ്ക്കു മുന്നിൽ നിർത്തി. പുച്ഛം തോന്നുന്നു. പടിപ്പുരയോട്, അന്ന് നന്ദനോടൊപ്പം നടന്നു നീങ്ങിയപ്പോൾ കൈ വീശി യാത്ര പറഞ്ഞത് ഈ പടിപ്പുരയാണ്. ആ ചിരി ഒരു പരിഹാസമായിരുന്നെന്ന് എനിക്കിപ്പോൾ തോന്നുന്നു.

പടിപ്പുര കടന്ന് വിശാലമായ തറവാടിന്റെ മുറ്റത്തേയ്ക്ക് ഞാൻ കാലെടുത്തുവച്ചു. മുറ്റത്ത് ഏതൊക്കെയോ പരിചയമില്ലാത്ത മുഖങ്ങൾ. എല്ലാവരും തന്നെ സംശയപൂർവ്വം നോക്കുകയാണ്...മോളേ... പെട്ടെന്ന് ആരോ എന്നെ ചേർത്തുപിടിച്ചു.... ശങ്കുമാമൻ... അച്ഛന്റെ വലംകൈയായ ശങ്കുമാമൻ... മോളു വരൂ...... വിറയാർന്ന കൈകൾകൊണ്ട് എന്നെ ചേർത്തുപിടിച്ച ശങ്കുമാമൻ ഉമ്മറത്തേക്ക് നടന്നു.

അച്ഛനെവിടെ.....? അമ്മയെവിടെ? ഒരുപാട് ചോദ്യങ്ങൾ മനസ്സിൽ ഉയർന്നു വന്നു. ചന്ദനത്തിരിയുടെ അസഹ്യമായ ഗന്ധം അവിടെയെല്ലാം തളം കെട്ടി നിന്നിരുന്നു. ആരുടെയോക്കെയോ തേങ്ങലുകൾ ചെവിയിൽ വന്നു പതിച്ചു. ഉമ്മറത്തെ പടികൾ കയറിയപ്പോൾ കാലിടറി കോലായിലേക്ക് നോക്കിയതും കണ്ണുകൾ ഇരുട്ട് കയറി, ചുണ്ടുകൾ വിറച്ചു.... അതിനിടയിൽ ഞാൻ കണ്ടു........ കത്തിച്ചു വെച്ച നിലവിളക്കിന്റെ ശോഭയിൽ അച്ഛന്റെ ശാന്തമായ മുഖം...... കണ്ണുകൾ ഞാനറിയാതെ അടയവേ ഞാൻ മനസ്സിലാക്കി... ഇനി ഞാൻ ഒറ്റയ്ക്കാണ്.... ഒറ്റയ്ക്ക്........





Aswin .P.M
II nd Sem BCA

# ഒരു കാലത്തിന്റെ ഓർമകൾ

നനുത്ത മഴത്തുള്ളികൾ ഇറ്റിറ്റുവീഴുമീ
നൽത്തണലിലിന്നു ഞാൻ വസിക്കുമ്പോൾ
ഓർക്കുന്നു ഞാനന്നത്തെ നാളുകൾ
വിരസമായ ശയ്യയിൽ നിൽക്കുമ്പോൾ
വിരിഞ്ഞുപോകുന്നു വെൺതൂവൽപക്ഷികൾ
മഞ്ഞിൽ വിടരുന്ന കാർമേഘവർണ്ണങ്ങൾ
പൊൻപുലരിയിൽ മാഞ്ഞുമറയുന്നു.
കണ്ണുനീർതുള്ളിയിൽ അലയുന്ന കണികകൾ
വെറുതെയീ നൊമ്പരകൂട്ടിൽ തിളങ്ങുമീ
മാണിക്ക്യക്കല്ലാമെൻ ഓർമ്മകൾ മാത്രം
മന്ദഹാസം നിലാവിന്റെ ശയ്യയിൽ
മാറുന്നുവെന്നാലെന്നുമെൻ ഓർമ്മകൾ
മായുമീ സന്ധ്യതൻ മുളൽ ഞാൻ കേൾക്കവേ,
പിന്നിൽ നിന്നും നിശബ്ദഗാനമെൻ,
കാതിലുലയുന്ന നാദമാനാളുകൾ
ഓർക്കുവാൻ ആഗ്രഹം തോന്നുന്ന പടവുകൾ
കേറുവാൻ മോഹമീതനിച്ചിയി ജന്മത്തിൽ
കിളികളിൽ കേൾക്കുന്ന ആരവമെന്നുള്ളിൽ
അലയുന്ന നാളുകൾ ഏതാനും ജന്മവും
പൂങ്കാവനം പോലുള്ള മനസ്സിനെ–
എന്നുഞാൻ മോഹിച്ചു പോകുമാ ഓർമയിൽ!
മിന്നിതിളങ്ങുമെൻ മോഹമീ താഴ്വര
ഏതൊരു നൂലിലും ഇഴയായി ചേരുമോ?
കണ്ടെന്റെയുള്ളിലെ ആഹ്ളാദപൊൻകണി
വിരിയുന്ന സമയങ്ങൾ ഒത്തിരി മാത്രമായ്.
ഉലയുന്ന മനസ്സിന്റെ വ്സ്മൃതി കാണുവാൻ
ഉണ്ടൊരു വിരസമാം ഓർമകൾ മാത്രമായ്
പൊട്ടിയകലുന്ന കണ്ണികൾ വീണ്ടുമീ
ചേർത്തുവച്ചൊരാ ജീവിത സൗരഭ്യം
മറന്നുപോം താളിൽ വരച്ചിടും ചിത്രങ്ങൾ
എന്നുമെൻ ഉള്ളിൽ വിടരുന്ന ഓർമകൾ.





Sreelakshmi .K.P
II nd Sem Phy




# Missing you!!!

When you apart from me,
My heart was filled with pain.
Mother Nature saw and pitied me,
And showered down to the Earth as rain.

When the rain drops fell on me,
My heart began to melt.
Because you are so close to me
I felt your presence ley my side.

Though you are far from my sight,
You are never ever far from my heart.
Let our love shine like the sun so bright,
And stay for ever in each of our heart.



നിലാവും കാറ്റും രാമഴ വീണ ജനൽ കമ്പികളിൽ
ചേർത്തുവെച്ച കാത്തിരിപ്പിന്റെ
നേർത്ത വിരൽത്തുമ്പുകളും
ദീപ്തസ്മരണകൾ ഉണർത്തുന്നു...


എന്റെ പേരെഴുതിയ ഈ ഡെസ്കിൽ
ഞാൻ നിനക്കുമൊരിടം കണ്ടെത്തി.
തലമുറകളുടെ കഥ പറയുന്ന ഈ ബെഞ്ചുകൾക്ക്
പങ്കുവക്കാൻ ഒരു മുത്തശ്ശിക്കഥ കൂടി
പഴയ ഓർമ്മകൾക്ക് ദൃക്സാക്ഷിയായ ഈ ബോർഡ്
വീണ്ടും അക്ഷരങ്ങളെ ഗർഭം ധരിക്കാനൊരുങ്ങി
ഈ ബെഞ്ചുകൾക്കെന്നും സൗഹൃദത്തിന്റെ മണം മാത്രം.
ഇത്തിൾക്കണ്ണി



Ajmal .P
IV th Sem Eng

# നിഴൽ

ഇതു വെറും നിഴൽ മാത്രം
പച്ചപിടിച്ച കരിനിഴൽ
അതിലൊരു പാത്രമായ് നാം
തുടർന്നു  യാത്ര പതിയെ
ഇരുളാർന്ന ഇടവഴികൾ താണ്ടവേ
ഇരയായ് മാറുന്ന കാഴ്ചയായ്
തിരികെയെത്തീടാൻ തേങ്ങി മനം
അരുളുന്നുവെങ്കിലും പക്ഷേ കർണങ്ങൾ
ഇടറുന്ന സ്വരമാലേ വിതുമ്പി
തനിയെ ആൾ വിറകൊണ്ടു
പരലോകം ശ്രേഷ്ഠ.....!





# ഖലാസി എന്ന ഇതിഹാസം

കോഴിക്കോട് ..... sorry കോയിക്കോട് ബഷീർ സാഹിബിന്റെ കോയിക്കോട്, സാമൂതിരിയുടെ കോയിക്കോട്, ബീച്ചും മാനാഞ്ചിറയും കേരളത്തിലെ നല്ല ഓട്ടോ ചേട്ടന്മാരും ഉള്ള കോയിക്കോട്, നല്ല ഹലുവായും ബിരിയാണിയും മണക്കുന്ന കാറ്റ്, പിന്നെ കോയിക്കോടിന്റെ മാത്രം ഐസ് ഉരതിയും. ഇങ്ങനെ കോഴിക്കോട് അതിന്റെ മാത്രം വിവിധ വൈവിദ്ധ്യങ്ങൾ കൊണ്ട് രൂപം പ്രാപിക്കുമ്പോൾ ഓർമ്മകൾക്ക് വീണ്ടും മാധുര്യം ഏറുന്നു. ഇനി അഥവാ നിങ്ങൾ പുസ്തകങ്ങളെ സ്നേഹിക്കുന്നവരാണെങ്കിൽ സ്മൃതി മണ്ഡലങ്ങളെ ഉണർത്തുന്നത് ആ ഇമ്മിണി ബല്യ സുൽത്താനായിരിക്കും. ഒരു കാലത്ത് ലോകത്തിലെ ഏറ്റവും സമ്പന്നമായ നഗരം എന്ന് അറിയപ്പെട്ടിരുന്ന ഇവിടെ പല വിദേശീയരും വ്യാപാരം നടത്തിയിരുന്നു. കോഴിക്കോട് നഗരത്തിന്റെ ഐശ്വര്യത്തിന് കാരണം അറബികൾ ആണെന്ന് പരക്കെ ഒരു വിശ്വാസം ഉണ്ട്. 1122 എ.ഡിയിൽ കേരളത്തിലെ ഏറ്റവും വലിയ



തുറമുഖമായിരുന്നു കടലുണ്ടി. മികച്ച തുറമുഖം എന്ന നിലയിൽ നൂറ്റാണ്ടുകൾക്ക് മുമ്പേ തന്നെ പേരെടുത്ത ഈ ചെറു പട്ടണത്തിലേക്ക് വിദേശസഞ്ചാരികൾ വന്നെത്തുകയുണ്ടായി. 1498 –ൽ പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ പട്ടണത്തിൽ നിന്ന് 25 കി.മി. അകലെയുള്ള കാപ്പാട് കടൽ തീരത്ത് കപ്പലിറങ്ങിയതോടെ കോഴിക്കോട് ലോക ചരിത്രത്തിൽ സ്ഥാനം നേടി എന്നാൽ ഞങ്ങൾ എത്തിച്ചേർന്നത് ചരിത്ര താളുകൾ പോലും രേഖപ്പെടുത്താത്ത ഒരു ഇതിഹാസ പാരമ്പര്യത്തിലേയ്ക്കാണ്.

കോഴിക്കോടിന്റെ ഒരു ചെറിയ കടലോര ഗ്രാമമാണ് ബേപ്പൂർ. പണ്ട് വായപുര, വാടപറപ്പനാട് എന്നിങ്ങനെ ബേപ്പൂർ അറിയപ്പെട്ടിരുന്നു. മലബാർ ആക്രമിച്ച് കീഴടക്കിയ ടിപ്പു സുൽത്താൻ ബേപ്പൂരിന്റെ പേര് "സുൽത്താൻപട്ടണം'' എന്നു മാറ്റി. ഒരു ചെറിയ തുറമുഖവും സുന്ദരമായ ഒരു കടൽത്തീരവും ഇവിടെയുണ്ട്. കേരളത്തിലെ പുരാതനമായ തുറമുഖങ്ങളിൽ ഒന്നാണിത്. മധ്യപൂർവ്വ ദേശങ്ങളിലേക്ക് ബേപ്പൂർ തുറമുഖത്തിൽ നിന്ന് ചരക്കു ഗതാഗതം ഉണ്ടായിരുന്നു. ഉരുകൾ (തടികൊണ്ടുള്ള കപ്പലുകൾ) ഉണ്ടാക്കുന്നതിനും പ്രശസ്തമായിരുന്നു ബേപ്പൂർ. അറബികൾ വ്യാപാരത്തിനും മത്സ്യബന്ധനത്തിനും ഈ കപ്പലുകൾ വാങ്ങിയിരുന്നു, കേരളത്തിലെ 4–മത്തെ നീളം കൂടിയ നദിയായ ചാലിയാർ ബേപ്പൂരിലൂടെ ഒഴുകുന്നു. ഇങ്ങനെയുള്ള ബേപ്പൂരിനെ പ്രശസ്തമാകുന്ന മറ്റൊന്നാണ് "മാപ്പിളഖലാസികൾ''

ബേപ്പൂർ തുറമുഖം കേന്ദ്രീകരിച്ച് ജോലി ചെയ്യുന്ന കപ്പൽ നിർമ്മാണ തൊഴിലാളികളാണ് മാപ്പിളഖലാസികൾ. തുറമുഖങ്ങളിലും കപ്പൽ നിർമ്മാണശാലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അറബിയിലുള്ള പദമാണ് "ഖലാസി". മലബാറിലെ മുസ്ലീങ്ങളാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നത്. അതുകൊണ്ടായിരിക്കണം 'മാപ്പിള ഖലാസി' എന്ന് വിളിക്കപ്പെട്ടത്. കപ്പലുകൾ ഉരുകളും അറ്റകുറ്റ പണികളും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി കരക്കടുപ്പിക്കുകയും പിന്നീട് പണിപൂർത്തിയായി കരയിൽ നിന്നും തിരികെ കടലിലേക്ക് തള്ളി നീക്കലുമാണ് പരമ്പരാഗതമായി ഇവരുടെ തൊഴിൽ. പ്രത്യേകമായ ആധുനിക യന്ത്രങ്ങൾ ഒന്നും മാപ്പിള ഖലാസികൾ തങ്ങളുടെ ജോലിക്കായി ഉപയോഗിക്കാറില്ല. ഇങ്ങനെ തള്ളി നീക്കുമ്പോൾ അവർ അധ്വാനഭാരം കുറയ്ക്കാനും ആഹ്ളാദം കൂട്ടുന്നതിനു വേണ്ടിയും പാട്ടുകൾ പാടാറുണ്ട്. "ദൗവ്വർ'' എന്ന ചക്രത്തിനു മുകളിൽ ഉരുവിന്റെ ഭാഗം ചേർത്ത് വെച്ചാണ് ഇത് കടലിലേക്ക് തള്ളി നീക്കുന്നത് ഖലാസി തൊഴിൽ പരിശീലനം ഉണ്ടെങ്കിൽ മാത്രമെ ഈ തൊഴിൽ ചെയ്യാൻ സാധിക്കു. 7,8 ദിവസങ്ങളിലായാണ് ഉരു

കടലിലിറക്കുന്നത്. ഈ 8 ദിവസത്തെ ഖലാസികളുടെ കൂലി എന്നു പറയുന്നത് 2.3/4 ലക്ഷമാണ്. ആധുനിക യന്ത്രങ്ങൾ ഒന്നും ഉപയോഗിക്കാതെ കപ്പി, കയർ ഡബ്ബർ തുടങ്ങിയവ മാത്രമാണ് ഇവർ ഉപയോഗിച്ചിരുന്നത്. ഭാരിച്ചതും സങ്കീർണ്ണ വുമായ ജോലികൾ കായിക ശക്തിയുടെയും സംഘശക്തിയു ടെയും തൊഴിൽ നിപുണതയുടെയും മികവിൽ വിജയകരമായി ചെയ്തു തീർക്കുന്നു എന്നതാണ് മാപ്പിളഖലാസികളുടെ പ്ര ത്യേകത. മികച്ച മുങ്ങൽ വിദഗ്ധരുമാണ് ഖലാസികൾ.

കേരളത്തിലുൾപ്പെടെ ഇന്ത്യയിലെ പല വൻകിട നിർമ്മാണ പദ്ധതികളിലും മാപ്പിള ഖലാസികളുടെ സേവനം തേടിയിട്ടുണ്ട്. ഇടുക്കി ഡാം, ഫറോക്കിലെ പാലങ്ങളായ വടക്കും പാലം, കല്ലായിപാലം, ഒറീസ്സയിലെ മഹാനദിപാലം, ഗോവയിലെ മാംഗനീസ് ഫാക്ടറി എന്നിവ ഇവയിൽ ഉൾപ്പെടുന്നു. പെരുമൺ തീവണ്ടി ദുരന്തത്തിൽ അഷ്ടമുടിക്കായലിൽ

ജനിച്ചവർ എന്ന അർത്ഥത്തിൽ അറബികൾക്ക് കേരളീയ സ്ത്രീകളിൽ പിറന്ന സന്തതികളെയാണ് ഇങ്ങനെ വിളിച്ചിരു ന്നത്. പിന്നീട് അവരുടെ തലമുറ ആ പേരിൽ അറിയപ്പെട്ടു. ഹുസൈൻ അറബി എന്ന ധനികൻ കുവൈറ്റിൽ നിന്ന് ബേപ്പൂ രിലേക്ക് വന്ന് ഒന്നരവർഷം തമ്പടിച്ചാണ് ഒരു ഉരുവുണ്ടാക്കിയത്. "അൽസക്കീർ" എന്നാണ് ഈ ഉരുവിന്റെ പേര്. വാസ്ക്കോഡി ഗാമ എന്ന പേരിൽ ജർമ്മനിയിലെ ഗൂഗർ സഹോദരന്മാർ 1980 ബേപ്പൂരിൽ വന്ന് ഉരു ഉണ്ടാക്കി കൊണ്ട് ലോകവിനോദയാത്ര നടത്തി. മർച്ചൻ നേവിയിലെ ഉദ്യോഗസ്ഥർ ആയിരുന്നു ഇവർ. ഉരു ഉപയോഗിച്ച് കടൽ യാത്ര ചെയ്യാനുള്ള അമിതഭ്രമം കൊണ്ടാണ് ജോലി ഉപേക്ഷിച്ച് ഈ 3 സഹോദരന്മാർ ഇവിടേ യ്ക്ക് വന്നത്. വാസ്കോഡാഗാമ കപ്പലിറങ്ങിയ കാപ്പാട് നിന്നാണ് ഇവർ കടൽ യാത്ര ആരംഭിച്ചത്. മദ്ധ്യക്കാലത്ത്, ഉരു നിലമ്പൂർ കാട്ടിൽ നിന്നും തേക്ക് ഉപയോഗിച്ച് നിർമ്മിച്ചതാ



പതിച്ച ഐലന്റ് എക്സ്പ്രസ്സിന്റെ ബോഗികൾ പുറത്തെടു ക്കുന്നതിന് ഖലാസികളുടെ സേവനം ഉപയോഗപ്പെടുത്തുക യുണ്ടായി. കോന്നിയിലെ ഐരവൺ തൂക്കുപാലത്തിന്റെ നിർമ്മാണ പ്രവർത്തികളും മാപ്പിള ഖലാസികളാണ് ഏറ്റെടു ത്തിരിക്കുന്നത്. മക്കയിലെ മക്കറോയൽ ക്ലോക്ക് ടവറിന്റെ നിർമ്മാണത്തിൽ കേരളത്തിൽ നിന്നുള്ള മാപ്പിള ഖലാസികൾ പങ്കാളികളായിട്ടുണ്ട്. ആധുനിക ഉപകരണങ്ങളും എഞ്ചിനീ യറിംഗ് സാങ്കേതികതയും പരാജയപ്പെട്ടിടത്താണ് പരമ്പരാഗത സങ്കേതങ്ങളും രീതികളും ഉപയോഗപ്പെടുത്തികൊണ്ടാണ് മാപ്പിള ഖലാസികൾ ഇത് സാധിച്ചെടുത്തത്. യന്ത്രങ്ങൾക്കു പേ ാലും അപ്രാപ്യമായ സാഹസിക തുറമുഖ തൊഴിലുകൾ ചെയ്യു ന്നവരാണ് ഇന്നത്തെ ഖലാസികൾ. ചില വ്യവസായ സ്ഥാപനങ്ങ ളിൽ ഖലാസി എന്ന തസ്തിക തന്നെ ഉണ്ട്. ഭാരമുയർത്തുന്ന ജോലികൾക്കാണ് ഈ നിയമനം ഏർപ്പെടുത്തിയിരിക്കുന്നത്.

കറുപ്പും വെളുപ്പും കൂടികലർന്നത് എന്ന് അർത്ഥ മുള്ള ഖലാസി എന്ന അറബി വാക്കിന്റെ പദത്തിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം. അറബി നാടുകളിലുമായി പുരാതന കാലം മുതൽക്കെ കോഴിക്കോടിനുണ്ടായ വാണിജ്യബന്ധമാണ് ഇതിന് കാരണം. രണ്ട് വർണ്ണങ്ങളിൽ പെട്ട മാതാപിതാക്കൾക്ക്

ണ്. അവയ്ക്ക് മിഡിൽ ഈസ്റ്റിൽ ഒരു വലിയ വിപണി തന്നെ യുണ്ടായിരുന്നു.

ചേരമാൻ പെരുമാൾക്ക് മക്കയിലേക്ക് പോവാൻ കപ്പൽ പണിത് കൊടുത്ത ചരിത്ര പാരമ്പര്യമുള്ള ബേപ്പൂർ അതിന്റെ പ്രതാപം വീണ്ടെടുക്കുകയാണ്. ബേപ്പൂരിലെ പണി ശാലകളിൽ 60 ഉരുക്കൾ വരെ ഒരേ സമയം നിർമ്മിച്ച കാലം ഉണ്ടായിരുന്നു. എന്നാൽ രണ്ട് ദശാബ്ദത്തിലേറേ കാലമായി ഉരു നിർമ്മാണം കടുത്ത പ്രതിസന്ധിയിലായിരുന്നു. ഏതാനും വർഷം ഒരു ഉരു പോലും നിർമ്മിക്കപ്പെട്ടില്ല. ഇപ്പോഴിതാ ഏറെ കുറെ ഓർമ്മയായ് മാറിയ ബേപ്പൂരിലെ ഉരു നിർമ്മാണം ഖത്തർ രാജകുടുംബങ്ങളാൽ പുനർജ്ജനിച്ചിരിക്കുന്നു. പഴയനിയമപ്ര കാരം (Old testament chodus Kings chaper- 10 -page 20) ബേപ്പൂർ തുറമുഖത്തിന് 3000 കൊല്ലങ്ങളുടെ പഴക്ക മുണ്ട്. വെയ്പുരം എന്നും വാടപ്പരപ്പനാട് എന്നും ബേപ്പൂ രിന് പേരുകൾ ഉണ്ടായിരുന്നതായി ലോഗന്റെ മാന്വൽ എന്ന് ഗ്രന്ഥത്തിൽ പറയുന്നു. ഇന്ത്യയിൽ ഇദംപ്രഥമമായി തീവണ്ടി ഗതാഗതം ആരംഭിച്ച 1853 കഴിഞ്ഞ് 5 കൊല്ലങ്ങൾക്കകം – 1858 –ൽ ബേപ്പൂർ വരെ തീവണ്ടി ഗതാഗതം നീട്ടുക യുണ്ടായി. രാജ്യത്തിൽ എവിടെയും പട്ടാളക്കാരെ എത്തി

ക്കാനുള്ള ലക്ഷ്യമായിരുന്നു. അക്കാലത്ത് ഈ റയിൽവേ പാതയുടെ ഉദ്ദേശ്യമെന്ന് വ്യക്തം. ക്രിസ്തുവിന് മുമ്പ് ജൂതരാജാവ് മോസസിന്റെ ഭരണകാലത്ത് സുഗന്ധദ്രവ്യങ്ങളുമായി ബേപ്പൂരിൽ നിന്ന് കപ്പലുകൾ അറേബ്യൻ നാടുകളിലേക്ക് പോയിരുന്നു. ബേപ്പൂരും, ചാലിയാരും എ.ഡി.1225 വരെ പോളനാട് രാജാവായിരുന്ന പോർളാതിരിയുടെയായിരുന്നുവെന്നു ചരിത്ര രേഖകളിൽ കാണാം.

16-ാം നൂറ്റാണ്ടിൽ കോഴിക്കോടും കപ്പൽ നിർമ്മാണ കേന്ദ്രമെന്ന നിലയ്ക്ക് അഭിവൃത്തി പ്രാപിച്ചതായിരുന്നു. വിദേശസഞ്ചാരിയായ വർത്തേമ അഭിപ്രായപ്പെടുന്നു. 1799-ൽ ബേപ്പൂരിൽ കാലിക്കോ നെയ്ത് ശാലകളും ഇരുമ്പ് പണി സ്ഥലങ്ങളും കപ്പൽ നിർമ്മാണശാലകളും ഉണ്ടായിരുന്നതായും 1805-ാം ആണ്ടോടെ എല്ലാം നാമവശേഷമായി എന്ന് ലോഗോൺ ചൂണ്ടികാണിക്കുന്നു. 1805 നടന്ന ലോകപ്രസിദ്ധമായ ട്രഷാൾഗർ യുദ്ധത്തിൽ ബേപ്പൂരിൽ ഉണ്ടാക്കിയ വൻ ബോട്ടുകൾ ഉപയോഗിച്ചിരുന്നുവത്രേ.. മദ്ധ്യധരണ്യാഴിയെയും അറ്റ്ലാന്റിക് മഹാസമുദ്രത്തെയും ബന്ധിപ്പിക്കുന്ന ജിബ്രോൾട്ടർ കടലിടുക്കിനടുത്ത് വെച്ച് നടന്ന പ്രശസ്ത യുദ്ധത്തിലാണ് നെപ്പോളിയനെ ആദ്യമായി ബ്രിട്ടീഷുകാർ തോൽപ്പിച്ചത്. ബേപ്പൂരിലുണ്ടാക്കിയ ബോട്ടുകൾ ബ്രിട്ടീഷുകാരെയും ആകർഷിച്ചിരുന്നു എന്നതിന്റെ ദൃഷ്ടാന്തമാണിത്. അതുകൊണ്ടാണ് യുദ്ധാവശ്യങ്ങൾക്കായി ഈ ബോട്ടുകൾ ഉപയോഗിക്കപ്പെട്ടത്.

"പോർത്തുഗീസ് പിരാറ്റാസ് "എന്ന ഗ്രന്ഥത്തിൽ ഇവിടെ ഉണ്ടാക്കിയ കപ്പലുകളെക്കുറിച്ചു യുദ്ധകാലത്തെ അതിന്റെ ഉപഭോഗത്തെ സംബന്ധിച്ചും വിശദമായ വിവരണം ഉണ്ട്. അതിൽ ഇങ്ങനെ പറയുന്നു. ""Another fact also comes to hight. The Zamorian had a very large number of war paroes which came to him in large instalments from calicut. in the first of these battles, 160 paroes of Calicut were engaged. In the 2nd phase of the war the Zamorin committed a fleet of 250 paroes and in the final stages , the calicut fleet consisted of 100 largership, 110 paroes and 70 pinaces"

" On the 4th March 1506 the Calicut fleet consisted of 208 vassels of which 84 were ships of big size and the restowing vessels called Paroes"

200 കൊല്ലങ്ങൾക്ക് മുമ്പ് സമുദ്രസഞ്ചാരികളായ ബറാമികളും ഇവിടെ എത്തിയിരുന്നു. ബറാമികൾ അവരുടെ പാരമ്പര്യം പതിപ്പിച്ചു തുടങ്ങി. അറബ്- ആഫ്രിക്കൻ നാടുകളിലേക്ക് പായ്ക്കപ്പലുകൾക്കുള്ള ഓഡറുകളുമായി അറബികൾ എത്തിക്കൊണ്ടിരുന്നു. 2-ാം ലോകമഹായുദ്ധം വരെ അറബികൾ ഉപ്പു മുതൽ കർപ്പൂരം വരെ മലബാറിൽ നിന്നാണ് തങ്ങളുടെ നാട്ടിലേക്ക് പായ്ക്കപ്പലുകളിൽ കൊണ്ടുപോയിരുന്നത്. കോഴിക്കോട്ടെ ആലിബറാമി, യൂസ് ഓഷ് സാഗർ എന്നിവർ അറബികളുടെ സ്ഥിരം ഇടപാടുകാരായിരുന്നു. നിത്യോപയോഗ സാധനങ്ങൾക്ക് വേണ്ടി മദ്ധ്യപൗരസ്ത്യ ദേശക്കാർ ഈന്തപ്പഴവുമായി മലബാറിലേക്ക് പായ്ക്കപ്പലുകളിൽ എത്തിക്കൊണ്ടിരുന്നു.

"സംബൂക്ക്", "ബൂം", "ബ്രിക്ക് " എന്നീ ഇനത്തിൽപ്പെട്ട പായ്ക്കപ്പലുകളാണ് ഇവിടെ നിർമ്മിക്കുന്നത്. ഒരു ഉരു നിർമ്മാണത്തിന് ഏകദേശം 5 കോടി രൂപയുടെ ചിലവ് വരുന്നു. മലേഷ്യൻ, ബെർമ്മൻ ഉരുതടുകളാണ് ഇതിന് വേണ്ടി ഉപയോഗിക്കുന്നത്. ഖലാസി പാരമ്പര്യത്തെ നിലനിർത്താനും അറബികൾക്ക് ഒരു ആഡംബരത്തിനു വേണ്ടിയാണ് ഇന്ന് ഉരു നിർമ്മിക്കുന്നത്. 3,4 തലമുറ പഴക്കമുള്ള ഒരു നിർമ്മാണത്തിലെ അടിസ്ഥാനം എന്നു പറയുന്നത് "പാണ്ടി" അല്ലെങ്കിൽ "കോയ്ല" ആണ്. ഏകദേശം 134 അടി നീളം വരുന്നതാണ് ഓരോ ഉരുവും. ആദ്യകാലങ്ങളിൽ ബറാമികളാണ് ഉരു ഉണ്ടാക്കിയിരുന്നത്. എന്നാൽ പിന്നീട് റോയൽ ഫാമിലികൾക്ക് പിക്നിക്കിനു പോകാൻ വേണ്ടി മാത്രം ഉണ്ടാക്കാൻ തുടങ്ങി. കടലിലേക്കിറക്കുമ്പോൾ മരം, വെള്ളവും, പൂപ്പലും പറ്റിപ്പിടിച്ച് കേടുവരാതിരിക്കാൻ "മീനെണ്ണ" ഉപയോഗിച്ചിരുന്നു. ഒരു ഉരു സൃഷ്ടിക്കാൻ 4 വർഷത്തോളം കാലം എടുക്കുന്നു. ബേപ്പൂരിനെ പ്രശസ്തമാക്കികൊണ്ടും സംഘശക്തിയുടെയും മികവിൽ ആധുനികത യന്ത്രവൽക്കരണത്തെ പിൻതള്ളി മാറുവാൻ ഖലാസികൾക്ക് സാധിക്കട്ടെ. ലോകചരിത്രത്തിൽ കോഴിക്കോടിനും, ബേപ്പൂരിനും ഇടം നേടിക്കൊടുത്ത ഇവരെക്കുറിച്ച് നമുക്ക് അഭിമാനിക്കാം.





Sarath Raj
IV th Sem M.com Pvt




# അർദ്ധനാരി

കാത്തിരുപ്പൂ ഞാൻ കാനനവീഥിയിൽ
എന്നിലെ പാതി പകുത്തു നിന്നെ
എന്നിലെയർദ്ധനാരിയാം നിന്നെ
മൂവേഴുലോകവും ആഴിയും കടന്നു നീ
മുൻജന്മ നഷ്ടശരീരം വെടിഞ്ഞു നീ
ദേവസ്ത്രീ ശരീരം പൊഴിച്ചു കളഞ്ഞു നീ
കത്തിയമർന്ന അഗ്നിയിൽ നിന്നു നീ
തേടിയെടുത്തു നീ ഞാനാം പാതിനിന്നാത്മാവിനെ.....
എന്താണിത്രമേൽ താമസം പോരുവാൻ...?

കാത്തിരിപ്പൂ ഞാൻ വേർപിരിഞ്ഞ എൻ-
-പാതിയാമൊരേയൊരാത്മാവിനെ
ഒന്നിച്ചു ചേരണം നാമൊരു ലഹരിയായ്
സിരകളിലഗ്നിയായ് പടർന്നു കയറി നീ-
-വാഴണം ഇനിയുള്ള കാലങ്ങളത്രയും
നശ്വരമാനവ ദേഹം ഒന്നിച്ചുവാഴാം
ഇനിയില്ലയൊരു ജന്മം ഒന്നിച്ചു വാഴുവാൻ
കാത്തിരിപ്പൂ ഞാനെൻ പാതിയാമൊരേയൊരാത്മാവിനെ....
ഈ കൈലാസമന്നന്റെ പാതിയാം സതിയെ........



Rahna
Muhammed .V
VI th Sem Eng

# അർബുദം: 9-14 വാർഡ്

തിരക്കുപിടിച്ചോടുന്ന ഒത്തിരി മുഖങ്ങൾ .....ഒത്തിരി ഭാവങ്ങൾ .... തിമിർത്തുപെയ്യുന്ന മഴയും പലയിനം മരുന്നിന്റെ ഗന്ധവും, എന്തോ വിളിച്ചോതുന്നതുപോലെ....!

ഇതു കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വരാന്ത ... ചുമരിൽ തൂക്കിയ വെളുത്ത പലകയിലെ കറുത്ത വാക്കുകൾ " അർബുദം 9-14 വാർഡ് "

ഇരു വരാന്തയിലൂടെ ഒരാൾ നടന്നുനീങ്ങി.... വരാന്തക്കിരുവശവും വേദന കാർന്നു തിന്നുന്ന, ദിനങ്ങൾ എണ്ണപ്പെട്ട മനുഷ്യരൂപങ്ങൾ. സഹനം അതിരു വിടുമ്പോൾ ഉത്തരമില്ലാത്ത ഒത്തിരി ചോദ്യങ്ങൾ ബാക്കിവെച്ച് ആ വലിയ യാത്രയ്ക്കായ് അവർ തിടുക്കം കൂട്ടുകയാണ്. നിഷ്കളങ്കതയോടെ എല്ലാം ഉള്ളിലൊതുക്കി ഒഴുകാൻ മറന്ന പുഴപോലെ അവരെ ശുശ്രൂഷിക്കുന്ന ഉറ്റവർ... !

ബന്ധുവിനെ കണ്ട് മടങ്ങുമ്പോൾ ഒരു നിമിഷം ഞാൻ മനസ്സിലോർത്തു .... കെട്ടടങ്ങാത്ത അഹങ്കാരം ഉള്ളിൽ നിറച്ച് സ്വന്തം സുഖങ്ങൾക്ക് വേണ്ടി ജീവിക്കുന്ന മാനവികത തൊട്ടുതീണ്ടാത്തവർക്കും, ഇല്ലാത്ത അന്തസ്സ് ഉണ്ടാക്കാൻ വേണ്ടി കടം വാങ്ങിച്ച് കാട്ടിക്കൂട്ടുന്നവർക്കും ഇടയ്ക്കൊക്കെ ഇതുപോലെ ഈ വാർഡിലൂടെ ഒരു യാത്ര നന്നായിരിക്കും..... !!!





Gokul .K.T
IV th Sem Phy

# $O_2$ Cylinders

ചേട്ടാ.. . . 1 കിലോ അരി, 1/2 കിലോ പഞ്ചസാര, 100ഗ്രാം കടുക്, 1 പാക്കറ്റ് ഉപ്പ്. . . .ഉം. . . . പിന്നെ "3 $O_2$ cylinder" പച്ചവെള്ളത്തിന് പോലും, Drinking water എന്ന പേരുണ്ടെങ്കിൽ പണം കൊടുക്കേണ്ടി വരുന്ന ഈ യുഗത്തിൽ ഇത്തരമൊരു കാഴ്ചയും വൈകാതെ നമ്മെ തേടിയെത്തും. ഈ സൗരയൂഥത്തിൽ സൂര്യനെന്ന നക്ഷത്രത്തെ വലം വെയ്ക്കുന്ന 8 ഗ്രഹങ്ങളിൽ ജീവജാലങ്ങൾക്ക് ജീവിക്കാനാവശ്യമായ എല്ലാം ദൈവം നൽകിയ ഭൂമിയിൽ മണ്ണും, ജലവും, വായുവും, കാടും മേടും അവൾക്ക് നെറ്റിപ്പട്ടമാകുന്നു. പക്ഷെ ദൈവം തന്റെ വൈഭവത്തിന്റെ വിത്ത് എല്ലാ ജീവജാലങ്ങൾക്കും നൽകിയപ്പോൾ അത് മറ്റാരേക്കാളും തഴച്ചു വളർന്നത് മനുഷ്യനിൽ. ആ വളർച്ച പല കണ്ടുപിടുത്തങ്ങൾക്കും ദുർബലനുമേൽ അധിശത്യം നേടി മുന്നേറുവാനും അവനെ പ്രേരിപ്പിച്ചു. ദുർബലനുമേൽ ആധിപത്യം നേടിയത് വഴി കൈക്കരുത്തിൽ മനുഷ്യൻ ലോകം കീഴടക്കാനിറങ്ങി. കാടും മേടും അവൻ കൈയ്യേറി. തലച്ചോറിന്റെ മതിഭ്രമത്തിൽ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ നടത്തി. ഒരു പക്ഷെ ഇനി ഒരു യുദ്ധം ഭൂമിയെ മറ്റൊരു അഗ്നിഗോളമാക്കാം.





മനുഷൻ കടലാസുകഷണങ്ങളിലെ പൂജ്യത്തിന് പിറകെ പാഞ്ഞു തുടങ്ങിയ അന്നു മുതൽ ഈ ലോകം നശിക്കാൻ തുടങ്ങി. കുന്നോളം കൂടിയ പണമുണ്ടെങ്കിലും താൻ കിടക്കുന്ന ആറടിമണ്ണുപോലും കൊണ്ടുപോകാൻ തനിക്ക് കഴിയില്ലെന്ന സത്യം അവൻ മറവിക്ക് വിട്ടുകൊടുക്കുന്നു. "വികസിത രാഷ്ട്രങ്ങളും, വികസ്വര രാഷ്ട്രങ്ങളും, അവികസിത രാഷ്ട്രങ്ങളും" എന്ന മൂന്ന് ചേരികൾ രൂപപ്പെട്ടപ്പോൾ 700 കോടിയിലധികം വരുന്ന ജനസംഖ്യ രണ്ടു വിഭാഗങ്ങളായി, "പണക്കാരനും, പാവപ്പെട്ടവനും" തന്റെ പ്രൗഢി ലോകത്തെ കാണിക്കാൻ ഓരോ മനുഷ്യനും ഓരോ ദിവസവും, റോഡിലിറക്കുന്ന കോടിക്കണക്കിന് പുകതുപ്പികൾ കുരച്ച് കുരച്ച് ചർദ്ദിക്കുന്നു. 700 കോടിയിലധികം വരുന്ന ലോക ജനതക്ക് തലചായ്ക്കാൻ ഇടമില്ലാതെ വരുമ്പോൾ കടൽ നികത്തിയും, കാടു വെട്ടിത്തെളിച്ചും, പാടവും തോടും കുളവും നികത്തിയും മനുഷ്യൻ അവന്റെ സാമ്രാജ്യം വികസിപ്പിക്കുന്നു. ഓരോ മരത്തിനും മഴു വീഴുമ്പോൾ ആ അമ്മയുടെ ശരീരത്തിൽ മുറിവുകൾ രൂപപ്പെടുന്നു. ചിലപ്പോൾ ആ മുറിവുകളിലൂടെ രക്തം വാർന്നൊലിക്കുമ്പോൾ ഒരുപറ്റം ജീവനുകൾ തുടച്ചു നീക്കപ്പെടുന്നു. തന്റെ ശരീരത്തിനേൽക്കുന്ന ഓരോ മുറിവിനും, മാന്തി എടുക്കുന്ന ഓരോ ഭാഗത്തിനും ഭൂമീദേവി കണക്ക് പറഞ്ഞ് പകരം വീട്ടുന്നു. ചിലപ്പോൾ കൊടും വരൾച്ചയായും, പേമാരിയായും, ഉരുൾപൊട്ടലായും, ഭൂകമ്പമായും, സുനാമിയായും പ്രകൃതി മനുഷ്യന് ചിത കൂട്ടുന്നു. ഭക്ഷണമില്ലെങ്കിൽ നമുക്ക് ജീവിക്കാം. വെള്ളമില്ലെങ്കിൽ ദിവസങ്ങൾ തള്ളിനീക്കാം. പക്ഷെ വായുവില്ലെങ്കിൽ. . ? ലോകത്ത് ഒരു ജീവനും തന്റെ ഹൃദയമിടിപ്പിനെ പിടിച്ചുനിർത്താനാകില്ല. ചോര ചർദ്ദിക്കുന്ന ഓരോ വാഹനവും, തീ തുപ്പുന്ന ഓരോ പുകകുഴലുകളും ഈ ലോകത്തെ മലിനമാക്കുന്നു. ഇപ്പോൾ നാം നമ്മുടെ ശബ്ദമുയർത്തിയില്ലെങ്കിൽ കൈകൾ ചലിപ്പിച്ചില്ലെങ്കിൽ ഇനി ഒരു പക്ഷെ തിരിച്ചുവരാനുള്ള സമയം കിട്ടിയെന്നു വരില്ല.

ഒരുപക്ഷെ ഇനിയൊരുദ്ധം മണ്ണിനു വേണ്ടി ആയിരിക്കില്ല. മറിച്ച് വെള്ളത്തിനും, അതിലുപരി വായുവിനും വേണ്ടിയായിരിക്കും. ഓരോ യുദ്ധവും ഓരോ അപകടങ്ങളും ബാക്കിവെയ്ക്കുക, കളങ്കമെന്നറിയാത്ത പിഞ്ചുമക്കളെയായിരിക്കും ഇനി ഒരുപക്ഷെ പിറന്ന് അന്നാൾ തൊട്ട് തന്റെ ചുമലിൽ സന്തതസഹചാരിയെപ്പോലെ വേതാളത്തെപോലെ ഇരുമ്പുകുഴലുകളിൽ വായുവും പേറി ജീവിക്കേണ്ടി വരാം. പൂർവ്വികരുടെ കൊടുംക്രൂരതകളുടെ ശാപം പേറി ജീവിക്കേണ്ടി വരുന്ന ഒരു ജനത. ചിന്തിക്കൂ... പ്രവർത്തിക്കൂ... ലോകം നിങ്ങൾക്ക് പിറകിൽ അണിചേരും. രക്ഷിക്കൂ.... ഈ ഭൂമിയെ. . പ്രകൃതിയെ. . ഇല്ലെങ്കിൽ ഹേ മനുഷ്യാ...Red Data Book -ൽ അടുത്ത ഇര നീയായിരിക്കാം. . ???



Vrindha
II nd Sem M.com Pvt




> എല്ലാ യുദ്ധവും ചിന്തിക്കുന്ന മൃഗമെന്ന് നിലയ്ക്ക് മനുഷ്യൻ പരാജയപ്പെടുന്നതിന്റെ ലക്ഷണങ്ങളാണ്. പാകമാകുമ്പോൾ താനെ താഴെവീഴുന്ന ആപ്പിളല്ല വിപ്ളവം. അത് പറിച്ചെടുക്കുക തന്നെ വേണം.

# യുദ്ധം

രണ്ടോ അതിലധികമോ പ്രദേശങ്ങളോ വിഭാഗങ്ങളോ ചേരിതിരിഞ്ഞ് ആയുധങ്ങളോടുകൂടിയും സേനയെ ഉപയോഗിച്ചും നടത്തുന്ന പോരാട്ടമാണ്"യുദ്ധം". കീഴടക്കുക, ഉദ്ദേശ്യം അടിച്ചേൽപ്പിക്കുക, അവകാശം പിടിച്ചു വാങ്ങുക എന്നിവയാകാം യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ രാഷ്ട്രീയം, വ്യവസായം, മതം, വംശീയത എന്നിവയിൽ അടിസ്ഥാനപ്പെട്ടിരിക്കാം. യുദ്ധത്തിന്റെ കാരണമായും ഇവയെ കണക്കാക്കുന്നു. രാഷ്ട്രവൽക്കരണം, സേനാസന്നാഹം എന്നിവ നൂതനയുഗത്തിൽ യുദ്ധത്തിനു വഴിതെളിച്ചു. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള അതിരുതർക്കം യുദ്ധത്തിനു കാരണമാകാം. യുദ്ധത്താൽ നാശനഷ്ടങ്ങൾ വളരെ വലിയ അളവിൽ സംഭവിക്കുന്നു. പൗരാണിക കാലങ്ങളിൽ ഒരു യുദ്ധത്തിൽ സാധാരണ തുടർച്ചയായ ഒരൊറ്റ സംഘട്ടനം മാത്രമെ കാണൂ. കാലക്രമേണ സൈന്യങ്ങളുടെ വലിപ്പം വർദ്ധിച്ചതോടെ ഒരു യുദ്ധത്തിൽ പല മുന്നണികളും, ഓരോ മുന്നണിയിൽ സംഘടനകളും ഉരുത്തിരിഞ്ഞു.

സംഘടനകൾ പലതരമുണ്ട്. നാവിക സംഘട്ടനം, വായു സംഘട്ടനം, കരസേന സംഘട്ടനം, ചില സംഘട്ടനങ്ങളിൽ മിശ്രിതഘടകങ്ങളുണ്ടാവാം. കടൽ- വായു, കര-വായു, കടൽ-കര ആക്രമണം എന്നിങ്ങനെ പല തരം സംഘട്ടനങ്ങൾ ഒരു യുദ്ധത്തിൽ ഉണ്ടാവാം. മനുഷ്യസ്വഭാവമനുസരിച്ച്



**യുദ്ധത്തിന്റെ സ്വഭാവം ഒരിക്കലും മാറുന്നില്ല. അതിന്റെ ബാഹ്യസ്വഭാവം മാത്രമെ മാറുന്നുള്ളൂ.**

ഒഴിവാക്കാനാകാത്തതായ ഒരു സംഗതിയാണ് ചില പണ്ഡിതർ യുദ്ധത്തെ കണക്കാക്കുന്നത്. മറ്റുള്ളവരുടെ വാദമനുസരിച്ച് ചില പ്രത്യേക സാമൂഹിക– സാംസ്കാരിക സാഹചര്യത്തിലോ പാരിസ്ഥിക സ്ഥിതികളിലോ മാത്രമാണ് യുദ്ധം ഒഴിവാക്കാൻ സാധിക്കാത്തതെന്ന് വാദിക്കുന്നു. ചില പണ്ഡിതർ വാദിക്കുന്നത് യുദ്ധം ചെയ്യുക എന്നത് ഒരു പ്രത്യേക സമൂഹത്തിനോ രാഷ്ട്രീയ സംവിധാനത്തിനോ മാത്രമുള്ള സ്വഭാവമല്ലെന്നും "ജോൺ കീഗർ" തന്റെ ഹിസ്റ്ററി ഓഫ് വാർഷെയർ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതുപോലെ ഉപയോഗിക്കുന്ന സമൂഹത്തിൽ രൂപവും വ്യാപ്തിയും നിർണ്ണയിക്കപ്പെടുന്ന ഒരു ആഗോള പ്രതിഭാസമാണ് യുദ്ധം എന്നാണ്. യുദ്ധം ചെയ്യാത്ത മനുഷ്യസമൂഹങ്ങൾ ഉണ്ട് എന്നതിൽ നിന്ന് മനുഷ്യൻ സ്വഭാവികമായി യുദ്ധക്കൊതിയുള്ളവരായിരിക്കില്ല എന്നും ചില പ്രത്യേക സാഹചര്യങ്ങളിൽ യുദ്ധമുണ്ടാവുകയാണ് ചെയ്യുന്നതെന്ന് വാദിക്കുന്നവരും ഉണ്ട്.

ആരംഭം മുതലുള്ള മരണം വച്ചു നോക്കിയാൽ ഏറ്റവും മാരകമായ യുദ്ധം രണ്ടാം ലോകയുദ്ധമാണ്. 6 കോടിക്കും 8.5 കോടിക്കുമിടയിലുള്ള മരണമാണ് ഈ യുദ്ധത്തിൽ സംഭവിച്ചത്.

എല്ലാ യുദ്ധവും ചിന്തിക്കുന്ന മൃഗമെന്ന് നിലയ്ക്ക മനുഷ്യൻ പരാജയപ്പെടുന്നതിന്റെ ലക്ഷണങ്ങളാണ്. പാകമാകുമ്പോൾ താനെ താഴെവീഴുന്ന ആപ്പിളല്ല വിപ്ളവം. അത് പറിച്ചെടുക്കുക തന്നെ വേണം.

യുദ്ധം ആ പേരിൽ അറിയപ്പെടണമെങ്കിൽ ആയുധങ്ങളോ സൈനീക സാങ്കേതികവിദ്യയോ ഉപകരണങ്ങളോ ഉപയോഗിച്ചുകൊണ്ട് സൈന്യങ്ങൾ സൈനീക തന്ത്രങ്ങളും വിന്യസകലയും പ്രയോഗിക്കുന്ന ബലാബല പരീക്ഷണം നടത്തേണ്ടതുണ്ട്. സൈനീക ചരിത്രത്തിലാകെ ചിന്തകൾ യുദ്ധത്തിന്റെ തത്ത്വചിന്ത മനസ്സിലാക്കാനും ഇതിനെ ഒരു ശാസ്ത്രമായി ഉയർത്താനുമാണ് ശ്രമിച്ചിട്ടുള്ളത്.

ആധുനിക സൈനിക ശാസ്ത്രം പല ഘടകങ്ങൾ പരിശോധിച്ചാണ് ദേശീയ പ്രതിരോധ നയം സൃഷ്ടിക്കുന്നത്. യുദ്ധം ആരംഭിക്കുന്നതിനു മുമ്പായി യുദ്ധം നടക്കുന്നയിടങ്ങളിലെ പരിസ്ഥിതി, രാജ്യത്തിന്റെ സൈന്യം സ്വീകരിക്കാൻ പോകുന്ന നിലപാടികൾ- എന്തുതരം യുദ്ധമാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്നത് പരിഗണിക്കപ്പെടുന്നു. പരമ്പരാഗത യുദ്ധമുറകൾ തുറന്ന യുദ്ധത്തിലൂടെ എതിരാളിയുടെ സൈനികശക്തി വെട്ടിക്കുറയ്ക്കാനുള്ള ശ്രമമാണ്. നിലവിലുള്ള രാജ്യങ്ങൾ തമ്മിലുള്ള പ്രഖ്യാപിത യുദ്ധമാണിത്. ആണവ, ജൈവ, രാസായുധങ്ങൾ ഉപയോഗിക്കാതിരിക്കുകയോ ചുരുങ്ങിയ അളവിൽ മാത്രം വിന്യസിപ്പിക്കുകയോ ആണ് ഇത്തരം യുദ്ധത്തിൽ ചെയ്യുന്നത്. പരമ്പരാഗതമല്ലാത്ത യുദ്ധത്തിൽ ഒരു കക്ഷിയെ രഹസ്യമായി പിന്തുണക്കുകയോ ഒരു കക്ഷിയെ മറിച്ചിടുകയോ ചെയ്ത് വിജയം നേടാനാണ് ശ്രമിക്കുന്നത്. ഒരു രാജ്യത്തെയോ രാഷ്ട്രീയ അസ്തിത്വത്തെയോ രണ്ടു കക്ഷികൾ രാജ്യത്തിന്റെ അധികാരം പിടിച്ചടുക്കുവാനോ ഒരു പ്രദേശത്തിന് സ്വാതന്ത്ര്യം നേടിയെടുക്കാനോ നടത്തുന്ന യുദ്ധത്തിനാണ് "ആഭ്യന്തരയുദ്ധം" എന്ന് പറയുന്നത്. സൈനിക ശക്തി അളവുകോലായെടുത്താൽ വളരെയധികം വ്യത്യാസമുള്ള തരം രണ്ടു സമൂഹങ്ങൾ യുദ്ധത്തിൽ ഏർപ്പെടുന്നതിനെയാണ് "അസന്തുലിത യുദ്ധം" എന്ന വിളിക്കുന്നത്. ഇത്തരം യുദ്ധങ്ങളിൽ ഗറില്ല യുദ്ധമുറകൾ സ്വീകരിക്കപ്പെടും. പരിസ്ഥിതി മലിനപ്പെടുത്തുന്നത് യുദ്ധമുറയായി ഉപയോഗിക്കുന്ന ഒരു രീതിയാണ് രാസയുദ്ധം.

യുദ്ധത്തിന്റെ സ്വഭാവം ഒരിക്കലും മാറുന്നില്ല. അതിന്റെ ബാഹ്യസ്വഭാവം മാത്രമെ മാറുന്നുള്ളൂ. ദാവീദ്, ഹെക്ടർ അച്ചിലിസ് എന്നിവർ സൊമാലിയയിലും ഇറാക്കിലും നമ്മുടെ സൈനികർ നടത്തിയ യുദ്ധത്തെ തിരിച്ചറിയും. യൂണിവേഴ്സിറ്റികൾ മാറും. ഓടിനുപകരം ടൈറ്റാനിയം ഉപയോഗിക്കുകയും അമ്പുകൾക്ക് പകരം ലേസർ നിയന്ത്രിത ബോംബുകൾ ഉപയോഗപ്പെട്ടാലും തങ്ങളുടെ ശത്രുക്കളെ ബാക്കിയുള്ളവരുടെ കീഴടങ്ങൽ വരെ കൊന്നൊടുക്കിക്കൊണ്ടിരിക്കുകയും. അവരെ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയുമാണ്.

യുദ്ധം ചെയ്യുന്നവർ തമ്മിൽ മാനസികമായി ഉണ്ടാക്കുന്ന അകൽച്ചയും ആധുനിക യുദ്ധോപകരണങ്ങളുടെ മാരകശേഷിയുടെ ഈ പ്രഭാവത്തെ ഇല്ലാതാക്കിയേക്കും. യുദ്ധത്തിലെ അസാധാരണ സാഹചര്യങ്ങൾ സാധാരണ വ്യക്തികൾ ക്രൂരതകൾ ചെയ്യുന്നതിന് കാരണമായേക്കും.



Thulasi .P
II nd Sem History

**ഒരു രാഷ്ട്രത്തിലെ നല്ല തലച്ചോറുകൾ ഒരു പക്ഷെ ക്ലാസ്മുറികളിലെ അവസാന ബെഞ്ചുകളിലായിരിക്കും.**



# കാലത്തിനപ്പുറം കലാം. . . .

ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നമെന്ന് നമ്മെ പഠിപ്പിച്ച ഡോ. എ.പി.ജെ. അബ്ദുൽ കലാം സ്വപ്നങ്ങൾ ബാക്കിവെച്ച് നമ്മെ പിരിഞ്ഞിരിക്കുന്നു. ഡോ.എ.പി.ജെ. അബ്ദുൾ കലാം എന്നറിയപ്പെടുന്ന അവുൽ പക്കീർ ജൈനുൽആബ്ദീൻ അബ്ദുൽ കലാം ഇന്ത്യയുടെ 11-ാമത് രാഷ്ട്രപതിയായിരുന്നു. (2002 - 2007) 1931 ഒക്ടോബർ 15-നു തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച അദ്ദേഹം പ്രഗൽഭനായ മിസൈൽ സാങ്കേതിക വിദ്യാവിദഗ്ധനും എഞ്ചിനിയറുമായിരുന്നു. തന്റെ ജനകീയ നയങ്ങളാൽ, "ജനങ്ങളുടെ രാഷ്ട്രപതി" എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 27-ന് സ്ഥാനമൊഴിഞ്ഞു. രാഷ്ട്രപതി സ്ഥാനത്തേക്ക് എത്തുന്നതിന് മുമ്പ് അദ്ദേഹം നിരവധി ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ബഹിരാകാശ ഗവേഷണ കേന്ദ്രം, പ്രതിരോധ ഗവേഷണ വികസന കേന്ദ്രം എന്നിവിടങ്ങളിൽ കലാം ഉദ്യോഗസ്ഥനായിരുന്നു. മിസൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് ഭാരതത്തിന്റെ മിസൈൽ മനുഷ്യൻ എന്ന് കലാമിനെ അനൗദ്യോഗികമായി വിശേഷിപ്പിക്കാറുണ്ട്. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ബാലിസ്റ്റിക് മിസൈലിന്റേയും, ലോഞ്ചിംഗ് വെഹിക്കിളിന്റേയും സാങ്കേതിക വിദ്യാ വികസനത്തിനും ഏകോപനത്തിനും എല്ലാം അബ്ദുൽ കലാം നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. പൊക്രാൻ ആണവായുധ പരീക്ഷണത്തിനു





1931 - 2015.....

പിന്നിൽ സാങ്കേതികമായും ഭരണപരമായും കലാം ഒരു സുപ്ര

ധാന പങ്കുവഹിച്ചിട്ടുണ്ട്. 2002-ൽ ലക്ഷ്മി സൈഗാളിനെ പരാജയപ്പെടുത്തിയാണ് കലാം ഇന്ത്യയുടെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഭാരത ജനതാ പാർട്ടിയും ഒരുപോലെ പിന്തുണച്ച ഒരു സ്ഥാനാർത്ഥിയായിരുന്നു അബ്ദുൾ കലാം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അഹമ്മദാബാദ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻഡോർ എന്നിവിടങ്ങളിൽ അദ്ധ്യാപകനും, തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയുടെ വൈസ് ചാൻസലറുമായിരുന്നു.

2020-ൽ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും ദർശനങ്ങളും ഇന്ത്യ 2020 എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചു. അദ്ദേഹം ഒരു സാങ്കേതിക വിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്ന ഒന്നാണ്.

ഒരു രാഷ്ട്രത്തിലെ നല്ല തലച്ചോറുകൾ ഒരു പക്ഷെ ക്ലാസ്മുറികളിലെ അവസാന ബെഞ്ചുകളിലായിരിക്കും. അദ്ദേഹത്തിന്റെ ഇ-മെയിലിൽ അദ്ദേഹമെന്നും സജീവമായിരുന്നു. (apj@abdulkalam.com) അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്ത് നടത്തുന്നുണ്ടായിരുന്നു.

സത്യസന്ധതയും, അച്ചടക്കവും എനിക്ക് എന്റെ മാതാപിതാക്കളിൽ നിന്നും ലഭിച്ചതാണ്. എന്നാൽ ശുഭാപ്തി വിശ്വാസവും, ദയാവായ്പും എനിക്കു കിട്ടിയത് എന്റെ മൂന്ന് സഹോദരന്മാരിൽ നിന്നും സഹോദരിയിൽ നിന്നുമാണ്....

**അഗ്നിച്ചിറകുകളിൽ നിന്നുമുള്ള വാചകം.**

ഹൈന്ദവ ക്ഷേത്രങ്ങൾക്ക് പേരുകേട്ട തമിഴ്നാട്ടിലെ രാമേശ്വരത്ത് ഒരു ഇടത്തരം മുസ്ലീം കുടുംബത്തിൽ 1931 ഒക്ടോബർ 15-ന് ജൈനുലാബ്ദീന്റേയും, ആഷിയമ്മയുടെയും ഇളയമകനായാണ് കലാം ജനിച്ചത്. നല്ല മതഭക്തിയുള്ള വിശ്വാസിയായിരുന്നു അദ്ദേഹത്തിന്റെ പിതാവ്, ധനുഷ്കോടി രാമേശ്വരം യാത്രക്കുള്ള ബോട്ടുകൾ വാടകയ്ക്ക് കൊടുക്കുന്ന തൊഴിലായിരുന്നു ചെയ്തിരുന്നത്. രാമേശ്വരത്തെ ഹൈന്ദവ മതനേതാക്കളുമായും സ്കൂൾ അധ്യാപകരുമായും മറ്റും അദ്ദേഹം ഊഷ്മളമായ സുഹൃത്ബന്ധം പുലർത്തുകയും ചെയ്തിരുന്നു. അബ്ദുൾ കലാമിന്റെ ബന്ധുവായിരുന്ന ഷംസുദ്ദീൻ പത്രവിതരണക്കാരനായിരുന്നു. രാമേശ്വരത്തു കൂടി സഞ്ചരിച്ചിരുന്ന ട്രെയിൻ അവിടെ നിറുത്താതിരുന്ന കാലത്ത് പത്രക്കെട്ടുകൾ വണ്ടിയിൽ നിന്നും പുറത്തേക്ക് കെട്ടുകളായി വലിച്ചെറിയുകയായിരുന്നു പതിവ്. ഈ കെട്ടുകൾ എടുത്തുകൂട്ടുന്നതിൽ അബ്ദുൾ കലാം ഷംസുദ്ദീനെ സഹായിച്ചു. ഈ സഹായത്തിന് ഷംസുദ്ദീൻ കലാമിന് ചെറിയ പാരിതോഷികം നൽകുമായിരുന്നു. ഇതായിരുന്നു തന്റെ ആദ്യത്തെ വേതനം എന്നു അദ്ദേഹം തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

രാമനാഥപുരത്തെ ഷെവാർട്സ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സ്കൂൾ വിദ്യാഭ്യാസക്കാലത്ത് കലാം ഒരു ശരാശരി വിദ്യാർത്ഥി മാത്രമായിരുന്നു. എങ്കിലും പുതിയ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി എത്ര കഠിനാദ്ധ്വാനം ചെയ്യാനും അദ്ദേഹം തയ്യാറായിരുന്നു. ഗണിതം ആയിരുന്നു അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം. രാമേശ്വരം സ്കൂളിൽ പ്രാഥമികപഠനം പൂർത്തിയാക്കിയശേഷം കലാം തിരുച്ചിറപ്പള്ളി സെന്റ് ജോസഫ് കോളേജിൽ നിന്നും ഭൗതികശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് സാഹിത്യത്തോടും കലാമിന് താൽപര്യമുണ്ടായിരുന്നു. എന്നാൽ ആകാശങ്ങളിൽ പറക്കുക എന്ന തന്റെ സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ ഭൗതികശാസ്ത്രപഠനം കൊണ്ടുമാത്രം കാര്യമായില്ല എന്ന് മനസ്സിലാക്കിയ കലാം, 1955-ൽ എയ്റോസ്പേസ് എഞ്ചിനീയറിംഗ് പഠിക്കുന്നതിനായി മദ്രാസിലേക്കു പോയി. അക്കാലത്തെ സാങ്കേതിക വിദ്യാപഠനത്തിൽ പ്രശസ്തമായ മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഉപരിപഠനത്തിനായി ചേർന്നു. വിമാനത്തിന്റെ സാങ്കേതിക വശങ്ങൾ മനസ്സിലാക്കുവാൻ കോളേജിൽ പ്രദർശിപ്പിച്ചിരുന്ന 2 വിമാനങ്ങളെ കലാം സൂക്ഷ്മതയോടെ ശ്രദ്ധിക്കുവാൻ തുടങ്ങി. ഒരു കൊല്ലത്തെ വിദ്യാഭ്യാസത്തിനു ശേഷം ഏതെങ്കിലും ഒരു വിഷയം ഐച്ഛികമായി എടുത്ത് പഠിക്കേണ്ടിയിരുന്നു. വ്യോമവിജ്ഞാനീയം എന്ന വിഷയമാണ് കലാം തിരഞ്ഞെടുത്തത്. 1958ൽ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിൽ ട്രെയിനിയായി ചേർന്നു. വിമാനങ്ങളുടെ പൈലറ്റാവാനായിരുന്നു കലാമിന് ആഗ്രഹം. വ്യോമസേനയുടെ പൈലറ്റ് പരീക്ഷയിൽ പരാജയപ്പെട്ടത് കലാമിനെ കുറച്ചൊന്നുമല്ല നിരാശനാക്കിയത്. 8 ഒഴിവുകളിലേക്കുള്ള ഇന്റർവ്യൂവിൽ കലാമിന്റെ സ്ഥാനം 9-ാമത്. 1763-64 കാലത്ത് യു.എസിലെ നാഷണൽ എയ്റോനോട്ടിക്സ്, ആൻഡ്

സ്പേസ് അഡ്മിനിസ്ട്രേഷനിൽ പഠിതാവായിരുന്നു. 1960 -ൽ ബിരുദം നേടിയ ശേഷം, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ ഡെവലപ്മെന്റ് ആന്റ് പ്രൊഡക്ഷൻ എന്ന സ്ഥാപനത്തിൽ ശാസ്ത്രജ്ഞനായി കലാം ജോലിക്കു ചേർന്നു. ഇന്ത്യൻ സൈന്യത്തിനു വേണ്ടി ഒരു സൂപ്പർസോണിക്ക് ടാർജറ്റ് എയർക്രാഫ്റ്റ് നിർമ്മിക്കുക എന്നതായിരുന്നു ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ കലാമിന്റെ ആദ്യ ദൗത്യം.

എച്ച്.എ.എല്ലിൽ സാങ്കേതികവിദ്യ വികസിപ്പിച്ച് ഹോവർ ക്രാഫ്റ്റ് പണിയാൻ കലാമിനെ ഏൽപ്പിച്ചു. ദിവസവും 18 മണിക്കൂർ ജോലിചെയ്ത് 'നന്ദി' മിഷൻ അദ്ദേഹം പൂർത്തിയാക്കി. സാങ്കേതികമായി 'നന്ദി' വിജയിച്ചെങ്കിലും, സാമ്പത്തിക കാരണങ്ങളാൽ പദ്ധതി നിർത്തിവെച്ചു. ഇന്നും കലാമിനെ ഒരുപാട് വേദനിപ്പിച്ച സംഭവങ്ങളിലൊന്നാണിത്.

1963 നവംബർ ഒന്നാം തീയതി കലാമിന്റെ നൈക് -അപാഷെ ധൂമപടലങ്ങളുമായി തുമ്പയിൽ നിന്നും കുതിച്ചു. 1969-ൽ കലാം ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനിൽ നിയമിതനായി. 1980-ൽ എസ്.എൽ.വി-3 രോഹിണി എന്ന കൃത്രിമോപഗ്രഹത്തെ അദ്ദേഹം ഭ്രമണപഥത്തിലെത്തിച്ചു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പ്രത്യേക താല്പര്യപ്രകാരം ഇന്ത്യക്ക് വേണ്ടി ഒരു ബാലസ്റ്റിക്ക് മിസൈൽ നിർമ്മിക്കുക എന്നതായിരുന്നു കലാമിനു ചെയ്യേണ്ടുന്നതായ പുതിയ ദൗത്യം.

2002 - ജൂൺ 10-ന് അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനതാപാർട്ടിയുടെ നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യസഖ്യം പ്രതിപക്ഷ പാർട്ടിയായിരുന്ന കോൺഗ്രസ്സിനോട് തങ്ങൾ രാഷ്ട്രപതി സ്ഥാനത്തേക്ക് കലാമിനെ പിന്തുണക്കാൻ പോകുന്ന കാര്യം ഔദ്യോഗികമായി അറിയിച്ചു. കലാം ഇന്ത്യയുടെ 11-മത് രാഷ്ട്രപതിയായി മാറി. ഭാരതരത്ന പുരസ്കാരം ലഭിക്കുന്ന 3-മത്തെ രാഷ്ട്രപതി എന്ന ബഹുമതി കൂടി കലാമിനുണ്ട്.

ഭാരതത്തിന്റെ ഭാവിതലമുറയെ വാർത്തെടുക്കേണ്ട കുട്ടികളുമായി നിരന്തരമായി സംവദിക്കാനും, സല്ലപിക്കുവാനും, കലാം സമയം കണ്ടെത്തിയിരുന്നു. കുട്ടികൾ അദ്ദേഹത്തെ 'ചാച്ചാ കലാം' എന്നു വിളിക്കുമായിരുന്നു.

2020-ൽ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കാനുള്ള ഒരു പദ്ധതി കലാം സ്വപ്നം കണ്ടിരുന്നു. "വിഷൻ 2020"എന്ന തന്റെ പുസ്തകത്തിലൂടെ ഈ ചിന്തകൾ അദ്ദേഹം ഭാരതത്തിലെ ജനങ്ങളുമായി പങ്കുവെക്കുകയും ചെയ്തു. രാഷ്ട്രപതി സ്ഥാനത്തു നിന്നും വിരമിച്ച ശേഷം തിരുവനന്തപുരത്തുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തിന്റെ ചാൻസലറായി കലാം സേവനമനുഷ്ഠിച്ചു വരികയായിരുന്നു. അവിവാഹിതനായ ആദ്യത്തെ ഇന്ത്യൻ രാഷ്ട്രപതിയായിരുന്നു കലാം. "അസാധാരണ വ്യക്തിത്വമുള്ള സാധാരണക്കാരൻ" എന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി അബ്ദുൽ കലാമിനെ വിശേഷിപ്പിച്ചത്. അദ്ദേഹത്തിന്റെ മരണത്തിനു കൃത്യം 10 വർഷം മുമ്പ് കേരള നിയമസഭയിൽ കലാം 2005 ജൂലൈ 28-ന് സന്ദർശിച്ചിരുന്നു.

മുപ്പതോളം സർവ്വകലാശാലകളിൽ നിന്നും അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. മാത്രമല്ല ഭാരത സർക്കാർ രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതികൾ നൽകിയും ഡോ.കലാമിനെ ആദരിച്ചിരുന്നു. 1981 -ൽ പദ്മഭൂഷൺ, 1990-ൽ പത്മവിഭൂഷൺ, 1997-ൽ ഭാരതരത്നം എന്നീ ബഹുമതികളാണ് അദ്ദേഹത്തിന് ലഭിച്ചിട്ടുള്ളത്. ഇന്ത്യയുടെ രാഷ്ട്രപതി പദവിയിലെത്തുന്ന രാഷ്ട്രീയക്കാരനല്ലാത്ത രണ്ടാമത്തെ വ്യക്തിയും അദ്ദേഹമാണ്. യുദ്ധവിമാനത്തിൽ യാത്രചെയ്ത ഇന്ത്യൻ സർവ്വ സൈന്യാധിപൻ, അസംബ്ലി തിരഞ്ഞെടുപ്പിൽ വോട്ടുചെയ്ത ആദ്യ പ്രസിഡന്റ് എന്നീ വിശേഷണങ്ങളും അദ്ദേഹത്തിന് മാത്രം സ്വന്തമാണ്.

കഷ്ടപ്പാടുകളും ദുരന്തങ്ങളുമുണ്ടാകുമ്പോൾ മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന ആളാണ് യഥാർത്ഥ നേതാവ്. വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ്, എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്. ഭാവിതലമുറയുടെ ഉന്നതനേട്ടങ്ങൾക്ക് വേണ്ടി സന്ദേശങ്ങൾ നൽകികൊണ്ട് ജനങ്ങളുടെ രാഷ്ട്രപതിയായ കലാം 2015 ജൂലൈ 27-ന് കാലത്തിനപ്പുറം യാത്രയായി.



Salman .E.K
IV th Sem BBA

# ദിവ്യ പ്രണയം

എൻ ദിവ്യമാം പ്രണയമൈതാ-
നത്ത് വിരിഞ്ഞ ചെമ്പനീർപൂവ്
കലാലയ വരാന്തയിൽ ആദ്യം കണ്ടു
അതെ വരാന്തയിൽ പിന്നെയും തിരഞ്ഞു.
മറഞ്ഞുപോയ് എന്ന് നിനച്ചപ്പോൾ
വീണ്ടുമതാ മുന്നിൽ തെളിഞ്ഞു ആ മുഖം.

മിന്നാമിനുങ്ങുപോൽ മിന്നുന്ന അവളെ
കണ്ടു ഞാൻ സ്തംഭിച്ചുപോയ് !!!
കാവ്യമനോഹരം അവളുടെ രൂപം
എൻ മനസ്സിൽ.....
വിരിഞ്ഞു നിന്ന ചെമ്പനീർപോലെ
മായാതെ ഇന്നും എന്നും ആ
ത്രിപുര സുന്ദരിയുണ്ട് എൻ മനസ്സിൽ
ഒരുപക്ഷെ മരണം വരെയും. . .

നൈമിഷികമാം ഈ ജീവിതത്തിൽ
ഞാൻ അവളെ കൊതിച്ചുപ്പോയി. . .
കാലനാം കാറ്റെന്നെ മാടിവിളിച്ചപ്പോൾ
കോകദേവം തോൽക്കും ആ മുഖം
ഒന്നു കാണുവാൻ കൊതിച്ചു പോയി. . .

ഒരു നോക്കിനായ് ഞാൻ അവളെ
തിരഞ്ഞു നടന്നു. . . .
അങ്ങനെ അവസാനം ഉരുക്ക്
പാളത്തിൽ ഓടുന്ന ഇരുമ്പ്
കൂട്ടിലും ഞാൻ അവളെ തിരഞ്ഞു.
അപ്പോഴതാ അങ്ങ് ദൂരെ പ്രകൃതി-
യുടെ ഇളംതെന്നൽ ആസ്വദിച്ചു
കൊണ്ടവൾ. . . !!!




അവസാനം ഒരുനോക്ക് കണ്ടെന്ന-
ആത്മസംതൃപ്തിയാൽ ഞാൻ എന്റെ
ശരീരം ഇരുമ്പ് ചക്രങ്ങൾക്ക് ബലി
കൊടുത്തു. . .
സ്വർഗമാം പൂവാടിയിൽ ഒന്നിക്കൂ-
മെന്ന തീർച്ചയിൽ. . . !!!
ശിഥിലമാം എൻ ശരീരം അവൾ
ഒന്നു നോക്കി. . .
പിന്നെ തല തിരിച്ചു. . . !!!
എൻ ആത്മാവ് ചിന്തിച്ചു. . .
ഇതാണോ എന്റെ ദിവ്യപ്രണയം
എനിക്കു കിട്ടിയതോ തുച്ഛമായ
ഒരു നോട്ടം മാത്രം !!!



Nitha .P
II nd Sem Eng

# വെളിച്ചം



നന്മ വാഴുന്ന ഭൂമിയിൽ
ഇന്നെന്റെ ദൈവം
മാതാപിതാഗുരുവല്ലോ. . .
ആദ്യക്ഷരം കുറിപ്പിച്ച –
ഗുരുവിനെ മറക്കുമോ. . .
പിച്ചവെച്ചു നടത്തിച്ച അച്ഛനെ മറക്കുമോ . . .
അമ്മയെന്നൊരു രണ്ട് അക്ഷരമാം –
പുണ്യരൂപിണി അല്ലോ. . .
നമ്മേ ലോകം കാണിച്ചു തന്നത്.
തെറ്റും ശരിയും നാം ഇന്ന് അറിയുന്നത്
മാതാപിതാ ഗുരു കാരുണ്യമല്ലോ. . .
മറക്കുമോ നമ്മൾ അവരെ
നമ്മുടെ ജീവിതത്തിൽ നിന്ന്
അറുത്തു മുറിച്ച് മാറ്റുമോ. . .
അരുത്. . . . അരുത് . . .
അവിവേകമാകരുത്. . . .
ദൈവം ഉണ്ടെങ്കിലേ
നമ്മൾ ഉള്ളതെന്ന് ഓർക്കുക.. . .
മാതാപിതാ ഗുരു ആകുന്ന
ദൈവ ചൈതന്യത്തെ
നമ്മിൽ നിന്ന് അകറ്റരുത് . . .





# കേരള സംസ്ക്കൃതിയിലേയ്ക്ക് ഒരു എത്തിനോട്ടം

കാലത്തിന്റെ അനുസ്യൂത പ്രവാഹത്തിലും പഴയമയോടൊപ്പം പുതുമയെയും സ്വാംശീകരിച്ചവരാണ് വള്ളുവനാട്ടുകാർ. പ്രൗഢമായ കാർഷിക സംസ്കൃതിയുടെ സ്മരണകളാണ് വള്ളുവനാട്ടിലെ കാവുത്സവങ്ങൾക്ക് കൈ വന്നിട്ടുള്ളത്. നിളയും കുന്തിപുഴയും നിറഞ്ഞൊഴുകി സംപുഷ്ടമാക്കിയ വിളനിലങ്ങളും നൂറു മേനിയ്ക്ക് നിറവൊത്ത കതിർ കുലകളും വള്ളുവനാടിന് അന്യമാണെങ്കിലും കാർഷിക സംസ്കൃതിയുടെ ശേഷിപ്പുകളായ വള്ളുവനാടൻ വേലകൾക്ക് ആളും അർത്ഥവും ഏറുന്നു. കാർഷിക സംസ്കൃതിയിൽ നിന്ന് പിറവികൊണ്ട് ഐതീഹ്യ പെരുമയും അനുഷ്ഠാന കർമ്മങ്ങളാൽ മറ്റു ക്ഷേത്രോൽത്സവങ്ങളിൽ നിന്ന് വേറിട്ട സ്ഥാനവും ആണ് വള്ളുവനാട്ടിലെ കാളവേലകൾക്കുള്ളത് . ഇവിടുത്തെ കീഴ്‌വഴക്കങ്ങളും തെറ്റാറില്ല. മകരകൊയ്ത്ത് കഴിഞ്ഞ് അടുത്ത വിളയിറക്കലിന് മുൻപായി കിട്ടുന്ന കാർഷിക ഇടവേളയാണ് വള്ളുവനാടൻ കാവുകൾക്ക് ഉത്സവക്കാലം . പുതുവർഷം പിറവിയിൽ വിത്തിറക്കുന്ന കർഷകന്റെ സ്വപ്നങ്ങളാണ് ദേവിക്ക് മുന്നിൽ പകുത്തു വെയ്ക്കുന്നത്.

തനതായ കാർഷിക സംസ്കൃതിയുടെ സ്മരണകൾ നെഞ്ചേറ്റി ദേശ കൂട്ടായ്മയിൽ , ആർപ്പുവിളികളും വാദ്യഘോഷങ്ങളുമായി വർണ്ണപ്പൊലിമയോടെ പൊയ്കാളകൾ വന്നെത്തുമ്പോൾ പേരും പെരുമയും വാനോളമുയർന്ന മുളയൻകാവ് കാളവേല , വള്ളുവനാടിന്റെ വേലകളുടെ വേലയാവുന്നു. കുലുക്കല്ലൂർ, നെല്ലായ, ചളവറ,വല്ലപ്പുഴ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്ന അതിവിശാലമായ തട്ടകത്തിന് അധിപയാണ് മുളയൻ കാവിലമ്മ. മേടമാസ ഉത്സവങ്ങൾക്ക് പരിസമാപ്തി കുറിച്ചുകൊണ്ട് നടത്തുന്ന വലിയ കാളവേലയും പൂരവും വള്ളുവനാട്ടിൽ തന്നെ പ്രസിദ്ധമാണ്.

### തട്ടകത്തിന്റെ കാളപ്പെരുമ

പഴയ വള്ളുവനാട്ടിലെ പ്രസിദ്ധമായ ഭഗവതി ക്ഷേത്രങ്ങളിൽ ഒന്നായി ശ്രീ .മുളയൻകാവ് , കൊപ്പം- പേങ്ങാട്ടിരി റോഡിൽ കുലുക്കല്ലൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. അനുഷ്ഠാനങ്ങൾക്കും കീഴ്‌വഴക്കങ്ങളും വളരെ പ്രാധാന്യമുള്ള മുളയൻകാവ് പൂരം

പുതുവർഷാരംഭത്തിൽ ഒരു മാസം നീണ്ടു നിൽക്കുന്ന ആഘോഷങ്ങളുടെ പരിസമാപ്തി കുറിക്കുന്നു. പഴയ വള്ളുവനാട്ടിലെ അവസാനത്തെ പൂരമെന്നൊരു സ്ഥാനവും ഇതിനുണ്ട് . ഇടവ സംക്രമത്തെ അടിസ്ഥാനമാക്കിയാണ് ഇവിടെ പൂരം വരുന്നത്. അതുക്കൊണ്ടു തന്നെ അവസാനത്തെ പൂരം തൂതപൂരമാകാറുണ്ട്.

മേടമാസം മുഴുവൻ നീണ്ടു നിൽക്കുന്നതാണ് മുളയൻ കാവിലെ ആഘോഷങ്ങൾ . 1 –ാം തീയതി കൊട്ടിപുറപ്പാടാണ്. ഭഗവതി 2 **km** തെക്കുള്ള ചെറുകോട് മഹാദേവപന്തൽ ക്ഷേത്രത്തിലേയ്ക്ക് പോകുന്നുവെന്നാണ് സങ്കൽപ്പം. മഹാദേവപന്തൽ ക്ഷേത്രത്തിലെ ശിവൻ ഭഗവതിയുടെ ഭർത്താവാണെന്നാണ് വിശ്വാസം. പിന്നീട് പൂരാഘോഷങ്ങളിൽ പങ്കുക്കൊള്ളാൻ ഭർത്താവിനൊപ്പം 5 –ാം തീയതി കച്ചയും പുടവയും (ഉടുവസ്ത്രം) ആയി തിരിച്ചെത്തും എന്നാണ് വെപ്പ്. 5 –ാം തീയതി ചെറുകോട് നിന്ന് കച്ചക്കൊണ്ടു വരുന്ന സമ്പ്രദായമുണ്ട് . ഈ കച്ചയാണ് 5 –ാം തീയതി മുതൽ പൂരം വരെ ക്ഷേത്രത്തിൽ നടത്തുന്ന തോൽപ്പാവകൂത്തിന് തിരശ്ശീലയായി ഉപയോഗിക്കുന്നത്.

4 –ാം തീയതി നടക്കുന്ന കരിവേല ഭഗവതിയുടെയും സാമൂഹികബോധത്തിന്റയും പല മാനങ്ങൾ സൃഷ്ടിക്കുന്നു. ശരീരം മുഴുവൻ കരിയിൽ കുളിച്ച് പ്രായവ്യത്യാസവും സ്ഥാനമാനവും നോക്കാതെ കർഷക തൊഴിലാളികളുടെ നാടൻ പാട്ടുകൾ പാടിയാണ് വേലക്കാർ കാവിലെത്തുന്നത്. അപൂർവ്വമായിട്ടുള്ള തുല്യതയും കൂട്ടായ്മയും ആണ് ഇതിന്റെ സാമൂഹിക മൂല്യം. വസ്ത്രാലങ്കാരങ്ങളിലെ ദുരഭിമാനത്തിന് അവധി കൊടുക്കുന്ന ദിവസം കൂടിയാണ് കരിവേല . പഴമക്കാരുടെ കാഴ്ച്ചപ്പാടിന്റെ ചുട്ടവൈക്കോൽ കരിലേപനം ചർമ്മരോഗ നിവാരണത്തിനുതകുമത്രെ. ഐതിഹ്യവും, ആചാരങ്ങളും , അനുഷ്ടാനങ്ങളും , അവകാശങ്ങളും , അംഗീകാരങ്ങളും പാരമ്പര്യത്തിൽ നിന്നും ഇവിടെ പരിപാലിക്കപ്പെടുന്നു വെന്നത് അണുവിട ഈ കാവിന്റെ മാത്രം പ്രത്യേകതയാണ്. തട്ടകത്തിന്റെ ശില്പമഹിമ വിളിച്ചോതി ദേശകാളകളും സാങ്കേതിക പരിജ്ഞാനങ്ങളും കലാനൈപുണ്യവും കോർത്തിണക്കിയ ഇണ കാളകളും കാവിലിറങ്ങുന്നതോടെ ഓരോ പൂരസ്നേഹികളുടെയും മനസിൽ ആഘോഷത്തിന്റെയും ആഹ്ലാദത്തിന്റെയും പെരുമ്പറ മുഴക്കം കേട്ടുതുടങ്ങും .



## കാവുകയറുന്ന ശില്പചാരുത

മകരകൊയ്ത്ത് കഴിഞ്ഞ് അറയും പത്തായവും നിറഞ്ഞ് കഴിഞ്ഞാൽ പിന്നെ വള്ളുവനാട് പൂര ലഹരിയിലാണ്. കാർഷികാഭിവൃദ്ധിക്കും കന്നുകാലികളുടെ ക്ഷേമത്തിനും വേണ്ടി കാളകോലം ഉണ്ടാക്കി ഭഗവതി ക്ഷേത്രങ്ങളിൽ കൊണ്ടു വന്നത് എഴുന്നള്ളിക്കുന്ന ഒരു സമ്പ്രദായം ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ഒരു വഴിപാടായി അവർണ്ണ ജാതിക്കാരായ പറയർ, പുലയർ എന്നിവരെ കൊണ്ട് ഇത് നടത്തിക്കൊണ്ടുപോന്നിരുന്നത് . പിന്നീട് കാളകെട്ടുന്നത് ഒരു ഉത്സവത്തിന്റെ ഒരു ഭാഗമായി മാറി. കെട്ടിലും മട്ടിലും ഔചിത്യം പുലർത്തി എണ്ണത്തിലും വർണ്ണത്തിലും ഗാംഭീര്യം പുലർത്തുന്നവയാണ് മുളയൻ കാവിലെ കാളകൂറ്റന്മാർ.

ആദ്യ കാലങ്ങളിൽ പ്ലാവ് , പാല ,മുതലായ മരങ്ങളിലാണ് കാളതലയും കൊമ്പുകളും പണി തുടങ്ങിയിരുന്നത്. കൊമ്പ്, ചെവി, കണ്ണ്, മൂക്ക്, എന്നിവയും പല്ല് പുറത്ത് കാണത്തക്ക വിധത്തിലും ഒരു പ്രതീകാത്മാക ശൈലിയിലാണ് കാളത്തല നിർമ്മിച്ച് പോന്നിരുന്നത്. ഇത്തരം തലകൾ ഉത്സവദിവസം അരിമാവുക്കൊണ്ട് വെള്ളപൂശി, ചെങ്ങൽ, കരി എന്നിവ അരച്ചുണ്ടാക്കിയ ചായ കൂട്ടുകൾ കൊണ്ട് മുളയുടെ പച്ച ഇല്ലിത്തണ്ട് ചതച്ച് ബ്രഷ് രൂപത്തിലാക്കി നെറ്റിയിൽ ചന്ദ്രക്കല, കൊമ്പത്ത് കെട്ട് , മൂക്ക്, വായ എന്നിവയ്ക്ക് രൂപം കൊടുക്കുന്നു.

തേക്കുമരത്തിലോ മുളയിലോ ചുമന്നുകൊണ്ട് പോകത്തക വണ്ണം നിർമ്മിച്ച ചട്ടത്തിൽ മേൽ കൈകാലുകൾ, തല , കഴുത്തിൽ കുറ്റി എന്നിവ ഉറപ്പിച്ച് അവയ്ക്ക് ചുറ്റും മുളയിലെ കൊണ്ട് എല്ലിൻ കൂട്ടുകൾ നിർമ്മിച്ച് വൈക്കോൽ കൊണ്ട് പൊതിഞ്ഞ് കുടപ്പനകളുടെ കുരുത്തോലകളാൽ വലിഞ്ഞു മുറുക്കുന്നു.

രൂപഭംഗി വരുത്തിയ ഉടലിന്റെ കഴുത്തിൽ നേരത്തെ തയ്യാറാക്കിയ തല വെയ്ക്കുന്നു. പിന്നീട് വെളുത്തേടത്ത് നായർ

അലക്കിക്കൊണ്ട് വരുന്ന മാറ്റ്. (വെള്ളത്തുണി) കൊണ്ട് ഉടൽ പൊതിഞ്ഞ് കാരമുള്ള്കൊണ്ട് കുത്തി ഉറപ്പിക്കുന്നു. തുടർന്ന് കവുങ്ങിൻ പട്ടയോ ഈന്തൻപട്ടയോ വായ പൃഷ്ട രൂപത്തിലാക്കി കുത്തി നിർത്തുന്നു. വാഴയുടെ പോളകൊണ്ട് കൊളംമ്പ് നിർമ്മിക്കുന്നു. അങ്ങനെ പ്രകൃതിയിൽ നിന്നും കൈയ്യെത്താവുന്ന ദൂരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച് കാളകോലത്തിന്റെ കഴുത്തിൽ അരളിപ്പൂവ്, എരുക്കിൻ പൂവ്, എരത്തിപൂവ് എന്നിവ കൊണ്ട് കൊരുത്ത മാലകളാൽ അലങ്കരിച്ച് എഴുന്നള്ളിപ്പിന് തയ്യാറാക്കുന്നു.

കാലത്തിനനുസരിച്ച് പിന്നീട് കാളകളുടെ കോലങ്ങളിലും വ്യത്യാസം കണ്ടു തുടങ്ങി. രാത്രി കാല ഉത്സവങ്ങൾക്ക് കൂടുതൽ നിറപകിട്ടേകാൻ കലാപരമായി വിവിധ വർണ്ണത്തിലുള്ള ഇലക്ട്രിക് ബൾബുകളും എൽ.ഇ. ഡി ബൾബുകളും മാലബൾബുകളും ഉപയോഗിച്ച് ദീപാലങ്കാരം തീർക്കുന്നു. ഇലക്ട്രോണിക്സിന്റെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കണ്ണുചിമ്മി തുറക്കുകയും ചെവിയാട്ടുക, വാപൊളിച്ച് നാവ് നീട്ടുക, തലയാട്ടുക, മൂത്രമൊഴിക്കുക തുടങ്ങിയ വിദ്യകൾ കൂടി ഉപയോഗിച്ച് ഉത്സവപ്രേമികളുടെ ഹരം നേടിക്കൊണ്ടിരിക്കുകയാണ് മുളയൻ കാവിലെ കാളകൾ. മാറുന്ന മനസ്സിന്റെ താളത്തിനനുസരിച്ച് കാളശില്പ നിർമ്മാണത്തിൽ ഇനിയും മാറ്റങ്ങൾ പ്രതീക്ഷിക്കാം.

നിഴലുകളിലൂടെ ........

മേടമാസരാവുകളെ മാറ്റുള്ളതാക്കി മാറ്റാൻ മുളയൻ കാവ് ഭഗവതി ക്ഷേത്രത്തിലെ കൂത്തുമാടവും വേലസമയത്ത് സജീവമാകാറുണ്ട്. 2 പേർ തമ്മിലുള്ള സംഭാഷണ രൂപത്തലാണ് കൂത്തിന്റെ അധികഭാഗവും അവതരിപ്പിക്കുന്നത് . അതിൽ തന്നെ കൂത്തുകവി (കമ്പരാമായണത്തിലെ പാട്ടുകൾ) കൂട്ടായി പാടുകയും സംഭാഷണം ഒരാൾ പറയുമ്പോൾ മറ്റെയാൾ നീട്ടി മൂളുകയും ചെയ്യുന്ന രീതിയാണ് ഇതിന്റേത് . ഈ സമയത്ത് പറകെട്ടുന്നവരും മറ്റുള്ളവരും വിശ്രമിക്കും , കൂത്തിന്റെ പശ്ചാത്തലം ആദ്യമായി പറകെട്ടാന്നവരും മാടത്തിന്റെ ചുമതലക്കാരുമായ പണിക്കാരമ്മാരും അടങ്ങുന്ന നാലഞ്ചുപേരടങ്ങുന്ന സംഘം ഉണ്ടാകും.

കഴിഞ്ഞ അര നൂറ്റാണ്ടിലധികമായി കൂത്തുമാടത്തിലെ സജീവസാനിദ്ധ്യമായിരുന്നു ശ്രീ ഉപ്പത്ത് നാരായണൻ. മുളയൻങ്കാവുകാരനായി നാടാകെ ഒരു കൂത്തുകലാകാരൻ ഉണ്ടായത് ശ്രീ . മാധവൻ നായരിലൂടെയാണ്.

കൂത്തുമാടത്തിലെ സമൃദ്ധി പോയ് മറഞ്ഞ് മറുപാവപിടിച്ച് മര്യാദയ്ക്ക് മൂളാൻ പോലും ആളില്ലാത്ത് അവസ്ഥയിലേക്ക് എത്തിയെങ്കിലും ഭഗവതി അല്ലാതെ കേൾക്കാൻ ആരുമില്ലാത്ത ശുദ്ധമായ ഒരു ആസ്വാദക തലമാണ് മുന്നിൽ ഉള്ളതെങ്കിലും അവിടുത്തെ ചടങ്ങുകൾക്ക് കാര്യമായ മാറ്റമൊന്നും ഇപ്പോഴും സംഭവിച്ചിട്ടില്ല എന്നത് ഇന്നും നമുക്ക് അഭിമാനാർഹമാണ്.

മകരകൊയ്ത്തിന്റെ ആരവങ്ങൾ ഇല്ലാതെ നെൽപാടങ്ങളും, നിറപറയുടെ പൊലിമയില്ലാത്ത പത്തായപുരകളും കേരളത്തിന്റെ നഷ്ടസ്വപ്നങ്ങൾക്ക് നിറം പകരുമ്പോൾ , സുഷുപ്തിയിൽ ആണ്ടുപോയ മഹത്തായ ഒരു ഭൂതക്കാലത്തിന്റെ സ്മരണകൾ അയവിറക്കി വള്ളുവനാട്ടുകാർ കാത്തിരിക്കുകയാണ് കൊയ്ത്തുപാട്ടിന്റെ ഈരടികൾക്കായ്........... ...........













Aiswarya .A.V
II nd Sem B.com

# വിരൽത്തുമ്പ് പിടിച്ച്

ഈ നിലാതാഴ്വരയിൽ തേടുന്നു
ഞാനെൻ ഹൃദയത്തിൽ കണ്ണാടി
താണ്ടി നടന്ന നാളുകൾ പിന്നിട്ട
സ്വപ്നങ്ങൾ ഇന്നെന്നാത്മാവിൻ
വിതുമ്പലായവ നിൽക്കവേ തിരയുന്നു
ഞാനെന്നെ ഓർക്കുന്നെൻ ബാല്യം
തോരാമഴയിൽ അമ്മ തൻ മാറിലണഞ്ഞ്
അമ്പിളിമാമനെ കണ്ടതും പിന്നെ
അമ്മ തൻ വിരലിൻ തുമ്പെ പിടിച്ച്
പിച്ച പിച്ച വെച്ചതും ആദ്യമായ
ക്ഷരംവെളിച്ചം നുകർന്നതുമെല്ലാം
മിന്നോർമകളായി മാറവേ
പാടവരമ്പിൽ പാമ്പിനെ കണ്ടും
വീട്ടുവളപ്പിൽ ഇടിമിന്നൽ കേട്ടും
മഴവില്ലിൻ നിറങ്ങളിലറിയാതെ
മുഴുകിയും മുല്ലപ്പൂവിൻ വാസം മണത്തും
പണിതു ഞാനെൻ കളിമുറ്റം
ഓർക്കുന്നു ഞാനിന്നലെകൾ
ഇന്നെൻ ഹൃത്തിൽ വേദനയായവ
നിൽക്കവേ ഏകാകിയായ് ഞാൻ
നീറുന്നു തേടുന്നു ഞാനെൻ
ഓർമകൾ പിന്നിട്ട നിമിഷങ്ങൾ
തിരികെ വരില്ലെന്നറികിലും
കാലമേ ഞാൻ കേഴുന്നു, ചോദിപ്പൂ
ഞാനെൻ ഹൃദ്യ നിമിഷങ്ങൾ
വീണ്ടും വീണ്ടും ഒരിക്കൽകൂടി......





Nivin Gopal .K
II nd Sem B.com B



# ഗുരുശ്രേഷ്ഠം

ഒട്ടും മറക്കാത്തൊരോർമ്മയായ്
എനിക്കാദ്യാക്ഷരം കുറിച്ചൊരാ
ഗുരുശ്രേഷ്ഠതൻ മുഖം
ഒളിവിളക്കായെന്റെയുള്ളിൽ
പ്രഭവിടർത്തിടുന്നു നിത്യവും
വഴിവിളക്കായന്ധകാരം മായ്ച്ചിടുന്നു
അമ്മയെന്നുരുവിട്ട വാക്കുകൾ
അക്ഷരക്കൂട്ടമായ്
എൻവിരൽ പിടിച്ചെഴുതിച്ച-
സ്നേഹനിധിയായിരുന്നവർ
സ്നേഹിച്ചു കൊണ്ടെന്നെ
സ്നേഹം പഠിപ്പിച്ചു തന്നവർ
ഉച്ചയുറക്കത്തിനാ മടിത്തട്ടുതന്നവർ
എൻ അമ്മയെപ്പോലവെ
ഓർക്കുന്നു ഞാനെന്റെ കുറവുകൾ കുസൃതികൾ
ഒട്ടും പരിഭവിച്ചിടാതെന്നെ തിരുത്തിടുന്നവർ
ഗുരുവാണെനിക്കവർ അമ്മയായ് പലപ്പോഴും
സ്നേഹിച്ചുകൊണ്ടെന്നെ സ്നേഹം പഠിപ്പിച്ചുതന്നവർ
അക്ഷരവെളിച്ചം തന്നന്ധകാരം മായ്ച്ചെന്നെ
ഞാനാക്കിയോരെൻ ഗുരുനാഥയാം നിലാവെട്ടമെ
നിൻ പാദാംബുജം നമിക്കുന്നേൻ





Athira
VI th Sem Eng



**സത്യത്തിൽ ഈ ജീവിതം ഇതെന്തേതു മാത്രമാണോ?! ആയിരുന്നെങ്കിൽ ഇതിന്റെ കടിഞ്ഞാണും എന്റെ കൈകളിൽ ആവുമായിരുന്നില്ലേ?! സാരഥി നയിക്കുന്ന വഴികളിലൂടെ പോകുന്ന വെറുമൊരു പാർത്ഥനല്ലേ ഞാൻ?!**

# ഇരുട്ടും ഞാനും

ഇരുട്ട് എന്നും ഒറ്റക്കിരിക്കാൻ ആഗ്രഹിക്കുന്നവർക്കൊരു അനുഗ്രഹമാണ്. ആ കറുപ്പിന്റെ ലഹരിയിൽ അലിയിച്ചു കളയുന്ന സങ്കടങ്ങൾ ആരുടെയും കണ്ണുകൾ ഒപ്പിയെടുക്കാറില്ല. ഒറ്റക്കിരുന്നൊന്നു കരയാനും പ്രതീക്ഷയറ്റ ജീവന്റെ പങ്കലാപ്പുകൾ പങ്കുവയ്ക്കാനും ഇരുട്ടിനോളം പോന്നൊരു കൂട്ട് വേറെയില്ല. എന്റെ ജീവിതത്തിൽ പകലുകൾ ബാക്കിവെച്ച യാഥാർത്ഥ്യങ്ങളുടെ വിഴുപ്പുകളങ്ങനെ ആ അന്ധകാരത്തിന്റെ കുത്തൊഴുക്കിൽ ഞാൻ അലക്കികളഞ്ഞു. ഉറക്കം മറന്ന കണ്ണുകൾ ഇന്നും ഇരുട്ടിന്റെ ആഴങ്ങളിലേക്ക് വലിച്ചെറിഞ്ഞ ഇന്നലകളെ തിരഞ്ഞു. മറക്കാൻ ശ്രമിക്കുന്നതിനെ വീണ്ടും വീണ്ടും ഓർമ്മകളിൽ വിളിച്ചു വരുത്തി സ്വയം വ്രണപ്പെടുന്ന മനുഷ്യനായി പിന്നെ എന്റെ വിധിയേയും. സത്യത്തിൽ ഈ ജീവിതം ഇതെന്തേതു മാത്രമാണോ?! ആയിരുന്നെങ്കിൽ ഇതിന്റെ കടിഞ്ഞാണും എന്റെ കൈകളിൽ ആവുമായിരുന്നില്ലേ?! സാരഥി നയിക്കുന്ന വഴികളിലൂടെ പോകുന്ന വെറുമൊരു പാർത്ഥനല്ലേ ഞാൻ?! എന്റെ ജീവിതം ഇത്വെറുമൊരു തോൽപ്പാവക്കൂത്തല്ലോ ആരോ രചിച്ച കഥയുടെ ശീലുകൾക്കനുസരിച്ച് കാലത്തിന്റെയും വിധിയുടെയും നിയന്ത്രണത്തിൽ നടത്തുന്ന ആട്ടത്തെ ജീവിതമെന്നു വിളിക്കുന്നു. ഈ ആട്ടത്തിൽ പാവയ്ക്കെന്തു പ്രധാന്യം?! എന്റെ ജീവിതത്തിൽ എനിക്കെന്തു പ്രധാന്യം. സ്നേഹം എന്തെന്ന് ഓതി തന്നവർ തന്നെ സ്നേഹത്തിന് വിലപറഞ്ഞപ്പോൾമുപ്പത് വെള്ളിക്കാശിന് ഞാനെന്റെ പ്രണയത്തെ പണയം വെച്ചു. ആ അർത്ഥത്തിൽ ഞാനീ കഥയിലെ യൂദാസാണ്. പക്ഷേ വൈരുദ്ധ്യമെന്തെന്നാൽ മനുഷ്യവംശത്തിന്റെ പാപക്കറ കഴുകികളയാൻ ക്രൂശിക്കപ്പെട്ട ക്രിസ്തുവും ഞാൻ തന്നെ അവനും ദൈവപുത്രൻ ഒരർത്ഥത്തിൽ ഞാനും പക്ഷേ ഈ കുരിശുമരണം ഞാൻ വരിക്കുന്നത് മനുഷ്യജന്മത്തിന്റെ പാപക്കറയിൽ വെള്ള പുതയ്ക്കാനല്ല, മറിച്ച് മനുഷ്യനായി പിറന്നതിന്റെ പുകച്ചിൽ അകററാനാണ്. മരണം ഒരർത്ഥത്തിൽ ജീവിതത്തിന്റെ എരിയുന്ന കനലുകളിലൂടെയുള്ള യാത്രയേക്കാൾ മരണത്തിന്റെ അന്ധകാരമല്ലേ എന്നെ ത്രസിപ്പിക്കുന്നത് ആ ഇരുട്ടിനുവേണ്ടിയല്ലേ ഞാൻ വെളിച്ചത്തെ അകറ്റി നിർത്തുന്നത്. അതുകൊണ്ടായിരിക്കുമോ ഓർമ്മകളെ വളഞ്ഞുമാറ്റി ഞാൻ ഇരുട്ടിൽ ലയിക്കാനാഗ്രഹിക്കുന്നത്. മരണത്തെ പുണരാൻ ആവേശം കൊള്ളുന്നത് രാവിന്റെ ഈ കറുപ്പിന് പകൽവരേ ആയുസ്സുള്ളൂ. പകലിന്റെ വെളിച്ചത്തിൽ വീണ്ടും എന്റെ മുറിവുകൾ പ്രത്യക്ഷമാകും, പക്ഷേ മരണത്തിന്റെ മൂടുപടം എന്നെ എല്ലാ വേദനകളിൽ നിന്നും സംരക്ഷിക്കും. അവിടെ എനിക്കു കൽപ്പിച്ച ആ ആറടി മണ്ണിന്റെ ഇരുട്ടറയിൽ ഞാൻ സുരക്ഷിതനാണ്. എനിക്കു വഴിതെളിക്കാൻ സാരഥിയില്ല, ഓർമ്മയുടെ പൊള്ളുന്ന പന്തങ്ങൾ തെളിക്കുന്ന യാഥാർത്ഥ്യങ്ങളില്ല. സ്നേഹത്തിന് വിലപേശുന്ന സ്നേഹബന്ധങ്ങളില്ല. അവിടെ എനിക്കു കൂട്ടായി അന്ധകാരത്തിന്റെ ആഴങ്ങൾ മാത്രം. അതെ ഇരുട്ടും ഞാനും മാത്രം.



Naziya Sulthana
VI th Sem Maths

# वर्तमान शिक्षा प्रणाली में परिवर्तन आवश्यक है या नहीं !

'शिक्षा !' शिक्षा सुनते हि हम सब के मन में अलग सा एक जोश भर आता है। वह यूही नहीं आता। इसकी वजह हैं उसमें आए हुए प्रगतीकरण, बदलाव, जो किसी के भी आत्मा से झकझोर कर रख दे। आज के इस बडते युग में शिक्षा का एहमियत बहुत बड़ा है। जैसे कि हम सब जानते हैं कि संसार में जो कोई भी नव आविष्कारों हो रही है, यह सब शिक्षा की ही बदोलत है। इसे न कोई रोड़ पास है न कोई रोड सकता है।

मनुष्य के जीवन में शिक्षा एक पात्र निभाता है। मनुष्य का अस्तित्व हा उसपर टिका है। आज हर एक व्यक्ति शिक्षा पाकर पूर्ण हो रहा है। यही एक मुख्य कारण है जो आदमी और जानवर में अंतर रखता है। मनुष्य शिक्षा प्राप्त करके उसके व्यवहार मे सामुहिक नीवन के साथ दाल लेता है, परन्तू जानवर इन सब से अंजान है। इसलिए वे अपूर्ण व्यवहार करते हैं।

एक मरहूर कहावत है "एक सिक्के के दो पहलू" जो इस वक्त बहुत हि उचित है। कारण वह है कि एक सिक्के में दो अलग-अलग भाग होता है। उसी तरह शिक्षा के प्रणाली में भी दो भाग है। शिक्षा हमारे जीवन में सब कुछ है। उसी के कारण लोग, आज अस्तित्व हर एक सुविधाओं की भखूबी लाभ उठा पा रहे है। लड़का और लड़की दोनों आज कंधे से कंधे मिलाए चल रहे हैं। मुबैल-फोन, कंप्यूटर, राकेट आदि सभी वस्तुवों, शिक्षा की प्रगती से हि हुआ है। विज्ञान इतना उन्नति पर पहुँच चुका है कि राजस्थान जैस रेगिस्तानों में भी, जहाँ एक बूँद पानी तक केलिए तरसना पड़ता था, वहाँ आज पानी आसानी से सुलभ है। और यहीं नहीं, विदेशों में बेठे अपने परिवार के साथ भी हम सीधे आमने सामने रखकर बात कर सकते हैं। (वेब कामरा) लेकिन जैसे कि मैंने पहले व्यक्त किया कि हर चीज़ था फिर हर एक जीव वस्तु में अच्छाई भी है और बुराई भी है। उसी तरह शिक्षा में भी, यानी उसकी प्रगती में भी लाभ भी है और हानी बी।

शिक्षा, या विज्ञान, जिसके कारण मुबैल फोन जैसे उपकरण का आविष्कार हूआ है उसमे हमारे लिए अच्छाई के साथ-साथ बुराई भी ट ूट-टूट कर पड़ा है। आन मनुष्य इस विज्ञान का नाजायस फायदा उठा रहे हैं। गलत ज्ञान हासिल कर रहे हैं, अपने दिमाग का बोम्ब जैसे विस्पोट उपकरण बवाकर नष्ट कर रहे हैं। इस सबको रोकने का एक ही मार्ग है, वह है हमारी सोच, जो हमे सही तोर पर प्रयोग करना चाहिए है।

आन, जब हम शिक्षा के विभागे के बारें में चर्चा किया जाए तो हम देख सकते है कि हर एक बच्चा डॉक्टर या इंजिनियर बनना चाहता है। इन सब के मव में एक कैसा विष मोल चुका है कि इन दोनों विभागों के अतिरिक्त दूसरा कुछ नहीं। सभी लोग उसके पीछे भागे जा रहे है। वास्तव में क्या वह बानते नहीं है कि इन इसके अलावा भी दुनिया में कई प्रकार के मेखबाएँ है निस में प्रवेश करके वे ऊँचाइयों के शिखर पर चल सकने है। क्यों, सिर्फ बच्चे हि वहीं उनके माता-पिता तक यहीं चाहते है कि उनके या तो डॉक्टरी पढाई में जाए या इंजिनियरिंग में। यदि उनके बच्चों में उतनी क्षमता न हो तो भी उन्हें मजबूरण उस मेखला में ढकेल दिया जाता है। यह आज की शिक्षा की स्थिति है।

जहाँ देखो, सरकार ने लाखों कालेज बनवाए है। उसमें कई भरे है तो कई बिलकुल खाली है। इसकी वजह आज की शिक्षा की और बनाए हुए अजीवों-गरीब नियम है। जिसके पास यदि दिमाग न हो फिर भी यदि उसके पास धव होतो वह कैसे भी उन बडे प्रोफेषनल कालेजों में दाखिला पा लेता है। यदि कोई बच्चे को अच्छे संख्या भी हो तो वह अपने अर्थिक स्थिति के काराज पीछे रह जाता है। आज कल यह अन्याय ज्यादतर जगहों में चला रहा है। इसे सरकार तक नहीं रोक पाई है। लेकिन शिक्षा केंन्द्र जैसे अई.अई.टी.एम्स आदि के बदोलत से आज के युवक शिक्षा प्राप्त करके संपूर्ण तन रहे है। क्योंकि बहाँ उन्हीं बच्चों का दाखिला होपाता है जिसके पास अपने बलबूते पर कमाए सबसे ऊँचे अंक हो। वहाँ अन्य कालेजों की तरह धन, जो अधिकतर लोग सोचते है कि वही सब कुछ है, कोई काम नहीं आता। काम आता है तो सिर्फ खूद की नई .सोच, हुनर आदी। जिन्होंने भी ऐसी शिक्षा केंन्द्र ववाया है उनके हम सब आङारी है। यदी यह नहीं होता तो आन हमारा देश इतना प्रगती नहीं कर पाता।

इसलिए, वर्तमान शिक्षा प्रणाली में कुछ हद तक परिवर्तन अनिवार्य है। पहले तो हर एक बच्चे को अपनी क्षमता के अनुसार उसके भविष्य को चूनने का अधिकार होना चाहिए। वहाँ किसी का भि अन्य दबाव नहीं हुआ चाहिए। दूसरा जो सबसे एहम है, वह है पैसा या धन। यह कभी भी शिक्षा के बीच नहीं आना चाहिए। अमीरों के अलावा गरीबों को भी शिक्षा पाने का अवसर बनाकर देना चाहिए। उनके लिए कई तरह की स्कलरशिजें उपलब्द किया जाना चाहिए। यदि किसीं भी छात्र में क्षमता है, या उसमें उतवी हुनर है तो अवश्य उसे किसी भी झंझाल से सींच कर शिक्षा में और ले आना चाहिए। तभी हमारा संसार सभी खूभियों से सशक्त हो पाएंगा।



Mintu Sebastian
VI th Sem Eng



# अपरिचित

"सुमन की कहाँ हो यार ....। मुझे दफ्तर जाने के लिए देर हो रहा है।" हमेशा को तरह राधव बाबु ने चिल्लाना शुरु कर किया था।

"हाँ... जी... हम अव्या आ रहे है। आप इतना शोर मत करो ना। पड़ोसी लोग सुनेंगे तो क्या सोचोंगे हमारे बारे में कि हमारे पास अपके लिए बिलकुल भी वक्त नहीं हैं. हैं ना?" सुमन रसोई से बाहर आते हुए कहा।

"तो क्या हुआ? हर दिन भी तो पडोसी - लोग यह सुनते है ना, इसमें इतनी नई बात क्या है? अब ये सब छोड दो। जलदी से नाश्ता लगा दो, वर्ण हमारी गाडी छुट जाऐगा।"

रोज़ के तमाशे के बाद राघव बाबु घर से जिकल पडा। चाहे जितना भी लेड उन्हें इतना तो ज़रूर पता था कि वे और उनकी पत्नी एक-दूसरे से बहुत प्यार करते है, और यही सच है। चलते-चलते वे रेलवे स्टेशन पहुँच गया था, जहाँ पर उनके जानेवाली रेलगाडी पहले से ही आ चुका था। रो जलदी जाकर एक कंपार्टमेंट में बैठ गया, जिसमें बी हर दिन में बैठता है। उसके बाद राघव बाबु चारों और देखने लगा गए, एक ऐसा चेहरा टूँटने की कोशिश में, वे पहले कभी नहीं देखा हो। आस-पास बैठे हुए हर एक आदमी मैं वो किसी को ढूँढ रहे थे, लेकिन किसका वो और उनकी पत्नी जानते थे।

सात साल पहले हुआ एक – शदसा ने उनकी और सुमन की पूरा जिंदगी हो बदला दिया था। दोनों शादा के बाद, एक बच्चे का, उनका जीवन में आने का इंतजार में था। उनकी सारी खुशियाँ एक बच्चे से जुडी हुई थी। एसे कहाँ सालों का इंतजार के बाद वो लमन आ गया, जिससे उन्हें ईश्वर का सबसे बड़ा बरदान मिला। उन दोनों का एक बेटा हुआ, जिसका नाम उन्होंने 'अरविद' रखा। वो पल्प ऐसा था कि, उन्हें जिंदगी में और कुछ भी नहीं चाहिए था। लेकिन कहते है ना, उनके खुशी पर किसी की नज़र लग गई, शायद भगवान खूद उनसे ईर्षया करने लगा गया। उनका बेटा चार साल की उम्र में कही खीके गया राघव बाबु और सुमन के साथ मंदिर में उत्सव मनाने चला था अरविंद लेकिन भीड़ के कारण, उन्हें अपने इकलाते बेटे का त्याग देना पड़ा।

सोचते - सोचते राघव बाबु महरी नींद में चली गडी थी। लेकिन फिर भी उनके आँखों से आँसु लिकल रहे थे। किसी की देखने से पहले ही उन्होंने आँसुओं की पीछ दिया। जैसे पर दिन करते हैं। वो 'हतो' कहकर उसे भगाता था। लेकिन एक ऐसी घटना हुई था जिसमें हम बच्चे ने उनका मदद किया। एक दिन ऐसे स्टेशन से निकलते वक्त राघव बाबु का बाँग किसी चोर उठाकर भाग गया। लेकिन इस बच्चे ने उस चोर को पकडकर उनका ने उस चोर को पकडकर उनका बाँग वापस दिलवाया था। लेकिन उसके बाद भी राघव बाबु उस याचक की कोई भी दया दिखाने केलिए तैयार नहीं था।

उस दिन जब राघव ने उस बच्चे के और देखा तो पता चला कि पुलीस, उसका कर रहा था। किसी यात्री ने उसके ऊपर चोरों का इलज़ाम लगाया से लहकर कि, उसने उनका बाँग चोरी किया। पुलीस लाख कोशिशों के बाद भी बच्चे ने ऐसा कहा।

"मैं सच कह रहा हूँ साब। मैंने चोरों नहीं किया है। किया तो किसने किया? अब सच बोलो, वरना मैं तुम्हें....." पुलीस फिर से उसे धमका देने लगा।

अचानक राघव बाबु को वहाँ पर देखलिया और पुलीस से

कहा, "आपको शेका है तो इनसे पूछ लीजिए। मैंने इनका चोरी किया हुआ बाँग इन्हें वापस दिलवाला था। तो मैं किसी और का बाँग क्यों चोरी करूँगा? पूछिए...।"

फिर पुलीस ने राघव के पास आकर उनसे पूछा। "क्या ये सच कह रहा है? इसने तुम्हारा मदद किया।

लेकिन उनके दिया मैं एक आखिरी उम्मदि बचा था क्यों कि अरविंद के हाथ में एक ऐसा 'निशान' था, जो जन्म से ही हुआ था। एक ऐसा निशान, जो शायद राघव बाबू को उनके बेटे को बूँनने में मदद करें। उसका जन्म का वक्त डाक्टर में कहा था कि, उस निशान का उसकी हाथों से मितना नामुमकिन है। ऐसे निशान हर किसी के तन में नहीं होता, जैसे उसके हाथ में था। इसी उन्माद को लेकर राघव बाबु और सुमन जो रही था कि एक दिन ऐसा ज़रूर आएगा। जब उन्हें उनका बेट ा ज़रूर मिलेगा। इसलिए, आते-आते हर लोगों के हाथ में राघव बाबु देखता था, उस निशान के लिए। हर परिचित और अपरिचित चेहरे मैं उनके बेटे को ढूँढता था।

बाते हुए कला के बारे में सोचते-सोचते उन्हें पता भी नहीं चल गया था कि उनको उतरने का स्टेशन आ गया था। वो अपना बाँग लेकर रेल गाडी से उतर गया।

रेलवे स्टेशन में हर दिन राघव बाबु एक सखि माँगने बच्चे को देखता था। जो देखने में बुरा, अजीब और गंदा लगता था, उनहें उस बच्चे को कुछ देना तो दूर उसके तरह देखने से ही संकोध था। उनके लिए वो बच्चा इस दुनिया के सबसे अजांब नज़र आता था। जब भी तो राघव बाबु के सामने कुछ लेने के लिए अपना बर्तन रखता हूँ तो था क्या?" एक पल के लिए राघव बाबु को से समझ नहीं आया कि क्या कहें; फिर उन्होंने कहा -

"नहीं ये झूठ बोल रहा है। इसने मेरा कोई मदद नहीं की जहाँ तक मैं इसे जानता भी नहीं। ये मेरेलिए एक 'अपरिचित' है, और कुछ नहीं।"

ये सुनते ही पुलीस इस बच्चे को वहाँ से खींचकर ले गया। वो आँसू भरी आँखों से राघव बाबु का और अपने आँसु पूछने केलिए अपना हाथ उठाया और उस हाथ में एक निशान था, जो राघव बाबु ट ूँट रहे थे, लेकिन उन्होंने नहीं देखा।

ऐसे अपने ही परिचित बेटे को उन्होंने 'अपरिचित' कहकर मूँह मोड़ दिया।



II nd Sem BA His



# Role of Media in Democracy

Democracy is at the same time a form of government and a way of life. Abraham Lincoln defined Democracy as the government of the people, for the people and by the people. It is a system in which the sovereignty lies in the hands of the people as their elected representatives rule and run the country.

Article 19-22 of our constitution give to the citizens the Right to Freedom as one of the Fundamental Rights. The right to freedom of expression enshrined the rein gives the media not only a primary role but also a paramount responsibility of expressing public opinion throughwritten words. The media has been made the essential instrument for ensuring openness in society in an attempt to polish, develop and civilize it by the process of analysis, discussion and synthesis. The role of media in a democracy assumes even greater significance when we recognize the fact that in a society where an overwhelming majority of people are silent listeners or spectators access to a forum that constantly reaches others has to be viewed as a trust on their behalf for their progress and prosperity.

The power of the media has been recognized for many countries. This is evident from the fact that there have been to control it since the British rule in India.

The first Indian newspaper-Hickey's Bengal "Gazette" published in 1781 was banned by Warren Hastings. Fearing that the press may present his intrigues to the public, the Governor General imposed governmentcensorship on Indian papers which continued strictly till 1835 when Lord Mercalf brought in some liberations Democracy is so much in love with free media, that it does not forgive any attempt to control or curb it. The print media has covered a long distance since the period of publication of periodicaljournals and newspapers with the help of modern sophisticated technology based electronic media. But the role media since inception till date has been the same. I.e. to expose the throes of contemporary period and its systems. The media is the mirror of society in a democratic country as it acts as a vital link between the governing and the governed. As a matter of fact, a bold me, a bold media is the most important pre-requisite of a country is the most important pre-requisite of a country with a democratic setup. Its importance is not altered with the fact whether the country



is developed or developing.

People elect their representatives in a democracy, who make policies for a balanced socio-economic growth of the country. They also implement varies policies for the benefit of the country. It is only through media that people came to know about the programs of different political parties so that the candidates who are best suited to rule the country are elected.

The book, journals, magazines, newspapers etc. come within the ambit of print media. As it enjoys a large leadership, the impact it creates has wide ramifications on the thoughts, views and actions of public as well as the authorities. In each period there are books which are banned for some reasons like James Joyce's Ulysses, Rushdie's Satanic Verses and Taslima's Shyness. The authorities have to be conscious that thewriter, carried away his or her emotional veins, may not hurt the sentiments of some sections of the people. Some bans are for political reasons also. It can be said that while a writer has external compulsions, he also has the duty to depict the true picture of contemporary society including its seamy side. The press is slightly honored asthe fourth estate in a democracy.

With the development of science and technology there have been valuable additions in the range of media.The electronic media which encompass radio, TV, Internet, e-mail, videos, audios, pictures, stage shows, and typescript seem to havetaken the centrestage because of its spicy presentation. It also has the resources of reaching every nook and corner of the globe and to cover the extra ordinary events and inauguration. The professionals connected with this media like photographers, journalists have to put their lives at stake at one time or other.

The importance of media in a democracy can't be exaggerated. It has immense power to influence the minds of the people. As such, it has to shoulder the responsibility of presenting what is necessary and enable the people to sift the essence from the material. As an instrument of social change, economic progress and moral development it should upload certain values and principles.


Varsha Krishna
II nd Sem Maths

# നിർവികാര യന്ത്രം



മണ്ണുമാന്തുന്ന യന്ത്രമെൻ വീടിന്റെ–
മുറ്റത്തെ തണലിനെ കവർന്നെടുത്തു.
ആ കൂർത്ത നഖങ്ങളെൻ മാതാവിൻ–
നെഞ്ചിലെ ചുടുചോരയൂറ്റി കുടിച്ചു നിന്നൂ
വാ പിളർന്നായന്ത്രം നിൽക്കുന്നിതാ–
യെന്റെ സർവസ്വവും കീഴടക്കുവാനായ്
ഇവിടെയിരുന്നു ഞാൻ കേൾക്കുന്നുവെൻ
മാതാവിൻ രോദനഗാനം.
ഇവിടെയിരുന്നു ഞാൻ കാണുന്നു ആ–
തണലുകൾ തൻ ദുഃഖബാഷ്പം.
പച്ചയാം കുന്നിന്റെ മേനിയിൽ നിന്നുടെ–
മൂർച്ചയാം വിരലുകൾ താണിറങ്ങി
നീളെ പരന്നൊരാ നെന്മണിതമ്പുകൾ
ശിരസ്സറ്റു ഭൂമിയിൽ വീണുപോയി
കളകളമൊഴുകുന്ന പൂഞ്ചോലയരുവികൾ
എവിടെക്കെന്നറിയാതെ മാഞ്ഞുപോയി
കുടുകളെവിടെന്നു തിരയുന്ന പക്ഷികൾ
കാടുകളെവിടെന്നു പരതുന്ന ജീവികൾ.
ഇന്നെന്റെ മുന്നിലെ സാക്ഷികളാണവർ–
നിൻ ദുഷ്കരങ്ങൾ തൻ ഇരകളാണിവർ
ഇന്നെന്റെ കാതിൽ മുഴങ്ങുന്ന നിലവിളികൾ
കണ്ണിൽ നിറയുന്നൊരന്ധകാരം
അറിയുന്നിതില്ലയോ നീയെന്റെ അമ്മയെ
കേൾക്കുന്നിതില്ലയോ ആ പ്രാണവേദന
എങ്ങനെയറിഞ്ഞീടാൻ..
നീ വെറുമൊരു നിർവികാരിയാം യന്ത്രം.
നിന്നെ ചലിപ്പിച്ച ആ ഇരുൾ കൈകൾ
അറിയുന്നു ഞാനെന്റെ കൂടപ്പിറപ്പിനെ,
കൂടപ്പിറപ്പേ... നീയൊന്നറിഞ്ഞീടുക,
ഇവനെ മുൻനിർത്തി നീ,
വെട്ടികുഴിച്ചോരോ കുഴികളും അതു
നാളെ നിന്നുടെ മാത്രം ശവക്കുഴികൾ
നാളെയതു നിന്നുടെ മാത്രം ശവക്കുഴികൾ.



# PICK ARTO




Sreelakshmi .V, IV[th] Sem BA Eco




Salman .E.K, IV[th] Sem BBA



Anagha Priya, IInd Sem B.com CA



Sayana .P, IVth Sem BA Eco



Akhin .C, IInd Sem B.com Fin



Souparnika .K .P, IInd Sem B.com B



Gokul .P.K, Ist Sem BA Eng



Thulasi .P, IInd Sem BA His



Akshay Prakash
IV th Sem B.com A



# പ്രിയപ്പെട്ട അധ്യാപകന്

